# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ




Vol. LXXV May 2025 No. 5 ഉയിർപ്പുകാലം



മെയ് 2 ന് മേൽപ്പട്ടശുശ്രൂഷയുടെ
21 വർഷങ്ങൾ പൂർത്തിയാക്കുന്ന അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്
രൂപതാകുടുംബത്തിന്റെ
**പ്രാർത്ഥനാശംസകൾ!**







പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ
നിര്യാണത്തിൽ പാലാ കത്തീഡ്രൽ പള്ളിയിൽ ചേർന്ന
അനുസ്മരണപ്രാർത്ഥനയിൽനിന്ന്.





അഭിവന്ദ്യ മാർ ജോസഫ്
പള്ളിക്കാപറമ്പിൽ പിതാവ്
ഏപ്രിൽ 10 ന് 99–ാം ജന്മദിനം
99 സൺഡേസ്കൂൾ
കുട്ടികൾക്കൊപ്പം ബിഷപ്സ്
ഹൗസിൽ കേക്ക് മുറിച്ച്
ആഘോഷിക്കുന്നു.



മ്ശംശാനപട്ടം സ്വീകരിച്ച പാലാ രൂപത വൈദികാർത്ഥികൾ
അഭിവന്ദ്യ പിതാക്കന്മാരോടും സഹകാർമികരോടുമൊപ്പം






**സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ക്യാമ്പ് 'Meraki 25' യുടെ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദേശം നൽകി.**





**കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ നടന്ന ദൈവവിളി ക്യാമ്പ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദർശിച്ചപ്പോൾ**







പാലാ രൂപത മദ്യവിരുദ്ധസമിതിയുടെ നേതൃത്വത്തിൽ ഊർജിത ലഹരിവിരുദ്ധമുന്നേറ്റത്തിനു തുടക്കംകുറിച്ചു നടന്ന SAY NO TO DRUGS ക്യാമ്പയിൻ പാലാ ളാലം പുത്തൻപള്ളിയിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.





നവീകരിച്ച മാതൃഭവന്റെ വെഞ്ചരിപ്പുകർമ്മം അഭിവന്ദ്യ മാർ ജോസഫ് കല്ലങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**MAY 2025**
**Vol. LXXV No. 5**

# CONTENTS

സർക്കുലർ ........................................................................ 287

സർക്കുലർ ........................................................................ 294

ലേഖനം ........................................................................... 301

വൈദികരുടെ ശ്രദ്ധയ്ക്ക് ........................................................ 312

അറിയിപ്പ് .......................................................................... 315

Transfers & Appointments ..................................... 318

വാർത്തകൾ ...................................................................... 319

അഭിവന്ദ്യപിതാവിന്റെ ഡയറി .............................................. 349

No.: 4100/K-5/KCBC/OL/DS 16.04.2025

## കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ മെയ്ദിനസന്ദേശം - 2025

# ജൂബിലിവർഷം:

## "പ്രത്യാശ നമ്മെ നിരാശപ്പെടുത്തുന്നില്ല" (റോമ 5:5)

ഈശോയിൽ പ്രിയപ്പെട്ട തൊഴിലാളിസഹോദരങ്ങളേ,

എല്ലാവർക്കും തൊഴിലാളിദിനത്തിന്റെയും തൊഴിലാളിയായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാളിന്റെയും ആശംസകൾ പ്രാർത്ഥനാപൂർവം നേരുന്നു.

1) ആഗോള തിരുസ്സഭ ജൂബിലിവർഷാചരണത്തിന്റെ നിറവിലാണ്. "പ്രത്യാശയുടെ തീർത്ഥാടകർ" എന്നതാണ് ജൂബിലിവർഷത്തിന്റെ പരിചിന്തനവിഷയം. ജൂബിലിയുടെ ഭാഗമായി 2025 മെയ് 1 മുതൽ 4 വരെയുള്ള ദിവസങ്ങളിൽ റോമിൽവെച്ച് തൊഴിലാളികളുടെ ജൂബിലിവർഷം പ്രത്യേകമായി ആചരിക്കപ്പെടുകയാണ്. "ഒത്തൊരുമ, പങ്കാളിത്തം, പ്രേഷിതത്വം" എന്നീ ആശയങ്ങളെ ആധാരമാക്കി 2021 മുതൽ 2024 വരെ നീണ്ടുനിന്ന സിനഡൽ സഭയ്ക്കായുള്ള മെത്രാൻ സിനഡ് സമാപിച്ചത് ഇക്കഴിഞ്ഞ ഒക്ടോബർ മാസത്തിലാണ്. സിനഡൽ തീരുമാനങ്ങൾ എല്ലാത്തലങ്ങളിലും നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണ് തിരുസ്സഭ. ഈ രണ്ടു മഹാസംഭവങ്ങളുടെ സവിശേഷപശ്ചാത്തലത്തിലാണ് ഈ വർഷത്തെ തൊഴിലാളിദിനം ആചരിക്കുന്നത്. വിവിധ തലങ്ങളിൽ തൊഴിലാളികളുടെ ഒത്തുചേരലുകൾക്കുള്ള വേദികളും സംവിധാനങ്ങളും രൂപപ്പെടുത്താനും തിരുസ്സഭയുടെ സാമൂഹികശുശ്രൂഷയിൽ തൊഴിലാളികൾക്കു കൂടുതൽ പങ്കാളിത്തം നല്കി, യേശുവിന്റെ പ്രേഷിതരായി രൂപപ്പെടുത്താനും അവരെ പ്രത്യാശാനിർഭരരാക്കി മുന്നോട്ടു നയിക്കാനും ഈ വർഷത്തെ തൊഴിലാളിദിനാചാരണം നമ്മെ പ്രചോദിപ്പിക്കുന്നു.

2) അമേരിക്കയിലെ ചിക്കാഗോയിൽ, പ്രതിദിനതൊഴിൽസമയം എട്ടുമണിക്കൂറായി നിജപ്പെടുത്തുന്നതിനായി തൊഴിലാളികൾ നടത്തിയ സംഘടിതമുന്നേറ്റത്തിന്റെ ഓർമ്മപുതുക്കൽ എന്ന നിലയിലാണ് അന്താരാഷ്ട്ര തൊഴിലാളിദിനമായി മെയ് 1 ആചരിക്കാൻ തുടങ്ങിയത്. പിന്നീട് ഇതര തൊഴിലവകാശ ങ്ങൾക്കുംവേണ്ടി തൊഴിലാളികൾ നടത്തിയ വലിയ സംഘടിത പോരാട്ടത്തിന്റെ ചരിത്രം ഓർമ്മിക്കുന്നതിനും, അതോടൊപ്പം സമൂഹത്തിനു തൊഴിലാളികൾ നല്കിവരുന്ന സംഭാവനകളെ ആദരിക്കുന്നതിനുംകൂടിയാണ് അന്താരാഷ്ട്ര തൊഴിലാളിദിനം ആചരിക്കുന്നത്. മെയ്ദിനത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടാണ് പരിശുദ്ധ പീയൂസ് പന്ത്രണ്ടാമൻ പാപ്പ 1955-ൽ മേയ് 1 തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായിക്കൂടി പ്രഖ്യാപിച്ചത്. ഇന്ന് തൊഴിലാളികളുടെ അവകാ ശങ്ങളുടെയും ഐക്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പ്രതീകമാണ് മെയ് 1.

3) ഇന്ത്യയിലെ തൊഴിൽശക്തിയുടെ എണ്ണം 59 കോടിയെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇവരിൽ അമ്പത്തിയഞ്ചര കോടിയി ലധികം (94 ശതമാനം) പേരും അസംഘടിത തൊഴിലാളിക ളാണ്. അന്താരാഷ്ട്ര തൊഴിൽസംഘടനയുടെ മാർഗരേഖ പ്രകാരം തൊഴിലെടുക്കുന്ന എല്ലാവർക്കും അന്തസ്സുള്ള തൊഴിൽ ലഭിക്കേണ്ടതായുണ്ട്. ന്യായമായ വേതനം, തൊഴിൽ സംരക്ഷണം, സാമൂഹികസുരക്ഷ, നിയമപരിരക്ഷ എന്നിവ യാണ് അന്തസ്സുള്ള തൊഴിലിന്റെ അടിസ്ഥാനഘടകങ്ങൾ. അന്തസ്സുള്ള തൊഴിൽ ലഭിക്കാത്ത തൊഴിലാളിവിഭാഗത്തെയാണ് അസംഘടിതതൊഴിലാളികൾ അഥവാ അനൗപചാരികതൊഴി ലാളികൾ എന്നു വിളിക്കുന്നത്. ഇന്ത്യൻ തൊഴിൽശക്തിയിലെ 46 ശതമാനത്തിലധികം പേരും കാർഷികമേഖലയിലാണു തൊഴിലെടുക്കുന്നത്. അഞ്ച് ഏക്കറിൽ താഴെ കൃഷിഭൂമി സ്വന്ത മായിട്ടുള്ള നാമമാത്ര-ചെറുകിടകർഷകരെയും അസംഘടിത തൊഴിലാളിവിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇന്ത്യയിലെ അസംഘടിത തൊഴിലാളികളിലെ വലിയ വിഭാഗം കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം എന്നിവ ഉൾപ്പെട്ട പ്രാഥമികമേഖലയിലാണ് ജീവനോപാധി കണ്ടെത്തുന്നത്. ഏതാണ്ട് നൂറ്റിയിരുപത്തഞ്ചോളം വിഭാഗം തൊഴിലാളികളെ അസംഘടിതതൊഴിലാളികളായി കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ, കെട്ടിടനിർമ്മാണത്തൊഴിലാളികൾ, ഗാർഹികത്തൊഴിലാളികൾ, വാണിജ്യകേന്ദ്രങ്ങളിലെ ജീവനക്കാർ, വാഹനത്തൊഴിലാളികൾ, കുടിയേറ്റത്തൊഴിലാളികൾ, സ്വയംതൊഴിൽ കണ്ടെത്തുന്നവർ തുടങ്ങിയവർ ഈ ലിസ്റ്റിലെ പ്രധാന വിഭാഗമാണ്. യൂബർ, സൊമാറ്റോ തുടങ്ങിയ മേഖലകളിൽ തൊഴിലെടുക്കുന്ന ജിഗ് തൊഴിലാളികൾ/പ്ലാറ്റ് ഫോം തൊഴിലാളികൾ എന്ന പുതിയ വിഭാഗം തൊഴിലാളികളെയും അസംഘടിതവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4) വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യമാണ് ഇന്ത്യ എന്നത് അഭിമാനകരമാണ്. രാജ്യത്തിന്റെ വളർച്ചയെ സംബന്ധിച്ച് അന്താരാഷ്ട്രതലങ്ങളിലുള്ള പല റിപ്പോർട്ടുകളിലും അഭിനന്ദനങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട്. 2025 ഫെബ്രുവരി മാസത്തിൽ International Monitary Fund (IMF) പ്രസിദ്ധീകരിച്ചതനുസരിച്ച് ലോകത്തിലെ ഏറ്റവും വലിയ സമ്പദ്‌വ്യവസ്ഥയിൽ അഞ്ചാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. യു.കെ., ഫ്രാൻസ്, ഇറ്റലി, കാനഡ തുടങ്ങിയ രാഷ്ട്രങ്ങൾ ഇന്ത്യയെക്കാൾ പിന്നിലാണ്. 2024 ലെ യു.എൻ.ഡി.പി. റിപ്പോർട്ടനുസരിച്ച് ലോകത്താകമാനം 110 കോടി ദരിദ്രരാണുള്ളത്. അതിൽ 23.4 കോടി ദരിദ്രർ വസിക്കുന്നത് ഇന്ത്യയിലാണ്. അതായത്, ലോകത്തിൽ ഏറ്റവും കൂടുതൽ ദരിദ്രർ നിവസിക്കുന്ന രാഷ്ട്രം ഇന്ത്യയാണ്. രാഷ്ട്രം കൈവരിക്കുന്ന നേട്ടങ്ങൾ താഴെത്തട്ടിലേക്ക് ആനുപാതികമായി വിനിമയം ചെയ്യപ്പെടുന്നില്ല എന്നതാണ് ഇന്ത്യ അഭിമുഖീകരിക്കുന്ന വലിയ പ്രശ്നം. ഇതിന്റെ മുഖ്യകാരണമായി സാമ്പത്തികവിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത് ഇന്ത്യൻ തൊഴിൽശക്തിയിലുള്ള അസംഘടിതാവസ്ഥയാണ്. അസം

ഘടിതതൊഴിലാളികളാണ് ഇന്ത്യയിലെ ദരിദ്രർ. തൊഴിൽ ലഭ്യതക്കുറവ്, കുറഞ്ഞ വേതനം, സാമൂഹികസുരക്ഷയില്ലായ്മ, സമഗ്രമായ നിയമപരിരക്ഷയില്ലായ്മ എന്നിവയാണ് അസംഘടിതതൊഴിലാളികളെ കൂടുതൽ ദാരിദ്ര്യത്തിലേക്കു തള്ളിവിടുന്നത്. അസംഘടിതതൊഴിലാളികളുടെ വരുമാനം ഉയർത്തുവാൻ ഏറെ സഹായകരമായ മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതിക്കും ഇതര സാമൂഹികസുരക്ഷാപദ്ധതികൾക്കും മതിയായ വകയിരുത്തൽ ഇല്ലാതെപോകുന്നതും ഇന്ത്യൻദാരിദ്ര്യ നിർമാർജനപ്രവർത്തനങ്ങളുടെ കാര്യക്ഷമത കുറച്ചിട്ടുണ്ട്. പദ്ധതികളും പ്രഖ്യാപനങ്ങളും ധാരാളം ഉണ്ടെങ്കിലും കാര്യക്ഷമമായി നടപ്പാക്കപ്പെടുന്നില്ല എന്നതാണ് യാഥാർഥ്യം. അർഹമായത് നിഷേധിക്കുകയും പ്രതിഷേധങ്ങളെ അവഗണിക്കുകയും ചെയ്യുന്ന സമീപനമാണ് സർക്കാരുകൾ സ്വീകരിക്കുന്നത്. മുഖ്യധാരാ ട്രേഡ് യൂണിയനുകൾ കടമ നിർവഹിക്കുന്നതിൽ പരാജയപ്പെടുകയോ അധികാരികൾക്കു കീഴ്പ്പെടുകയോ ചെയ്തിരിക്കുന്നു. ഭരണാധികാരികളും രാഷ്ട്രീയകക്ഷികളും കേന്ദ്ര ട്രേഡ് യൂണിയനുകളും അസംഘടിതതൊഴിലാളികളുടെ പ്രശ്നങ്ങൾ ഗൗരവതരമായി പരിഗണിക്കണം.

5) അസംഘടിതതൊഴിലാളികളുടെ സാമൂഹികസുരക്ഷ ഉറപ്പാക്കാനുള്ള വിവിധ പദ്ധതികളിലൂടെയും നിയമനിർമ്മാണങ്ങളിലൂടെയും രാജ്യത്തിനുതന്നെ മാതൃകയാകാൻ കേരളത്തിനു സാധിച്ചിട്ടുണ്ട് എന്നത് അഭിമാനകരമാണ്. എന്നാൽ, തൊഴിലാളി അനുകൂലസംസ്ഥാനം എന്ന് കേരളത്തിനു ചാർത്തപ്പെട്ടിട്ടുള്ള സൽപ്പേരിന് ഇന്നു കളങ്കം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അസംഘടിതതൊഴിലാളികൾക്കു നൽകേണ്ട പെൻഷൻ ഉൾപ്പടെയുള്ള നിരവധി ആനുകൂല്യങ്ങൾ കുടിശ്ശികയായിരിക്കുകയാണ്. സാധാരണ തൊഴിലാളികൾ നടത്തുന്ന അവകാശ സമരങ്ങളോടു നിഷേധാത്മകനിലപാടുകളാണ് അധികാരികൾ സ്വീകരിക്കാറുള്ളത്. അവകാശസമരങ്ങളെ കേൾക്കാനും പരിഹാരം കാണാനും ജനാധിപത്യസർക്കാരുകൾക്കു കഴിയേ

ണ്ടതുണ്ട്. അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ യുവജനങ്ങളെ നാടുവിടാൻ പ്രേരിപ്പിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം, ഉത്പന്നങ്ങളുടെ വിലക്കുറവ് എന്നിവമൂലം കാർഷിക - മത്സ്യബന്ധനമേഖലകൾ വലിയ പ്രതിസന്ധിയിലായിരിക്കുന്നു. കൂടാതെ, മലയോരമേഖലയിലെ വന്യജീവികളുടെ ആക്രമണം, കടലിൽനിന്നു മണ്ണ് ഖനനം ചെയ്യാനുള്ള പുറപ്പാട് എന്നിവ കൂനിന്മേൽ കുരു എന്നതുപോലെ ആയിരിക്കുന്ന സാഹചര്യത്തിൽ തൊഴിലാളിസൗഹൃദസംസ്ഥാനം എന്ന പദവി വീണ്ടെടുക്കാൻ സംസ്ഥാനസർക്കാരും രാഷ്ട്രീയകക്ഷികളും ട്രേഡ് യൂണിയനുകളും ഒത്തൊരുമിച്ചു ശ്രമിക്കേണ്ടിയിരിക്കുന്നു.

6) ഈ ജൂബിലിവർഷത്തിൽ അസംഘടിതതൊഴിലാളികൾക്കു പ്രത്യാശ പകർന്നുനൽകാൻ തിരുസ്സഭാമാതാവ് എല്ലാ ക്രൈസ്തവരെയും ആഹ്വാനം ചെയ്യുന്നു. “ഈ കാലഘട്ടത്തിലെ മനുഷ്യരുടെ, പ്രത്യേകിച്ച് ദരിദ്രരോ ഏതെങ്കിലും വിധത്തിൽ ദുരിതമനുഭവിക്കുന്നവരോ ആയവരുടെ സന്തോഷങ്ങളും പ്രതീക്ഷകളും ദുഃഖങ്ങളും ഉത്കണ്ഠകളും ക്രിസ്തുവിന്റെ അനുയായികളുടെ സന്തോഷങ്ങളും പ്രതീക്ഷകളും ദുഃഖങ്ങളും ഉത്കണ്ഠകളുംതന്നെയാണ്.” (സഭ ആധുനികലോകത്തിൽ, 1) എന്നതാണ് തിരുസ്സഭയുടെ കാഴ്ചപ്പാട്. “ദൈവത്തിലേക്കു നാം ദൃഷ്ടികൾ ഉയർത്തുമ്പോൾ, ചരിത്രത്തിലെ ദുരന്തങ്ങളിൽനിന്ന് അത് നമ്മെ അകറ്റുന്നില്ല; പകരം, അത് നമ്മുടെ ചുറ്റുമുള്ളവരുടെ കഷ്ടപ്പാടുകളിലേക്കുകൂടി നമ്മുടെ കണ്ണുകൾ തുറക്കുന്നു.” (ഫ്രാൻസിസ് പാപ്പാ, സിനഡിന്റെ അന്തിമ പ്രസ്താവന നമ്പർ 2).

7) കെസിബിസി ലേബർ കമ്മീഷന്റെ ഔദ്യോഗികസംഘടനയായ കേരള ലേബർ മൂവ്മെന്റ് കെ.എൽ.എം. സിബിസിഐ ലേബർ കമ്മീഷന്റെ ഔദ്യോഗികസംഘടനയായ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരള റീജണൽ ഘടകമാണ്. KLM ന്റെയും തൊഴിലാളിഫോറങ്ങളുടെയും യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കപ്പെടണം. KLM വഴി എല്ലാ തൊഴി

ലാളികളെയും ഏതെങ്കിലും സാമൂഹികസുരക്ഷാപദ്ധതികളുടെ ഭാഗമാക്കണം. തൊഴിലാളികളുടെ വരുമാനസുരക്ഷ ഉറപ്പാക്കാനും സമ്പാദ്യശീലം വർദ്ധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. തൊഴിലാളിപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാനായി അല്മായർക്കു പരിശീലനം നൽകി അവരെ സജ്ജരാക്കണം. മെയ്ദിനാചരണത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും പ്രത്യേക പരിപാടികൾ ആവിഷ്കരിക്കണം.

8) ജൂബിലിവർഷസന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പാ പറഞ്ഞിട്ടുള്ളതുപോലെ, “ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾപോലും ഇല്ലാത്ത കോടിക്കണക്കിനു ദരിദ്രർക്കു പ്രത്യാശ നൽകണമെന്ന് ഞാൻ പൂർണ്ണഹൃദയത്തോടെ അപേക്ഷിക്കുന്നു. പുതിയ തരത്തിലുള്ള ദാരിദ്ര്യത്തിന്റെ നിരന്തരമായ വേലിയേറ്റത്തിനുമുമ്പ്, നമുക്ക് എളുപ്പത്തിൽ നിരാശരാകാനും നിസ്സംഗരാകാനും കഴിയും. എന്നിരുന്നാലും, ലോകത്തിന്റെ ചില ഭാഗങ്ങളിൽമാത്രമല്ല, നമുക്കു ചുറ്റും ഇപ്പോൾ നേരിടുന്ന നാടകീയമായ സാഹചര്യങ്ങൾക്കു നേരേ നാം കണ്ണടയ്ക്കരുത്... നമ്മൾ മറക്കരുത്: ദരിദ്രർ എല്ലായ്പോഴും ഇരകളാണ്, കുറ്റപ്പെടുത്തേണ്ടവരല്ല” (ജൂബിലിവർഷസന്ദേശം,15).

**ഉപസംഹാരം**

“ശിമയോൻ പറഞ്ഞു: ഗുരോ, രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഞങ്ങൾക്ക് ഒന്നും കിട്ടിയില്ല. എങ്കിലും നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം. വലയിറക്കിയപ്പോൾ വളരെയേറെ മത്സ്യങ്ങൾ അവർക്ക് കിട്ടി. അവരുടെ വല കീറിത്തുടങ്ങി” (ലൂക്ക 5:5,6). പ്രിയ തൊഴിലാളിസഹോദരങ്ങളേ, നിരവധി പ്രതിസന്ധികളിലൂടെയാണ് നമ്മുടെ കുടുംബങ്ങൾ കടന്നുപോകുന്നതെന്നറിയാം. വിശുദ്ധ ശെമയോൻ പത്രോസിനെപ്പോലെ പ്രത്യാശയോടെ ദൈവാനുഗ്രഹത്തോടെ നമുക്കു മുന്നേറാം. തൊഴിലാളിമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപ എല്ലാവരിലും ഉണ്ടാകട്ടെ.

കെ.സി.ബി.സി. ലേബർ കമ്മീഷനുവേണ്ടി,

**ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**

(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോസ് പൊരുന്നേടം**

(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി 682 025

No.4098/K-5/KCBC/OL/DS 11.04.2025

# ദൈവവിളികൾക്കായുള്ള 62-ാമത് ആഗോള പ്രാർഥനാദിനത്തിൽ (മേയ് 11, 2025)

**പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം**

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവവിളികൾക്കായുള്ള ഈ 62-ാമത് പ്രാർഥനാദിനത്തിൽ നിങ്ങളുടെ ജീവിതങ്ങൾ ഉദാരമായി സമർപ്പിക്കുന്ന ഒരു ദാനമായി തീർത്തുകൊണ്ട് പ്രത്യാശയുടെ തീർഥാടകരാകാൻ ഞാൻ നിങ്ങളെ സന്തോഷപൂർവം ക്ഷണിക്കാൻ ആഗ്രഹിക്കുന്നു.

ദൈവം നമ്മുടെ ഹൃദയത്തിൽ വിതയ്ക്കുന്ന ഒരു അമൂല്യ ദാനമാണ് ദൈവവിളി; സ്വയം പരിത്യജിച്ചിട്ട് സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും ഒരു യാത്രയ്ക്കായി ഇറങ്ങിപ്പുറപ്പെടാനുള്ള ക്ഷണമാണത്. സഭയിലെ ഓരോ ദൈവവിളിയും - അല്മായ, അഭിഷിക്ത, സമർപ്പിത ദൈവവിളികൾ - ഈ ലോകത്തിനും തന്റെ മക്കളിൽ ഓരോരുത്തർക്കും ദൈവം നൽകുന്ന പ്രത്യാശയുടെ അടയാളങ്ങളാണ്.

ഒട്ടേറെ യുവതീയുവാക്കന്മാർ തങ്ങളുടെ ദൃഷ്ടി ഭാവിയിലേക്കു തിരിക്കുമ്പോൾ ഇക്കാലത്ത് ദുഃഖിതരാണ്. തങ്ങളുടെ തൊഴിൽ സാധ്യതയെക്കുറിച്ചു ചിന്തിക്കുമ്പോൾ പലപ്പോഴും അവർക്ക് അരക്ഷിതാവസ്ഥ അനുഭവപ്പെടുന്നു; ആഴത്തിലുള്ള സ്വത്വ പ്രതിസന്ധിയും അവർക്കുണ്ടാകുന്നു; അത് അർഥത്തെയും മൂല്യങ്ങളെയും സംബന്ധിച്ച പ്രതിസന്ധിയാണ്; ആശയക്കുഴപ്പം സൃഷ്ടിക്കുന്ന ഡിജിറ്റൽ ലോകത്തിലെ സന്ദേശങ്ങൾ പ്രസ്തുത പ്രതിസന്ധി വർധിപ്പിക്കുന്നതേയുള്ളൂ. ദരിദ്രരോടും മുതലെടുക്കപ്പെടാവുന്നവരോടും (vulnerable) കാണിക്കുന്ന അനീതി, സ്വയം സംതൃപ്തവും സ്വയം കേന്ദ്രീകൃതവുമായ ഒരു സമൂഹത്തിന്റെ

നിസ്സംഗത, യുദ്ധത്തിന്റെ ക്രൂരത എന്നിവ യുവജനങ്ങൾ തങ്ങളുടെ ഹൃദയങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന ജീവിതസാക്ഷാത്കാരത്തെ സംബന്ധിച്ച പ്രത്യാശയ്ക്കു ഭീഷണിയായി നിലകൊള്ളുന്നു. എന്നിരുന്നാലും, മനുഷ്യഹൃദയത്തെ അറിയുന്ന കർത്താവ് നമ്മുടെ അനിശ്ചിതാവസ്ഥയിൽ നമ്മെ ഉപേക്ഷിക്കുന്നില്ല. നമ്മൾ സ്നേഹിക്കപ്പെട്ടവരും വിളിക്കപ്പെട്ടവരും പ്രത്യാശയുടെ തീർത്ഥാടകരായി അയയ്ക്കപ്പെട്ടവരുമാണെന്ന് നാം അറിയണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു.

സഭയുടെ മുതിർന്ന അംഗങ്ങളായ നാം, പ്രത്യേകിച്ച് പുരോഹിതർ, യുവജനങ്ങളുടെ വിളിയുടെ പാതയിൽ അവരെ അംഗീകരിക്കാനും അതു വിവേചിച്ചറിയാനും അവരെ അനുഗമനം ചെയ്യാനും വിളിക്കപ്പെട്ടിരിക്കുന്നു. യുവജനങ്ങളായ നിങ്ങൾ, നിങ്ങളുടെ ഭാഗത്തുനിന്ന് ആ പാതയിൽ ഇറങ്ങിത്തിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു; അത് പരിശുദ്ധാത്മാവിനോടൊപ്പമാണു നടത്തേണ്ടത്; അവിടന്നാണ് നിങ്ങളുടെ ജീവിതങ്ങൾ സ്നേഹത്തിന്റെ സമ്മാനങ്ങളാക്കാനുള്ള ആഗ്രഹം നിങ്ങളിൽ ജനിപ്പിക്കുന്നത്.

### *നമ്മുടെ പ്രത്യേകവിളി ആശ്ലേഷിക്കുന്നത്*

പ്രിയ യുവജനമേ, "നിങ്ങളുടെ യൗവനം ഒരു 'ഇടക്കാല വേള' അല്ല. നിങ്ങൾ ദൈവത്തിന്റെ 'ഇപ്പോൾ' ആണ്" (*ക്രിസ്തു ജീവിക്കുന്നു* [*Christus Vivit*], 178). ജീവൻ എന്ന ദാനം ഉദാരവും വിശ്വസ്തവുമായ ഒരു പ്രത്യുത്തരം ആവശ്യപ്പെടുന്നു എന്നു മനസ്സിലാക്കുക. കർത്താവിന്റെ വിളിയോടു സന്തോഷപൂർവം പ്രത്യുത്തരിച്ച യുവവിശുദ്ധരെയും വാഴ്ത്തപ്പെട്ടവരെയും നോക്കുക. ഉദാഹരണത്തിന്, ലീമായിലെ വിശുദ്ധ റോസാ, വിശുദ്ധ ഡോമിനിക് സാവിയോ, വിശുദ്ധ കൊച്ചുത്രേസ്യ, വ്യാകുലമാതാവിന്റെ വിശുദ്ധ ഗബ്രിയേൽ, ഉടൻതന്നെ വിശുദ്ധരായി ഉടനെ പ്രഖ്യാപിക്കപ്പെടുന്ന കാർലോ അക്കുത്തീസ്, പിയർ ജോർജോ ഫ്രസാത്തി എന്നിവർ ഉൾപ്പെടെയുള്ളവരെ. ഉത്ഥിതനായ നാഥനുമായുള്ള തങ്ങളുടെ സൗഹൃദം

വഴിയായി അവർക്കു തങ്ങളുടെ ദൈവവിളി യഥാർഥ സന്തോഷ ത്തിലേക്കുള്ള പാതയായി അനുഭവപ്പെട്ടു. യേശുവിന്റെ വചനങ്ങൾ നാം കേൾക്കുമ്പോഴെല്ലാം നമ്മുടെ ഉള്ളിൽ നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കും (ലൂക്കാ 24:32). അപ്പോൾ നമുക്ക് നമ്മുടെ ജീവിതങ്ങൾ ദൈവത്തിനായി സമർപ്പിക്കാനുള്ള ആഗ്രഹം ജനിക്കുന്നു. സ്വാഭാവികമായും, നമ്മെ അവിടന്ന് ആദ്യം സ്നേഹിച്ച സ്നേഹത്തിനു പ്രതിസ്നേഹം നൽകാൻ ഏറ്റവും അനുയോജ്യമായ ജീവിതപന്ഥാവ് നാം ആഗ്രഹിക്കുന്നു.

ഹൃദയത്തിന്റെ ആഴങ്ങളിൽ ഒരിക്കൽ തിരിച്ചറിയപ്പെട്ടു കഴിഞ്ഞാൽ, ഓരോ ദൈവവിളിയും സ്നേഹിക്കാനും ശുശ്രൂ ഷിക്കാനുമുള്ള പ്രചോദനം നൽകുന്നു; അത് സ്വയം അഭിവൃദ്ധി പ്പെടുത്താനുള്ള മാർഗമായിരിക്കില്ല; മറിച്ച്, പ്രത്യാശയുടെയും സ്നേഹത്തിന്റെയും പ്രകാശനമായിട്ടായിരിക്കും അനുഭവപ്പെടു ന്നത്. ഓരോ സ്ത്രീയുടെയും പുരുഷന്റെയും ആനന്ദത്തിനാ യുള്ള ദൈവത്തിന്റെ പദ്ധതിയോടു ചേർന്നുപോകുന്നതാണ് ദൈവവിളിയും പ്രത്യാശയും; അതിൽ ഓരോരുത്തരും തങ്ങളുടെ ജീവിതങ്ങൾ അന്യർക്കുവേണ്ടി നൽകാനായി പേരുചൊല്ലി വിളിക്കപ്പെട്ടവരാണ് (*സുവിശേഷത്തിന്റെ സന്തോഷം* [Evangelii Gaudium], 268 കാണുക). ഏതു പാത സ്വീകരിക്കാ നാണ് ദൈവം തങ്ങളെ വിളിക്കുന്നതെന്ന് അറിയാൻ വളരെ യേറെ യുവതീയുവാക്കന്മാർ ആഗ്രഹിക്കുന്നു. വൈദിക ശുശ്രൂഷയിലേക്കും സമർപ്പിതജീവിതത്തിലേക്കും തങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു എന്നു ചിലപ്പോഴെങ്കിലും ചിലർ ആശ്ചര്യ കരമാംവിധം കണ്ടെത്തുന്നു. മറ്റുചിലർ വിവാഹത്തിലേക്കും കുടുംബജീവിതത്തിലേക്കുമുള്ള വിളിയുടെ സൗകുമാര്യത കണ്ടെത്തുന്നു; അതായത്, പൊതുനന്മയ്ക്കും തങ്ങളുടെ സുഹൃ ത്തുക്കൾക്കും പരിചയക്കാർക്കും ഇടയിൽ വിശ്വാസത്തിന്റെ ജീവിതത്തിനുവേണ്ടിയുള്ള സാക്ഷ്യം നൽകാനുള്ള വിളി.

ദൈവത്തിന്റെ പരിപാലനയിൽ ഊന്നിനിന്നുകൊണ്ടുള്ള പ്രത്യാശയാൽ പ്രചോദിതമാണ് ഓരോ ദൈവവിളിയും. ക്രൈ

സ്തവരെ സംബന്ധിച്ചിടത്തോളം പ്രത്യാശ എന്നത് കേവലം മാനുഷികമായ ശുഭാപ്തിവിശ്വാസത്തിനും ഉപരിയാണ്. നമ്മുടെ ഓരോരുത്തരുടെയും ജീവിതങ്ങളിൽ പ്രവർത്തനനിരതമായിരിക്കുന്ന ദൈവത്തിലുള്ള വിശ്വാസത്തിന്റെ സുനിശ്ചിതത്വത്തിലാണ് അത് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. സുവിശേഷത്തോടു വിശ്വസ്തമായിരിക്കാനുള്ള ദൈനംദിനമുള്ള ശ്രമവും പ്രാർഥനയും വിവേചിച്ചറിയലും ശുശ്രൂഷയുംവഴിയാണ് ദൈവവിളികൾ പരിപക്വമാകുന്നത്.

പ്രിയപ്പെട്ട യുവസുഹൃത്തുക്കളേ, ദൈവത്തിലുള്ള പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. എന്തെന്നാൽ, തങ്ങളുടെ ജീവിതങ്ങൾ അവിടത്തെ കരങ്ങളിൽ ഭരമേല്പിച്ചവരുടെ ഓരോ കാൽവയ്പ്പിലും അവിടന്ന് അവരെ അനുഗമനം ചെയ്യുന്നു. ധൈര്യപൂർവം തങ്ങളുടെ ജീവിതങ്ങൾ ക്രിസ്തുവിനു സമർപ്പിക്കുന്നവരും അങ്ങനെ ശിഷ്യരും പ്രേഷിതരും ആയിരിക്കുന്നതിൽ സന്തോഷിക്കുകയും ചെയ്യുന്ന പ്രത്യാശയുടെ തീർഥാടകരായ യുവജനങ്ങളെ നമ്മുടെ ലോകത്തിന് ആവശ്യമുണ്ട്.

***നമ്മുടെ ദൈവവിളിയുടെ പാത വിവേചിച്ചറിയുന്നത്***

വിവേചിച്ചറിയലിന്റെ ഒരു സഞ്ചാരത്തിന്റെ അനന്തരഫലമായിട്ടാണ് നമ്മുടെ ദൈവവിളി നാം കണ്ടെത്തുന്നത്. എന്നാൽ, ആ സഞ്ചാരം ഒറ്റയ്ക്കുള്ള ഒന്നല്ല; അത് വികസിതമാകുന്നത് ഒരു ക്രൈസ്തവസമൂഹത്തിലാണ്; ആകയാൽ, അത് ആ ക്രൈസ്തവസമൂഹത്തിന്റെ ഭാഗമാണ്.

പ്രിയ സുഹൃത്തുക്കളേ, തിടുക്കത്തിൽ തീരുമാനങ്ങൾ എടുക്കാൻ ലോകം നിങ്ങളെ പ്രേരിപ്പിക്കുന്നു; നിങ്ങളുടെ ഹൃദയത്തോടു സംസാരിക്കുന്ന ദൈവത്തോടു തുറന്നിരിക്കുന്ന നിശ്ശബ്ദത അനുഭവിക്കുന്നതിൽനിന്നു നിരന്തരമുള്ള ഗർജനംവഴി നിങ്ങൾ തടസ്സപ്പെടുത്തപ്പെടുന്നു. എന്നാൽ, അല്പനേരം വിരാമം ഇടാൻ ധൈര്യപ്പെടുക; അത് നിങ്ങളുടെ ഹൃദയം നിങ്ങളോട് എന്തു പറയുന്നു എന്നു കേൾക്കാനും ദൈവത്തിനു

നിങ്ങളെക്കുറിച്ചുള്ള സ്വപ്നം എന്താണെന്നു മനസ്സിലാക്കാനു മാണ്. പ്രാർത്ഥനയിലെ നിശ്ശബ്ദത അനിവാര്യമാണ്; നമ്മുടെ ജീവിതങ്ങളുടെ പ്രത്യേക സാഹചര്യങ്ങളുടെമധ്യേ ദൈവത്തി ന്റെ വിളികേൾക്കാൻ പഠിക്കാനും അതിനു ബോധപൂർവവും സ്വതന്ത്രവുമായ രീതിയിൽ പ്രത്യുത്തരം നൽകാനും പ്രാർഥന യുടെ നിശ്ശബ്ദത അനിവാര്യമാണ്.

നമുക്കെല്ലാവർക്കും പ്രത്യാശയുടെ തീർഥാടകരായിത്തീരാൻ സാധിക്കുമെന്ന് പ്രാർഥനാപൂർവമായ ധ്യാനം നമുക്കു മനസ്സിലാക്കിത്തരുന്നു; അതു സാധ്യമാകുന്നത് നാം നമ്മുടെ ജീവിതങ്ങളെ ഒരു ദാനമായി സമർപ്പിക്കുമ്പോഴാണ്; അതായത്, ലോകത്തിന്റെ ഭൗതികവും അസ്തിത്വപരവുമായ പ്രാന്തപ്രദേ ശങ്ങളിൽ വസിക്കുന്നവരുടെ ശുശ്രൂഷയ്ക്കായി നാം നമ്മെത്തന്നെ എല്ലാറ്റിനും ഉപരിയായി പ്രതിഷ്ഠിക്കുമ്പോൾ. ഒഴിവാക്കപ്പെട്ടവരും മുറിവേറ്റവരും തിരസ്കൃതരുമായി അനുഭവപ്പെടുന്ന നമ്മുടെ ഒട്ടനവധി സഹോദരീസഹോദര ന്മാരുടെ രോദനം കേട്ടില്ലെന്നു നടിക്കാൻ ദൈവത്തിന്റെ വിളി കേൾക്കുന്നവർക്കാവില്ല. എവിടെയൊക്കെ പ്രകാശവും സമാ ശ്വാസവും ഏറ്റവും ആവശ്യം ആയിരിക്കുന്നുവോ അവിടെയൊ ക്കെ ക്രിസ്തുവിന്റെ സാന്നിധ്യമായി മാറുക എന്ന നമ്മുടെ ദൗത്യത്തിൽ നമ്മുടെ വിളി നമ്മെ ഉറപ്പിച്ചുനിർത്തുന്നു. വളരെ സവിശേഷമായവിധത്തിൽ, തങ്ങളുടെ സാമൂഹ്യവും ഉദ്യോ ഗപരവുമായ പ്രതിജ്ഞാബദ്ധതവഴിയായി ദൈവരാജ്യത്തിന്റെ 'ഉപ്പും പ്രകാശവും പുളിമാവും' ആകാൻ അല്മായവിശ്വാസികൾ വിളിക്കപ്പെട്ടിരിക്കുന്നു.

***ദൈവവിളികളെ അനുഗമനം ചെയ്യുന്നത്***

അതിനാൽ, അജപാലകരും ദൈവവിളിനിയന്താക്കളും (vocation directors), ഏറെ പ്രത്യേകിച്ച് അദ്ധ്യാത്മികഗുരുക്കൾ, താത്പര്യപൂർവം യുവജനങ്ങളെ പ്രത്യാശയിലും ക്ഷമയിലും ആശ്രയബോധത്തിലും അനുഗമനം ചെയ്യണം; അത് ദൈവ

ത്തിന്റെതന്നെ ബോധനവിദ്യ (pedagogy) പ്രതിഫലിപ്പിക്കുന്ന ഒരു രീതിയായിരിക്കും. യുവജനങ്ങളെ ആദരപൂർവവും സഹിഷ്ണുതയോടും ശ്രവിക്കുന്നതിന് അവർ തയ്യാറായിരിക്കണം. അവർ വിശ്വാസമർപ്പിക്കാൻ കഴിയുന്നവരും ജ്ഞാനികളും സഹായികളായ നിയന്താക്കളും തങ്ങളുടെ സഞ്ചാരത്തിൽ ദൈവത്തിന്റെ സാന്നിധ്യത്തിന്റെ അടയാളങ്ങൾ എപ്പോഴും തിരിച്ചറിയാൻ കഴിവുള്ളവരുമായി യുവജനങ്ങൾക്ക് അവരെക്കുറിച്ച്, തോന്നേണ്ടിയിരിക്കുന്നു.

മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രവർത്തന മേഖലകളിലുമുള്ള ദൈവവിളികളെ പരിപോഷിപ്പിക്കാനായി എല്ലാത്തരം ശ്രമങ്ങളും കൈക്കൊള്ളണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു; അങ്ങനെ കർത്താവിന്റെ ശബ്ദത്തോട് ആത്മീയമായ തുറവുകാട്ടാൻ വ്യക്തികൾ സഹായിക്കപ്പെടണം. അതിനാൽ, വിദ്യാഭ്യാസപരവും അജപാലനപരവുമയ പദ്ധതി തയ്യാറാക്കുമ്പോൾ ദൈവവിളികളെ അനുഗമനം ചെയ്യാൻ അനുയുക്തമായ നടപടിക്രമങ്ങൾ ഉൾച്ചേർക്കേണ്ടത് അനിവാര്യമാണ്.

ആത്മവിശ്വാസത്തോടും പ്രത്യാശയോടും കർത്താവിനോട് 'അതേ' എന്നുപറയാൻ കഴിവുള്ള അജപാലകരെയും സമർപ്പിതരെയും പ്രേഷിതരെയും വിവാഹിതരെയും സഭയ്ക്ക് ആവശ്യമുണ്ട്. ഒരു ദൈവവിളി എന്നത് ഹൃദയത്തിന്റെ അഗാധത്തിൽ സൂക്ഷിച്ചുവച്ചിരിക്കേണ്ട ഒരു നിധിയല്ല; മറിച്ച്, വിശ്വസിക്കുകയും സ്നേഹിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്ന ഒരു സഭാസമൂഹത്തിൽ അത് വളരുകയും ബലപ്പെടുത്തപ്പെടുകയും ചെയ്യുന്നു. ഒരാൾക്കും ഒറ്റയ്ക്ക് ദൈവത്തിന്റെ വിളിയോടു പ്രത്യുത്തരിക്കാനാവില്ല; എന്തെന്നാൽ, നമുക്കെല്ലാവർക്കും നമ്മുടെ സഹോദരീസഹോദരന്മാരുടെ പ്രാർഥനയും പിന്തുണയും ആവശ്യമാണ്.

പ്രിയപ്പെട്ടവരേ, സഭ പുതിയ ദൈവവിളികൾക്കു ജന്മം നൽകുമ്പോൾ അവൾ സജീവവും ഫലദായകവുമാണ്. പലപ്പോഴും

നമ്മുടെ ലോകം, അത് അറിയാതെതന്നെ, പ്രത്യാശയുടെ സാക്ഷികളെ അന്വേഷിക്കുന്നു; ക്രിസ്തുവിനെ അനുഗമിക്കുന്നത് യഥാർത്ഥ സന്തോഷത്തിന്റെ ഉറവിടമാണെന്ന് അപ്രകാരം ഉള്ളവർ തങ്ങളുടെ ജീവിതങ്ങൾവഴി പ്രഘോഷിക്കുന്നു. അതിനാൽ, തന്റെ വിളവിലേക്ക് പുതിയ ജോലിക്കാരെ അയയ്ക്കണമേ എന്നു കർത്താവിനോട് അപേക്ഷിക്കുന്നതിൽ നാം ക്ഷീണിതരാകരുത്; വലിയ സ്നേഹത്തോടെ അവിടന്ന് തുടർന്നും അവരെ വിളിച്ചുകൊണ്ടിരിക്കുന്നു. പ്രിയപ്പെട്ട യുവജനങ്ങളേ, കർത്താവിനെ പിഞ്ചെല്ലാനുള്ള നിങ്ങളുടെ ശ്രമങ്ങളെ ഞാൻ സഭയുടെ മാതാവും ദൈവവിളികളുടെ മാതാവുമായ മറിയത്തിന്റെ മാധ്യസ്ഥ്യത്തിനു ഭരമേല്പിക്കുന്നു. സുവിശേഷത്തിന്റെ പാതയിൽ പ്രത്യാശയുടെ തീർഥാടകരായി മുന്നേറിക്കൊണ്ടിരിക്കുക. എന്റെ ആശിർവാദവുമായി ഞാൻ നിങ്ങളെ അനുധാവനം ചെയ്യുന്നു; നിങ്ങൾ എനിക്കുവേണ്ടികൂടി പ്രാർഥിക്കുക.

ജെമല്ലി ആശുപത്രി, റോമാ, മാർച്ച് 19, 2025

**ഫ്രാൻസിസ് പാപ്പാ**

പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്

*കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം*

*പി.ഒ.സി., കൊച്ചി – 682 025*

ലേഖനം

# ആത്മീയവളക്കൂറുള്ള തെക്കേ അമേരിക്കൻ മണ്ണ്

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

ഭൂമിയുടെ പരപ്പിനെക്കുറിച്ചും ജീവിതാനുഭവങ്ങളുടെ ആഴത്തെക്കുറിച്ചും പഠിക്കാൻ നമുക്ക് ഒറ്റ പാഠപുസ്തകം മതിയാകുമെന്നു തോന്നുംവിധമായിരുന്നു ലോകത്തെ ബാധിച്ചതും ബാധിക്കുന്നതുമായ നൂറുകണക്കിനു പ്രശ്നങ്ങൾക്ക് പരിശുദ്ധ ഫ്രാൻസിസ് പാപ്പാ പന്ത്രണ്ടു കൊല്ലങ്ങൾ വിശ്രമമില്ലാതെ പരിഹാരം നൽകിക്കൊണ്ടിരുന്നത്. ദൈവചിന്തയില്ലാത്ത ലോകത്ത് ദൈവത്തിന്റെ ശബ്ദം ഇങ്ങനെയൊക്കെയാണെന്ന് നിരീശ്വരവാദികൾപോലും ഫ്രാൻസിസ് പാപ്പായുടെ ജീവിതത്തിൽനിന്നു കേട്ടിരിക്കണം. തെക്കേ അമേരിക്കയുടെ ജീവിതകാഠിന്യം നൽകിയ മാധുര്യം ഇതായിരിക്കണമെന്ന് ആ ഭൂഖണ്ഡത്തിലെ ഒരു അംബാസിഡർ കണക്കെ അദ്ദേഹം കാണിച്ചുതരുന്നു. തന്റെ ആത്മകഥ ജീവിതകാലത്തുതന്നെ പ്രസിദ്ധീകരിച്ചത് എന്തിനായിരിക്കാം എന്നു നാം ചോദിച്ചിട്ടുണ്ടെങ്കിൽ ജീവിതംതന്നെ സന്ദേശമാക്കിയവനാണ് താൻ എന്ന ഉത്തരമായിരിക്കും അദ്ദേഹം നൽകുന്നത്. തന്റെ അവസാനത്തെ ചാക്രികലേഖനത്തിൽപ്പോലും ഹൃദയത്തിന്റെ സത്യവും സൗന്ദര്യവും മാധുര്യവും ചേർത്താണ് അദ്ദേഹം ലോകത്തിന് ആത്മീയഭക്ഷണം വിളമ്പിയത്. ലോകം മുഴുവനും ഓരോ നിമിഷവും പിന്തുടരുന്ന ബാല്യകാലത്തോടുള്ള ആർദ്രത മനുഷ്യഹൃദയത്തെ പഠിപ്പിക്കാനും പഠിക്കാനുമുള്ള താളുകളായി പാപ്പാ ഉപയോഗിച്ചു. തന്നെ രൂപപ്പെടുത്തിയ തെക്കേ അമേരിക്കൻമണ്ണ് ഇത്ര ആത്മീയവളക്കൂറുള്ളതാണെന്ന് തിരിച്ചറിയാൻ ലോകത്തിന് ഇതുപോലെ ഒരു വ്യക്തിത്വം ധാരാളമായി. സ്വന്തം അനുഭവജ്ഞാനത്തിൽ നമ്മെ വളർത്താൻ പന്ത്രണ്ടുകൊല്ലം അധ്വാനിച്ച പരിശുദ്ധ പിതാവ് അറിവിനെക്കാൾ ആധികാരികമായി ഹൃദയത്തിന്റെ നിറവിൽനിന്നാണ്

നമ്മുടെ ഹൃദയങ്ങളെ നിറച്ചത്. ‘ദിലേക്സിത്ത് നോസ്’ എന്ന ചാക്രികലേഖനത്തിൽ ഹൃദയത്തിന്റെ പ്രാധാന്യം അതിമനോഹരമായും ആത്മീയതേജസ്സോടെയും ആഴമുള്ള ചിന്തകളോടെയും വിവരിക്കുന്നത് ക്രൈസ്തവരെമാത്രമല്ല, ദൈവചിന്തയില്ലാത്തവരെപ്പോലും ആർദ്രരാക്കും. ഈ ചാക്രികലേഖനം എല്ലാവരും വായിച്ചുപഠിക്കണം. അതുപോലെ ‘പ്രത്യാശിക്കുക’ എന്ന പേരിൽ ഇംഗ്ലീഷിലും ‘ജീവിതം’ എന്ന പേരിൽ മലയാളത്തിലും പ്രസിദ്ധീകരിച്ച പാപ്പായുടെ ആത്മകഥയും വായിക്കാൻ കഴിഞ്ഞാൽ ഫ്രാൻസിസ് പാപ്പാ എന്ന അത്ഭുതം നമുക്ക് ഒരു അനുഗ്രഹമായി അനുഭവപ്പെടും. വാർത്താമാധ്യമങ്ങളിലൂടെയും മറ്റും വരച്ചുകാണിക്കാൻ കഴിയുന്നതിലേറെ കാര്യങ്ങൾ അദ്ദേഹത്തിന്റെ ചാക്രികലേഖനങ്ങളിലും ആത്മകഥയിലും ഉണ്ട്.

**പാപ്പായുടെ ഊന്നൽ**

1936 ഡിസംബർ 17 ന് അർജന്റീനയിലെ ബ്യൂണഴ്സ് അയേഴ്സിൽ ജനിച്ച പാപ്പാ ‘യൂറോപ്പിനു പുറത്തുനിന്നുള്ള പാപ്പാ’ എന്ന നിലയിൽ വളരെയധികം ശ്രദ്ധ നേടിയിട്ടുണ്ട്. ദൈവജനത്തിന്റെ മുഴുവൻ സ്വരം സഭയിൽ പ്രതിധ്വനിക്കുമാറ് സിനഡാലിറ്റിയിലൂടെ കൈവന്ന നവീനതകളും വ്യത്യസ്തതകളും ഉൾക്കൊള്ളാനുള്ള തുറന്ന മനസ്സ് ഫ്രാൻസിസ് പാപ്പായുടെ പ്രബോധനങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും വ്യക്തമായി കാണാം. സാമൂഹികവും പാരിസ്ഥിതികവുമായ പ്രതിസന്ധികളെ തരണം ചെയ്യാൻ പാപ്പാ നടത്തിയ പരിശ്രമങ്ങൾ മഹത്തരമാണ്. ‘ലൗദാത്തോ സി’ (2015) എന്ന ചാക്രികലേഖനത്തിലൂടെയും ‘ലൗദാത്തെ ദേവു’ (2023) എന്ന അപ്പസ്തോലിക ആഹ്വാനത്തിലൂടെയും പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ശ്രദ്ധയോടെ പാപ്പാ ലോകത്തിനു മുമ്പിൽ തുറന്നുവച്ചു. കാലാവസ്ഥാവ്യതിയാനം, മലിനീകരണം എന്നിവയെപ്പറ്റിയുള്ള ആശങ്കകളും ഒരു സ്വസ്ഥമായ

ജീവിതശൈലി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയും പ്രകൃതിയുടെമേലുള്ള കടന്നുകയറ്റം അവസാനിപ്പിക്കേണ്ട തിനെപ്പറ്റിയും പാപ്പാ വാദിക്കുന്നു. ആധുനികലോകത്തിൽ സഭ കൂടുതൽ ഫലപ്രദമായി ശുശ്രൂഷ ചെയ്യേണ്ടതിന്റെ ആവശ്യകത സഭകളിൽ ഉണ്ടാകേണ്ടത് പാപ്പാ തിരിച്ചറിഞ്ഞിരുന്നു. ദൈവ ശാസ്ത്രപരമായ കാര്യങ്ങളിൽ വരുത്തേണ്ട നവീകരണത്തിനു പാപ്പാ ഊന്നൽ നൽകി. ഈ ലോകത്തിൽ ദൈവത്തെക്കുറിച്ച് ഏറെ സംസാരിച്ച വ്യക്തിയായിരുന്നു ഫ്രാൻസിസ് പാപ്പാ.

വിവിധ മതവിഭാഗങ്ങൾ തമ്മിൽ സംവാദം പ്രോത്സാ ഹിപ്പിക്കാൻ പാപ്പാ നടത്തിയ പരിശ്രമങ്ങൾ മറ്റു മതങ്ങളെയും വിശ്വാസങ്ങളെയും മനസ്സിലാക്കി മുന്നോട്ടുപോകാനുള്ള അവസരമായിരുന്നു. ഇത്തരത്തിലുള്ള തുറന്ന ചർച്ചകളും പഠനങ്ങളും ക്രിസ്തീയദൈവശാസ്ത്രത്തിന്റെ വളർച്ചയെ പരിപോഷിപ്പിച്ചുവെന്നത് നിസ്തർക്കമായ കാര്യമാണ്.

സഭയിലെ വ്യത്യസ്ത വിഭാഗങ്ങളിൽനിന്നുള്ള അഭി പ്രായങ്ങളും അതിനെത്തുടർന്നുണ്ടായ ക്രോഡീകരണങ്ങളും മിശിഹാദർശനത്തെ കൂടുതൽ തെളിമയുള്ളതാക്കി ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു. തന്നിലേക്കുതന്നെ സഭ ഉൾവലി യുമ്പോൾ രോഗിയായിത്തീരുന്നതിനിടയാകുന്നു. പാപ്പായുടെ ആദ്യത്തെ അപ്പസ്തോലിക ആഹ്വാനമായ 'ഏവാഞ്ചലി ഗൗദിയും' (2013) എന്നതിൽ പ്രത്യാശകളെ വളരെ ഗഹനമായി പാപ്പാ അവതരിപ്പിക്കുന്നു. മറ്റുള്ളവരെ സൗഖ്യമാക്കുന്ന ഔഷധമായി സഭ ലോകത്തിൽ എന്നും നിലനിൽക്കണമെന്ന് പാപ്പാ ആഗ്രഹിക്കുന്നു.

ചുരുക്കത്തിൽ, പാപ്പായുടെ ജീവിതകാഴ്ചപ്പാടുകൾ ലോകമെമ്പാടുമുള്ള ആളുകൾക്കു പ്രായോഗികമാണ്. അദ്ദേഹത്തിന്റെ എളിമയും സാമൂഹികനീതിയിലുള്ള ഉറച്ച വിശ്വാസവും ലോകത്തിനു മാതൃകയാണ്. ദരിദ്രരോടുള്ള അദ്ദേഹത്തിന്റെ പ്രത്യേക ശ്രദ്ധയും പരിസ്ഥിതിയെക്കുറിച്ചുള്ള

ഉത്കണ്ഠകളും പ്രവാസികളെക്കുറിച്ചുള്ള കരുതലും ശ്രദ്ധ നേടിയതാണ്.

ആഡംബരജീവിതശൈലികൾ ഒഴിവാക്കി സാധാരണ ക്കാരെപ്പോലെ ജീവിക്കുന്നതിൽ പാപ്പാ കാണിച്ചുതന്ന മാതൃക പാവപ്പെട്ടവരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും പോരാട്ടം ജാതി-മത-വർഗ്ഗ ചിന്തകൾക്ക് അതീതമായി ഏവരെയും ഉൾക്കൊള്ളിക്കാനുള്ള ആഹ്വാനം - നേതൃത്വം ലോകത്തെ കൂടുതൽ കരുണയും നീതിയുമുള്ള സ്ഥലമായി മാറ്റുന്നു എന്നു പ്രത്യാശിക്കാം.

**പരേസ്യ - ഓർത്തോപ്രാക്സിസ് - ഫ്രാൻസിസ്**

മൂന്ന് സുന്ദരപദങ്ങൾ ഫ്രാൻസിസ് പാപ്പായുടെ ജീവിതം, വ്യക്തിത്വം, വീക്ഷണം, സംഭാവനകൾ എന്നിവ പൂർണ്ണമായി വിശദീകരിക്കും എന്നു കരുതുന്നതിൽ തെറ്റില്ല. പരേസ്യ (parrhesia) ഓർത്തോ പ്രാക്സിസ്, ഫ്രാൻസിസ്.

പരേസ്യ - എന്ന ക്രിയയുടെ അർത്ഥം ധൈര്യം, തുറന്നു പറയുക എന്നെല്ലാമാണ്. സുവിശേഷത്തിൽ ഈശോ വ്യക്ത മായി പറഞ്ഞു, പരസ്യമായി സംസാരിച്ചു എന്നിവയ്ക്ക് ഉപയോഗിച്ചിരിക്കുന്നത് പരേസ്യ എന്ന പദമാണ്. ആദിമക്രൈ സ്തവർ ധീരതയോടെ സുവിശേഷസന്ദേശം പ്രഘോഷിച്ചു എന്ന് പറയുന്നതിന് ഈ വാക്ക് ഉപയോഗിച്ചിരുന്നു.

ഓർത്തോ പ്രാക്സിസ് എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം ശരിയായ പ്രവർത്തനം എന്നാണ്. വിശ്വാസപ്രമാണത്തിന്റെ കൃത്യത പാലിക്കണം എന്ന് എല്ലാവർക്കും അറിയാം. എന്നാൽ, വിശ്വാസത്തിന്റെ ബാഹ്യാടയാളങ്ങളായ പ്രവർത്തനങ്ങളും ശുദ്ധിയുള്ളവയാകണം എന്നത് അനേകർ മറക്കുന്നു. വിശ്വാ സത്തോട് ഒരുവന്റെ കർമ്മങ്ങളുംകൂടി ചേർന്നുപോകുമ്പോഴാണ് വിശുദ്ധി ജനിക്കുന്നത്.

2013 മാർച്ച് 13 ന് മാർപാപ്പായായി തിരഞ്ഞെടുക്കപ്പെട്ട പ്പോൾ കർദിനാൾ ബർഗോളിയോ സ്വീകരിച്ച പേരാണ്

ഫ്രാൻസിസ്. അസീസിയിലെ ഫ്രാൻസിസ് മഹാനായ വിശുദ്ധൻ ആയിരുന്നു. വലിയ പ്രകൃതിസ്നേഹി, മനുഷ്യസ്നേഹി, മഹാദയാലു, ദരിദ്രനെ സ്നേഹിച്ചവൻ, അധികാരത്തെ ശുശ്രൂഷ യായി മനസ്സിലാക്കിയ വിനീതൻ. 'രണ്ടാമത്തെ ക്രിസ്തു' എന്നുപോലും വിളിക്കപ്പെടാൻമാത്രം ഈശോയെ അടുത്ത് അനുഗമിച്ചവൻ. ഈ ഫ്രാൻസിസ് ആണ് പാപ്പായുടെ സ്വർഗ്ഗീയ മധ്യസ്ഥൻ.

**ആർക്കും അടയ്ക്കാൻ പറ്റാത്ത വാതിൽ തുറന്ന പാപ്പാ**

പരേസ്യ : ധീരവും ശക്തവുമായ നിലപാടുകൾ എടു ക്കുന്നതിനും തുറന്നുപറയുന്നതിനും ഒട്ടും മടിയില്ലാത്ത വ്യക്തിയായിരുന്നു പാപ്പാ. മെക്സിക്കൻ അതിർത്തിയിൽ അമേരിക്ക മതിൽ കെട്ടിയപ്പോൾ മതിൽകെട്ടി വേർതിരിക്കു ന്നവർ ക്രിസ്ത്യാനികൾ അല്ലെന്നും പാലങ്ങൾ പണിത് പരസ്പരം ബന്ധിപ്പിക്കുകയാണ് നമ്മുടെ ധർമമെന്നും പാപ്പാ തുറന്നുപറഞ്ഞു. സഭയിൽ ആർക്കും ഒരിക്കലും അടയ്ക്കാ നാവാത്ത ചില വാതിലുകൾ തുറന്നശേഷമാണ് മാർപാപ്പാ വിട പറയുന്നത്. മുഖം നോക്കാതെ നിരന്തരം സമാധാനത്തിന് അനുകൂലമായി, യുദ്ധങ്ങൾക്കെതിരേ നിലപാടുകൾ സ്വീകരിച്ച പാപ്പാ നിർഭയനായിരുന്നു. അനിയന്ത്രിതമുതലാളിത്ത വ്യവസ്ഥിതിയെ നിരന്തരം പാപ്പാ വിമർശിച്ചിരുന്നു. പരിശുദ്ധ ഫ്രാൻസിസ് പിതാവിന്റെ മറയില്ലാത്ത സംസാരശൈലി അദ്ദേഹത്തിന്റെ പ്രേഷിതതീക്ഷ്ണതയുടെ തെളിവായിരുന്നു. സഭയിൽ വൈദികമേധാവിത്വം (ക്ലരിക്കലിസം) ആധിപത്യം സ്ഥാപിക്കാൻ പാടില്ല എന്നു നിർബന്ധമുണ്ടായിരുന്നു. പൗരോ ഹിത്യജീവിതശൈലിയിൽ മാറ്റമുണ്ടാകണമെന്ന് അദ്ദേഹം നിരന്തരം ഉദ്ബോധിപ്പിച്ചു. വൈദികർ സൗമ്യരും ക്ഷമയു ള്ളവരും ദയയുള്ളവരുമായി ലാളിത്യത്തിന്റെ ആൾരൂപങ്ങളായി വർത്തിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. പൂമ്പാറ്റ കളുടെ വർണ്ണാഭമായ ജീവിതമല്ല സമർപ്പിത ശുശ്രൂഷയിൽ ഉള്ളവർ സ്വീകരിക്കേണ്ടതെന്നു പഠിപ്പിച്ചു. ഇരുട്ടിനെ സ്നേഹി

ക്കുന്ന വവ്വാലുകളാകരുത് നാം എന്നും പ്രകാശത്തെ സ്നേഹിക്കുന്ന വെളിച്ചത്തിന്റെ ജനം ആകണമെന്നും പാപ്പാ പഠിപ്പിച്ചു.

ഓർത്തോ പ്രാക്സിസ് : സുവിശേഷത്തിലെ വിപ്ലവകരമായ സന്ദേശത്തെ അതേ വിപ്ലവശൈലിയിൽ അവതരിപ്പിക്കാൻ പാപ്പാ ശ്രദ്ധിച്ചു. എന്നാൽ, സഭയുടെ അടിസ്ഥാന വിശ്വാസപ്രമാണങ്ങളിലോ പരമ്പരാഗത നിയമശൈലികളിലോ ഒരു മാറ്റവും വരുത്താതിരിക്കാൻ പരിശുദ്ധ പിതാവ് ജാഗ്രത പുലർത്തി. അനുഭാവികളെയും ആരാധകരെയും സമൃദ്ധമായി നേടുന്ന അദ്ഭുതവ്യക്തിയായി മാറാൻ വിലകുറഞ്ഞ ഒരു തന്ത്രവും ഉപയോഗിച്ചിട്ടില്ല. ജനങ്ങളോടൊപ്പം ജനങ്ങൾക്കു മുമ്പിലും മധ്യത്തിലും പിറകിലുമായി സദാ ജാഗ്രതയുള്ള ഇടയൻ ആയിരുന്നു ഫ്രാൻസിസ് പിതാവ്. കാർക്കശ്യം ആവശ്യമുള്ള മേഖലകളിൽ ഒരു വിട്ടുവീഴ്ചയ്ക്കും പാപ്പാ തയ്യാറായിരുന്നില്ല. ചൂഷകരോട് പക്ഷംചേരാതെ അതിജീവിതരോടു ചേർന്നുനിൽക്കാൻ ഏറെ ശ്രദ്ധിച്ചു.

ഫ്രാൻസിസ് : ഫ്രാൻസിസ് എന്നത് പാപ്പായുടെ ഒരു പേര് മാത്രമായിരുന്നില്ല. പാപ്പാ ജീവിക്കാൻ ആഗ്രഹിച്ച ജീവിതശൈലിയായിരുന്നു, പ്രഘോഷിക്കാൻ ആഗ്രഹിച്ച സുവിശേഷമായിരുന്നു, പാലിക്കാൻ ആഗ്രഹിച്ച മതബോധനമായിരുന്നു, സ്വർഗത്തിലേക്കുള്ള കവാടമായിരുന്നു. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ആത്മീയതയുടെ അടിസ്ഥാനഘടകങ്ങളായ ദാരിദ്ര്യാരൂപി, ജീവിതലാളിത്യം, വിനയം, സകല ജീവജാലങ്ങളോടുമുള്ള സ്നേഹം, സമാധാനം, അനുരഞ്ജനം, സന്തോഷം, കൃതജ്ഞത നിറഞ്ഞ മനസ്സ് എന്നിവ പരിശുദ്ധ ഫ്രാൻസിസ് പിതാവിന്റെയും ആത്മീയതയുടെ മുഖമുദ്രകളായിരുന്നു. ഫ്രാൻസിസ് പിതാവ് ജീവിച്ചുകാണിച്ചുതന്ന ഫ്രാൻസിസ്കൻ ആത്മീയതയിൽ പ്രാർത്ഥനയും ധ്യാനവും ദരിദ്രരോടും അവഗണിക്കപ്പെട്ടവരോടുമുള്ള സ്നേഹവും ലോകം ശ്രദ്ധിച്ച ആത്മീയമൂല്യങ്ങൾ ആയിരുന്നു. ഫ്രാൻസിസ് പിതാവ് എഴുതിയ

ചാക്രികലേഖനങ്ങൾ – 'സ്നേഹത്തിന്റെ ആനന്ദം', 'അങ്ങേയ്ക്ക് സ്തുതി', 'നാം സഹോദരർ', 'അവൻ നമ്മെ സ്നേഹിച്ചു' എന്നിവ 'ഫ്രാൻസിസ്കൻ ടച്ചിൽ' മെനയപ്പെട്ടതായിരുന്നു, അതുപോലെതന്നെ മറ്റു പ്രബോധനങ്ങളും. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് പാപ്പായുടെതന്നെ വാക്കുകൾ– 'ഹൃദയത്തിൽ ദരിദ്രരായിരിക്കുക; അതാണ് വിശുദ്ധി. ശാന്തത യോടും വിനയത്തോടുംകൂടി പ്രതികരിക്കുക; അതാണ് വിശുദ്ധി. മറ്റുള്ളവരോടൊത്തു വിലപിക്കുന്നത് എങ്ങനെയാണെന്ന് അറിയുക; അതാണ് വിശുദ്ധി. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുക അതാണ് വിശുദ്ധി. സ്നേഹത്തെ കളങ്കപ്പെടുത്തുന്നതിൽനിന്നെല്ലാം ഹൃദയത്തെ കാത്തുസൂക്ഷി ക്കുക അതാണ് വിശുദ്ധി. 'ഞാൻ അത്യധികം ആഗ്രഹിച്ചു' എന്ന തിരുവെഴുത്തിലൂടെ ദൈവാരാധനയുടെ വിശാലമായ പ്രബോ ധനം നൽകി. ലിറ്റർജിയെക്കുറിച്ച് ഇത്ര സമഗ്രമായ പഠനം വേറേ അധികമില്ല. കാർക്കശ്യം ആവശ്യമുള്ള സ്ഥലത്ത് ഒരു വിട്ടുവീഴ്ചയ്ക്കും പാപ്പാ തയ്യാറായിരുന്നില്ല. ലിറ്റർജിയെ സംബ ന്ധിച്ച് ഒരു വെള്ളംചേർക്കലിനും അദ്ദേഹം തയ്യാറല്ലായിരുന്നു. സീറോ മലബാർസഭ അവളുടെ ആരാധനക്രമവും, പൈതൃക വും അഭംഗുരം സൂക്ഷിക്കണമെന്ന് പരിശുദ്ധ പിതാവ് അത്യ ധികം ആഗ്രഹിച്ചു. പുരോഗതിയും വളർച്ചയും അച്ചടക്കം ഉണ്ടെങ്കിൽമാത്രം കൈവരിക്കാനാവുന്ന നേട്ടങ്ങളാണെന്ന് ദൃഢമായി വിശ്വസിച്ചു.

അസാധാരണ ജൂബിലി പ്രഖ്യാപിച്ചുകൊണ്ട് പാപ്പായെ ഴുതി: 'ഈ ജൂബിലിയിൽ ക്രൈസ്തവർ ശാരീരികവും ആത്മീ യവുമായ കാരുണ്യപ്രവൃത്തികൾ മേൽവിചിന്തനം നടത്തണം എന്നത് എന്റെ ആഗ്രഹമാണ്. സമൂഹത്തിലെ അങ്ങേയറ്റത്തെ അതിർത്തികളിൽ ജീവിക്കുന്നവരിലേക്കു നമ്മുടെ ഹൃദയങ്ങൾ തുറക്കുക. അവരിലേക്കു നമ്മുടെ കണ്ണുകൾ തുറക്കുകയും ലോകത്തിന്റെ യാതനകളും അന്തസ്സ് നിഷേധിക്കപ്പെട്ട സഹോ ദരീസഹോദരങ്ങളുടെ മുറിവുകളും കാണുകയും സഹായ

ത്തിനുള്ള അവരുടെ നിലവിളി കേൾക്കാൻ നാം നിർബന്ധിതരാണെന്നു തിരിച്ചറിയുകയും ചെയ്യുക."

പരിശുദ്ധ പിതാവ് നടത്തിയ യാത്രകൾക്കെല്ലാം സത്കർമ്മത്തിന്റെ വ്യക്തമായ ഛായ ഉണ്ടായിരുന്നു. 2019 –ലെ അറബ് എമിറേറ്റ്സിലേക്കു നടത്തിയ യാത്ര മതാന്തരസംവാദത്തിന്റെയും മനുഷ്യസാഹോദര്യത്തിന്റെയും അടയാളപ്പെടുത്തലായിരുന്നു. അഭയാർത്ഥികളോടും പ്രവാസികളോടും പാപ്പാ പുലർത്തിയ ആത്മബന്ധം മനുഷ്യസമൂഹത്തിന്റെ മുഴുവൻ സ്നേഹപിതാവായ ദൈവത്തിന്റെ വികാരിയാണ് എന്ന അവബോധം ഉള്ളതുകൊണ്ടാണ്. പ്രകൃതിയെ മുഴുവൻ സംരക്ഷിക്കാൻ ശ്രദ്ധിച്ചു.

പള്ളികൾ വിറ്റ് ദരിദ്രരെ സഹായിക്കണമെന്ന് പാപ്പാ പറഞ്ഞത് വിശുദ്ധ കുർബാനയുടെയും ആരാധനാജീവിതത്തിന്റെയും തുടർച്ചയാണ് ദരിദ്രരോടുള്ള പരിഗണന എന്ന വലിയ സത്യം അടിവരയിട്ടു സ്ഥാപിക്കുന്നതിന് ആയിരുന്നു. തിരുസ്സഭയുടെ നിലപാടുകളിൽ ഉറച്ചുനിന്നത് പ്രത്യക്ഷത്തിൽ പുരോഗമനവാദികൾ എന്ന് സ്വയം കരുതുന്ന കുറച്ചുപേർക്ക് എങ്കിലും നിരാശ വരുത്തിയിട്ടുണ്ട്.

ലോകത്തിലുള്ള മുഴുവൻപേരുടെയും സങ്കടങ്ങൾ സ്വന്തം സങ്കടങ്ങളായി കരുതിയ ദൈവത്തിന്റെ ഭൂമിയിലെ കണ്ണായിരുന്നു ഫ്രാൻസിസ് പാപ്പാ.

**ഹൃദയം നഷ്ടപ്പെട്ട ലോകത്തിനു ഹൃദയം കൊടുക്കുക.**

Dilexit Nos അവൻ നമ്മെ സ്നേഹിച്ചു. പരിശുദ്ധ പിതാവിന്റെ അവസാന ചാക്രികലേഖനം. ശിഥിലമായ ലോകത്ത് യാഥാർഥ്യത്തെ ഏകീകരിക്കുന്ന തത്ത്വമായി മിശിഹായുടെ ഹൃദയത്തെ പരിശുദ്ധ ഫ്രാൻസിസ് പിതാവ് അവതരിപ്പിക്കുന്നു. ഈ ചാക്രികലേഖനം പ്രസിദ്ധം ചെയ്യുന്നതിനു മുമ്പു പാപ്പാ നടത്തിയ ഒരു പ്രഖ്യാപനം, 'കർത്താവിന്റെ സ്നേഹത്തെക്കുറിച്ചു ധ്യാനിക്കുന്നത് സഭാനവീകരണത്തിന്റെ

പാതയെ പ്രകാശിപ്പിക്കാനും ഹൃദയം നഷ്ടപ്പെട്ടതായി തോന്നുന്ന ഒരു ലോകത്തോട് എന്തെങ്കിലും സഹായിച്ചു എന്നതുമാണ്.' ജീവശാസ്ത്രം, മനഃശാസ്ത്രം, നരവംശശാസ്ത്രം, അല്ലെങ്കിൽ മറ്റേതെങ്കിലും ശാസ്ത്രം എന്നിവ ഹൃദയം എന്ന വാക്കിന്റെ അർത്ഥം വേണ്ടവിധം ഉൾക്കൊള്ളുന്നില്ല എന്ന് പാപ്പാ സമർ ഥിക്കുന്നു. ഹൃദയത്തിൽനിന്ന് പരിവർത്തനം ആരംഭിച്ചുകൊണ്ട് ലോകത്തെ മാറ്റാൻ കഴിയും. മൂന്നാം സഹസ്രാബ്ദത്തിലെ സ്ത്രീപുരുഷന്മാർക്ക് ദൈവത്തെ അറിയാനും തങ്ങളെത്തന്നെ അറിയാനും മിശിഹായുടെ ഹൃദയം ആവശ്യമാണ്. സ്നേഹ ത്തിന്റെ നാഗരികത കെട്ടിപ്പടുക്കാൻ അവർക്ക് അത് ആവശ്യമാണ്. ഈ ചാക്രികലേഖനം ആധുനികചിന്തയുമായി ആഴത്തിൽ ഇടപഴകുന്നു. തത്ത്വചിന്ത ആരംഭിക്കുന്നത് ഒരു ശുദ്ധമായ ആശയത്തിലോ ഉറപ്പിലോ അല്ല; മറിച്ച്, ഒരു ഞെട്ടലോ ടെയാണ് എന്ന മാർട്ടിൻ ഹൈഡഗറുടെ ഉൾക്കാഴ്ചയെ പാപ്പാ ഉദ്ധരിക്കുന്നു. ആഴമായ വികാരം ഇല്ലാതെ ചിന്ത ആരംഭിക്കു ന്നില്ല. അതിനാൽ, ആദ്യത്തെ മാനസികസങ്കല്പം ഒരു വികാരാ നുഭവം ആയിരിക്കും. പാപ്പാ പറയുന്നു, ഇവിടെയാണ് ഹൃദയം വരുന്നത്. നിരാശാജനകമായ വിധം ഛിന്നഭിന്നമാണെന്നു തോന്നുന്ന വ്യക്തിപരമായ നമ്മുടെ ചരിത്രത്തെ ഹൃദയത്തിന് ഏകീകരിക്കാനും യോജിപ്പിക്കാനും കഴിയും. ഹൃദയത്തിനു മാത്രമേ എല്ലാറ്റിനും അർത്ഥം കണ്ടെത്താൻ കഴിയൂ. വ്യത്യസ്ത മനസ്സുകളോ ഇച്ഛകളോ ഏകീകരിക്കുന്നതിലും അനുരഞ്ജിപ്പിക്കുന്നതിലും ഹൃദയത്തിന്റെ സഹായത്താൽ നമ്മുടെ സമൂഹങ്ങൾ വിജയിക്കും. അതുവഴി, സഹോദരീസഹോദരങ്ങൾ എന്ന നിലയിൽ ഐക്യത്തിൽ നമ്മെ നയിക്കാൻ ആത്മാവിനു കഴിയും. അനുരഞ്ജനവും സമാധാനവും ഹൃദയത്തിൽ നിന്നാണ് ജനിക്കുന്നത്. മിശിഹായുടെ ഹൃദയമെന്നാൽ തുറന്ന മനസ്സ്, സമാധാനം, സന്തോഷം, കണ്ടുമുട്ടൽ എന്നിവ അർഥ മാക്കുന്നു. ടെക്നോളജിയും ഉപഭോഗപരതയും അടക്കിവാഴുന്ന സമൂഹത്തോടുള്ള സുപ്രധാനമായ ഒരു പ്രതികരണമാണ് പാപ്പാ

നൽകുന്നത്. ഉപരിപ്ലവതയുടെ ഒരു കാലഘട്ടത്തിൽ എന്നതു പോലെ ജീവിക്കുകയും എന്തുകൊണ്ട് എന്നറിയാതെ ഒന്നിൽനിന്നു മറ്റൊന്നിലേക്കു ഭ്രാന്തമായി പായുകയും, നമ്മുടെ ജീവിതത്തിന്റെ ആഴമേറിയ അർത്ഥത്തെക്കുറിച്ച് ഉത്കണ്ഠയില്ലാതെ കമ്പോളസംവിധാനങ്ങളുടെ അതിഭക്തരായ ഉപഭോക്താക്കളും അടിമകളുമായി അവസാനിക്കുകയും ചെയ്യുന്ന നാമെല്ലാവരും ഹൃദയത്തിന്റെ പ്രാധാന്യം വീണ്ടും കണ്ടെത്തേണ്ടതുണ്ട് എന്ന ആഴമായ പ്രബോധനമാണ് പാപ്പാ നൽകുന്നത്. തിരുഹൃദയത്തോടുള്ള ഭക്തി കേവലം ഒരു സ്വകാര്യ ആത്മീയ ആചാരമല്ലെന്നും സാമൂഹികജീവിതത്തിലും മനുഷ്യബന്ധങ്ങളിലും ആഴത്തിലുള്ള ചലനങ്ങൾ ഉണ്ടാക്കാൻ ഈ ഭക്തിക്കു കഴിയുമെന്നും പാപ്പാ പഠിപ്പിക്കുന്നു. ഈശോയുടെ ഹൃദയത്തിൽ സുവിശേഷങ്ങൾ അതിന്റെ സമ്പൂർണ്ണതയിൽ എത്തുന്നു. ഹൃദയപൂർവം സംസാരിക്കാനും പ്രവർത്തിക്കാനും കഴിയാതെ വരുമ്പോൾ ഹൃദയത്തിന്റെ മൂല്യം നഷ്ടപ്പെടുന്നു. എല്ലാം ഹൃദയത്തിന്റെ ഭരണത്തിൻകീഴിൽ കൊണ്ടുവരണം. ബുദ്ധി, മനസ്സ്, ഭാവന എല്ലാം. അക്രമവാസനയും ആർത്തിയും അതിനു കീഴിൽ ഇല്ലാതാകും. എന്നെ ഞാൻ ആക്കുന്നത് ഹൃദയമാണ്. മറ്റുള്ളവരോട് എന്നെ ചേർക്കുന്നതും ഹൃദയമാണ്. ഏതു ശാസ്ത്രവും മനുഷ്യരെ ഭാഗികമായിമാത്രമേ കാണുന്നുള്ളൂ. ഹൃദയംമാത്രം മനുഷ്യനെ അവന്റെ ആന്തരികതയിലേക്കു നയിക്കപ്പെട്ട് സമ്പൂർണ്ണതയെ ഒന്നിച്ചു തിരിച്ചറിയാൻ സഹായിക്കുന്നു. ഹൃദയവിരുദ്ധത നമ്മെ നാർസ്സിസിസം എന്ന സ്വന്തം മുഖത്തെമാത്രം സ്നേഹിക്കുന്ന സ്ഥിതിയിൽ എത്തിക്കുന്നു.

ഒരുവന്റെ സമഗ്രവ്യക്തിത്വത്തിന്റെ ഉൾക്കാമ്പ് ഹൃദയമാണ്. ഒരുവന്റെ സ്വത്വം എന്നത് ആത്മാവും ശരീരവും ചേർന്നതാണ്. ഈ സ്വത്വം പൂർണ്ണമാകുന്നത് സ്നേഹത്തിലാണ്. ലോകസമൂഹത്തിൽ ഹൃദയം നഷ്ടപ്പെട്ടതുകൊണ്ടാണ് യുദ്ധങ്ങളും വഞ്ചനയും സ്വാർത്ഥമോഹങ്ങളും പെരുകുന്നത്. തത്വചിന്ത

വഴിമുട്ടുമ്പോൾ വിശ്വസിക്കുന്ന ഹൃദയം പ്രാർഥിക്കുന്നു. ബുദ്ധിയുടെ വെളിച്ചമല്ല, ഹൃദയത്തിന്റെ തീയാണു പ്രധാനമെന്ന് വിശുദ്ധ ബൊനവെന്തുര പറയുന്നു. അതിനാൽ, നിത്യസത്യങ്ങൾ കേവലം അറിവല്ല; ഹൃദയത്തെ സ്പർശിക്കലാണ്. ഹൃദയം ഹൃദയത്തോടു സംസാരിക്കണം. കാർഡിനൽ ന്യൂമാൻ വിശുദ്ധ കുർബാനയിൽ മിശിഹായുടെ ജീവനുള്ള ഹൃദയം കണ്ടെത്തി.

പലതവണ പരിശുദ്ധ ഫ്രാൻസിസ് പിതാവിനെ കാണാനുള്ള ഭാഗ്യം എനിക്കു ലഭിച്ചിട്ടുണ്ട്. ഒരിക്കൽ ഞാൻ എഴുതിയ 'Windows to Heaven' എന്ന പുസ്തകം പാപ്പായ്ക്ക് നൽകി. പുസ്തകം വാങ്ങിച്ച് സൂക്ഷ്മതയോടെ നോക്കിയിട്ട് പറഞ്ഞു: ‘ഓ.. സ്വർഗ്ഗത്തിലേക്കുള്ള ജനാലകളാണിത് അല്ലേ? ഇനിയിപ്പോൾ കാര്യങ്ങളെല്ലാം എളുപ്പമായി.’

മറ്റൊരു അവസരത്തിൽ കുടുംബങ്ങളെക്കുറിച്ചുള്ള റോമൻസ് സംസാരിക്കാൻ കിട്ടിയ സമയത്ത് ഗ്രാൻഡ്പേരൻസിനെ സ്വന്തം വീടുകളിൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അന്ന് ഭക്ഷണം കഴിക്കുന്ന സമയത്ത് പരിശുദ്ധ പിതാവ് അടുത്തുവന്ന് തോളിൽ തട്ടിപ്പറഞ്ഞു: ‘അത് ലോകത്തിനും മുഴുവനും മാതൃകയാകേണ്ട കാര്യമാണ്. ഈ പിതാക്കന്മാർ തിരിച്ച് അവരുടെ നാട്ടിലേക്കു പോകുമ്പോൾ കൊണ്ടുപോകേണ്ട സന്ദേശം.’

ഫ്രാൻസിസ് പാപ്പാ നിർവചനങ്ങൾക്ക് അതീതമായി സമാനതകളില്ലാത്ത നേതൃത്വമികവിലൂടെ ഒരായുസ്സുമുഴുവൻ സുവിശേഷത്തിന്റെ മൂല്യങ്ങളെ ലോകത്തിനു പകർന്നുതന്ന വിശ്വപൗരനാണ്. ദൈവം നമുക്കു നൽകിയ ഇക്കാലത്തെ അമൂല്യനിധിയായിരുന്നു, വിലകൂടിയ രത്നമായിരുന്നു ഫ്രാൻസിസ് പാപ്പാ. ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്ന വെളിച്ചമായിരുന്നു അദ്ദേഹം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ നമ്മുടെ ചിന്താമണ്ഡലത്തെ നിരന്തരം സ്വാധീനിച്ച പാപ്പാ ചരിത്രത്തിന്റെ ഭാഗമായിത്തീർന്നു.

# വൈദികരുടെ ശ്രദ്ധയ്ക്ക്

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ,

തന്റെ തിരുഹൃദയത്തിന്റെ സ്നേഹമായ പൗരോഹിത്യത്തിലേക്ക് നമ്മെ വിളിച്ചതിനും നിലനിർത്തുന്നതിനും മിശിഹായ്ക്ക് നമുക്കു നന്ദി പറയാം. സുദീർഘമായ ഒരു കാലം സെമിനാരി പരിശീലനത്തിലൂടെ കടന്നുപോയതിനുശേഷമാണ് നാം തിരുപ്പട്ടം സ്വീകരിച്ചത്. കാലംചെയ്ത പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ വാക്കുകളിൽ, നല്ല ഒരു വൈദികൻ അഥവാ നല്ല ഒരു സന്ന്യാസി ദൈവകൃപയാൽ രൂപീകരിക്കപ്പെട്ട, പരിശീലിപ്പിക്കപ്പെട്ട ഒരു വ്യക്തിയാണ്. എന്നാൽ, ഈ പരിശീലനം നിർദ്ദിഷ്ട സമയംകൊണ്ട് അവസാനിക്കുന്ന ഒന്നല്ല; മറിച്ച്, ജീവിതം മുഴുവൻ തുടരുന്ന ഒരു പരിശീലനമാണ് എന്ന് പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ടുതന്നെ വൈദികജീവിതത്തിൽ തുടർപരിശീലനത്തിനു സുപ്രധാന സ്ഥാനമുണ്ട്.

നമ്മുടെ രൂപതയിൽ നാളിതുവരെ വൈദികതുടർപരിശീലനം വിജയകരമായി നടത്തുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ദ്രുതഗതിയിൽ വളരുന്ന, മാറുന്ന ആധുനികലോകത്തിൽ നമ്മുടെ കർത്താവിന്റെ സുവിശേഷം ഫലപ്രദമായി അവതരിപ്പിക്കാനുള്ള പ്രായോഗികപരിശീലനം സിദ്ധിക്കേണ്ടത് അനിവാര്യതയാണ്. ദൈനംദിന ഇടവകപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും കൂദാശാകേന്ദ്രിതമായ ക്രൈസ്തവജീവിതത്തിൽ ആരാധനക്രമഅച്ചടക്കം അഭ്യസിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും സഭയുടെയും സർക്കാരിന്റെയും നിയമങ്ങളെക്കുറിച്ച് അറിവു സമ്പാദിക്കുന്നതിനും ആധുനികസാങ്കേതികവിദ്യ സാമ്പത്തികസുതാര്യതയ്ക്കു സഹായകമാക്കുന്നതിനും സമൂഹമാധ്യമങ്ങളെ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ സുവിശേഷകൈമാറ്റം നടത്തുന്നതിനും യുവജനപ്രേഷിതത്വത്തിന്റെ

നവീനമാർഗങ്ങൾ ചർച്ചയാക്കുന്നതിനും ഇടവകയിലെ രേഖാലയങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനും വ്യക്തിപരമായ ആരോഗ്യസംരക്ഷണത്തിന്റെയും വ്യായാമത്തിന്റെയും പ്രാധാന്യം ബോധ്യമാകുന്നതിനും കലയുടെയും സാഹിത്യത്തിന്റെയും നവീനസാധ്യതകളെ മനസ്സിലാക്കുന്നതിനും വ്യക്തിപരമായ ആത്മീയനിഷ്ടകൾ മാനസികാരോഗ്യത്തിനും ആത്മീയ ഔത്സുക്യത്തിനും പ്രധാനപ്പെട്ടതാണെന്നു മനസ്സിലാക്കി പ്രാവർത്തികമാക്കുന്നതിനും തുടങ്ങി വ്യത്യസ്തമേഖലകളെക്കുറിച്ചു പ്രായോഗികജ്ഞാനം സമ്പാദിക്കാനുതകുന്ന ഒരു മാസ്റ്റർപ്ലാനാണ് വൈദികതുടർപരിശീലനത്തിനായി വരുംവർഷങ്ങളിലേക്കു സജ്ജീകരിച്ചിട്ടുള്ളത്.

നമ്മുടെ രൂപതയിലെ തുടർ വൈദികപരിശീലനപദ്ധതിക്കു നേതൃത്വം നൽകുന്നതിന് രൂപതയുടെ സിഞ്ചെല്ലൂസ് പെ. ബഹു. ജോസഫ് മലേപ്പറമ്പിൽ അച്ചന്റെ മേൽനോട്ടത്തിൽ ഒരു കമ്മറ്റിയെ നിയോഗിക്കുകയാണ്. ഫാ. ജോസഫ് കുറ്റിയാങ്കൽ (കൺവീനർ), ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ, ഫാ. അഗസ്റ്റിൻ കണ്ടത്തിൽകുടിലിൽ, ഫാ. ജെയിംസ് പനച്ചിക്കൽകരോട്ട് എന്നിവർ കമ്മറ്റിയംഗങ്ങളായിരിക്കും. ഈ കമ്മറ്റിയുടെ നേതൃത്വത്തിലാണ് നമ്മുടെ രൂപതയിലെ വൈദികരുടെ തുടർപരിശീലനപദ്ധതി ഇനിമുതൽ നടത്തുന്നത്. 2025 മെയ് മാസം 13-ാം തീയതി ചൊവ്വാഴ്ചയാണ് ഈ തുടർപരിശീലനപദ്ധതി ആരംഭിക്കുന്നത്.

നാം ജീവിക്കുന്ന ലോകത്തിൽ സാമൂഹമാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. നമ്മുടെ ഇടവകകളിൽ നടത്തപ്പെടുന്ന പരിപാടികൾക്ക് നൂതന ആശയങ്ങൾ കൊണ്ടുവരുന്നതിൽ വൈദികർക്കുള്ള പങ്ക് വളരെ വലുതാണ്. ഡിജിറ്റൽ മീഡിയയുമായി ബന്ധപ്പെട്ടാണ് അതിൽ നല്ല പങ്കും. പുതിയ തലമുറ സാമൂഹമാധ്യമങ്ങളെ അത്രമാത്രം ജീവിതത്തിന്റെ ഭാഗമാക്കിക്കഴിഞ്ഞു. നമ്മുടെ ഇടവകകളിൽ നടക്കുന്ന വിവിധ പ്രോഗ്രാമുകളുടെ നോട്ടീസ്, പോസ്റ്റർ, സ്റ്റാറ്റസ് വീഡിയോകൾ എന്നിവയെക്കുറിച്ചുള്ള ആശയങ്ങൾ പങ്കുവയ്ക്കുന്നതും ഒരു പരിധി

വരെ അവ നിർമ്മിക്കുന്നതും നമ്മൾ അച്ചന്മാരാണ്. ഇക്കഴിഞ്ഞ വിശ്വാസോത്സവത്തിന്റെ ദിനങ്ങളിൽ രൂപതയുടെ മീഡിയകമ്മീഷനുമായി നിങ്ങൾ പങ്കുവച്ച റീലുകൾ അതിന്റെ തെളിവാണ്. നമ്മുടെ ഇടവകകളിൽ നടക്കുന്ന ഒരു പരിപാടിയുടെ നോട്ടീസ്, പോസ്റ്റർ, പ്രൊമോവീഡിയോ, സ്റ്റാറ്റസ് വീഡിയോ തുടങ്ങിയവയെക്കുറച്ചുകൂടി പ്രൊഫഷണലായി പരിചയപ്പെടാനും പഠിക്കാനും നല്ല രീതിയിൽ അവ നിർമ്മിക്കാനും നമ്മൾ ഒത്തുകൂടുകയാണ്. പ്രായോഗികമായി കാണാനും ചെയ്തു പഠിക്കാനുമുള്ള ഈ അവസരത്തെ എല്ലാവരും പ്രയോജനപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

മെയ്മാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.30 മുതൽ 12.30 വരെ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് ആദ്യപരിശീലനപരിപാടി നടക്കുന്നു. 2015 ഡിസംബർ 25 ന് ശേഷം വൈദികപട്ടം സ്വീകരിച്ച എല്ലാവരും ഈ പരിശീലനപരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. അതിനുമുമ്പ് വൈദികപട്ടം സ്വീകരിച്ചവർക്കും പങ്കെടുക്കാവുന്നതാണ്. അങ്ങനെ പങ്കെടുക്കുന്നവർ Whatsapp മെസ്സേജ്വഴിയോ ഫോൺവഴിയോ ബഹു. അഗസ്റ്റിൻ കണ്ടത്തിൽകുടിലിൽ അച്ചനെ (Mob. 9496703568) അറിയിക്കേണ്ടതാണ്.

തുടർപരിശീലനപദ്ധതിയിൽ പങ്കെടുക്കുന്നതുവഴി നമ്മുടെ അജപാലനരംഗത്ത് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ നമുക്കു സാധിക്കും. ഉത്ഥിതനായ കർത്താവിന്റെ അനുഗ്രഹം നിങ്ങൾക്കെല്ലാവർക്കും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 30.04.2025

# അറിയിപ്പ്

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ,

2025 മെയ് 10-ാം തീയതി ശനിയാഴ്ച പ്രവിത്താനം സെന്റ് അഗസ്റ്റ്യൻ ഫൊറോന പള്ളിയങ്കണത്തിൽവച്ച്, പാലാരൂപത യിൽ ജനിച്ചുവളർന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രേഷിതശുശ്രൂഷ ചെയ്യുന്ന വൈദികരുടെയും സമർപ്പിതരു ടെയും സംഗമം നടക്കുകയാണല്ലോ. നമ്മുടെ രൂപതയുടെ ഇട വകകളിലും സ്ഥാപനങ്ങളിലും ശുശ്രൂഷ ചെയ്യുന്ന എല്ലാ ബഹു. വൈദികരെയും രൂപതയുടെ അതിർത്തിക്കുള്ളിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ സന്ന്യാസവൈദികരെയും എല്ലാ ബഹു. സിസ്റ്റേ ഴ്സിനെയും മിഷനറിസംഗമത്തിലേക്കു സ്നേഹപൂർവ്വം ക്ഷണി ക്കുന്നു. മിഷണറിസംഗമത്തിനെത്തുന്നവർ രാവിലെ 9 മണിക്കു മുമ്പായി പ്രവിത്താനം പള്ളിയിൽ എത്തിച്ചേരുവാൻ ശ്രദ്ധിക്കു മല്ലോ. പരിശുദ്ധ കുർബാനയിൽ സഹകാർമ്മികരായി പങ്കെടു ക്കുന്ന ബഹു. വൈദികർ തിരുവസ്ത്രങ്ങൾ (കൊത്തീന, സൂനാറ, ഊറാറ, സന്ദേ, കാപ്പ) കൊണ്ടുവരുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 29.04.2025

# പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ

## റീജിയണൽ-ഫൊറോന-ഇടവക തലങ്ങളിൽ

ഈശോയിൽ സ്നേഹം നിറഞ്ഞ ബഹു. വൈദികരേ, സഹോദരീസഹോദരന്മാരേ,

നമ്മുടെ രൂപത സ്ഥാപിതമായതിന്റെ 75-ാം വർഷത്തിലൂടെ നാം കടന്നുപോവുകയാണല്ലോ. രൂപതയുടെ പ്ലാറ്റിനം ജൂബിലിവർഷത്തിൽ വ്യത്യസ്തമായ പ്രവർത്തനങ്ങളിലൂടെ ദൈവജനത്തിന്റെ ആത്മീയ-ഭൗതിക നവീകരണത്തിനായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ജൂബിലിയോടനുബന്ധിച്ച് 2025 ഏപ്രിൽ, മെയ് മാസങ്ങളിൽ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുവാൻ പരിശ്രമിക്കുമല്ലോ.

1. അല്മായസംഗമം കത്തോലിക്കാ കോൺഗ്രസിന്റെയും മാതൃപിതൃവേദികളുടെയും പ്രോലൈഫ് മൂവ്മെന്റിന്റെയും വിശ്വാസ പരിശീലകരുടെയും കോർപ്പറേറ്റ് സ്കൂൾ അധ്യാപകരുടെയും നേതൃത്വത്തിൽ രൂപതയിലെ 35 മുതൽ 70 വരെ പ്രായമുള്ളവരുടെ സംഗമം, നാല് റീജിയണുകളിലായി നടത്താവുന്നതാണ്.

| | റീജിയൺ | നടത്തേണ്ട സ്ഥലം ഫൊറോനകൾ |
|---|---|---|
| I | ഇലഞ്ഞി | ഇലഞ്ഞി, കുറവിലങ്ങാട്, മുട്ടുചിറ, കോതനല്ലൂർ, കടുത്തുരുത്തി |
| II | ഭരണങ്ങാനം | ഭരണങ്ങാനം, പാലാ, ചേർപ്പുങ്കൽ, പ്രവിത്താനം |
| III | തീക്കോയി | തീക്കോയി, അരുവിത്തുറ, പൂഞ്ഞാർ, കൂട്ടിക്കൽ |
| IV | തുടങ്ങനാട് | കടനാട്, രാമപുരം, തുടങ്ങനാട്, മൂലമറ്റം |

2. എയ്ഞ്ചൽസാ മീറ്റ് ഈ വർഷം ആഘോഷമായ ദിവ്യകാരുണ്യസ്വീകരണം നടത്തുന്ന കുട്ടികളുടെ സംഗമം നാലു റീജിയണുകളിൽ നടത്താവുന്നതാണ്.

| റീജിയൺ | നടത്തുന്ന സ്ഥലം | ഫൊറോനകൾ |
|---|---|---|
| I | മുട്ടുചിറ | ഇലഞ്ഞി, കുറവിലങ്ങാട്, മുട്ടുചിറ, കോതനല്ലൂർ, കടുത്തുരുത്തി |
| II | ചേർപ്പുങ്കൽ | ഭരണങ്ങാനം, പാലാ, ചേർപ്പുങ്കൽ, പ്രവിത്താനം |
| III | പൂഞ്ഞാർ | തീക്കോയി, അരുവിത്തുറ, പൂഞ്ഞാർ, കൂട്ടിക്കൽ |
| IV | കടനാട് | കടനാട്, രാമപുരം, തുടങ്ങനാട്, മൂലമറ്റം |

3. റ്റീൻസ് മീറ്റ് : 5 മുതൽ 9 വരെ ക്ലാസുകളിൽ പഠിക്കുന്നവരുടെ സംഗമം ഫൊറോനവികാരിയുടെ നേതൃത്വത്തിൽ ഓരോ ഫൊറോനയിലും.

4. എൽഡേഴ്സ് മീറ്റ് : 70 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ സംഗമം ബഹു. വികാരിയുടെ നേതൃത്വത്തിൽ ഇടവകതലത്തിൽ.

5. ഇൻഫേന്റ്സ് മീറ്റ് : മൂന്നാം ക്ലാസ് വരെ പഠിക്കുന്നവരുടെ സംഗമം ഇടവകതലത്തിൽ.

മേൽവിവരിച്ച വ്യത്യസ്തമായ സംഗമങ്ങളിലൂടെ നമ്മുടെ ദൈവജനത്തിന്റെ ആത്മീയവളർച്ചയ്ക്കും ഉത്തമ സന്മാർഗ്ഗപരിശീലനത്തിനുംവേണ്ടി നമുക്ക് ആത്മാർഥമായി പരിശ്രമിക്കാം.

എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 25.04.2025

# കച്ചേരിക്കാര്യം

## Transfers & Appointments

| Name | Appointment |
|---|---|
| Anithottathil Gervasis | Director, Mar Sleeva Medicity |
| Kaniyampadickal Sebastian | Vicar, Moozhoor |
| Kappiliparampil Kuriakose | Relieved, Warden, Christu Raj Hostel, Arunapuram |
| Manarkattu Joseph | Sea View Estate, Parathanam & Doctoral Studies, PVP Vadavathoor |
| Muthuplackal Mathew | Judge, Eparchial Tribunal |
| Naduthadam John | Defender of Bond, Eparchial Tribunal (additional) |
| Pallackal Joseph | Warden, Christu Raj Hostel, Arunapuram |
| Panthalanickal Mathew | Vicar, Kizhaparayar |
| Thazhathuvarickayil Joseph | Judge, Eparchial Tribunal ( additional) |
| Vadakkethakidiyel Kuriakose | Asst. Warden, Christu Raj Hostel, Arunapuram |




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ലീഡ്‌ലെസ് പേസ്മേക്കർ ചികിത്സ വിജയകരമായി നടത്തി**

ഗുരുതര ഹൃദ്രോഗം ബാധിച്ച രോഗി, മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ അത്യാധുനിക ലീഡ്‌ലെസ് പേസ്മേക്കർ ചികിത്സയിലൂടെ സുഖം പ്രാപിച്ചു. മാലദ്വീപ് സ്വദേശിയായ 44 കാരനാണ് ഹൃദ്രോഗത്തെത്തുടർന്ന് മാർ സ്ലീവാ മെഡിസിറ്റിയിൽ ചികിത്സ തേടിയിരുന്നത്. റുമാറ്റിക് ഹൃദ്രോഗത്തെത്തുടർന്ന് 8 വർഷമായി കൊച്ചിയിലെ ആശുപത്രിയിൽ ഉൾപ്പെടെ ചികിത്സയിലായിരുന്നു ഇദ്ദേഹം. ഹൃദയത്തിന്റെ രണ്ടു വാൽവുകളും നേരത്തെ മാറ്റിവയ്ക്കുകയും ചെയ്തിരുന്നു. കിതപ്പ്, നെഞ്ചിടിപ്പ്, തലചുറ്റൽ, അമിത ക്ഷീണം എന്നിവ വീണ്ടും അനുഭവപ്പെട്ടതിനെത്തുടർന്നാണ് മാർ സ്ലീവാ മെഡിസിറ്റിയിൽ ചികിത്സയ്ക്കായി എത്തിയത്. കാർഡിയാക് സയൻസസ് വിഭാഗം മേധാവി ഡോ. രാംദാസ് നായികിന്റെ നേതൃത്വത്തിൽ ഹോൾട്ടർ വച്ച് നടത്തിയ പരിശോധനയിൽ ഹൃദയ മിടിപ്പിന്റെ താളം തെറ്റിയതായും ഹൃദയമിടിപ്പ് വളരെ താഴുന്നതായും കണ്ടെത്തി. യുവാവിന്റെ വാൽവുകൾ രണ്ടും മാറ്റിവച്ചിരുന്നതിനാൽ സാധാരണ പേസ്മേക്കർ സ്ഥാപിച്ചാൽ മറ്റ് ആരോഗ്യപ്രശ്നങ്ങൾക്കു സാധ്യതയുണ്ടായിരുന്നു. രക്തസ്രാവത്തിനും സാധ്യതയുള്ളതിനാലാണ് അത്യാധുനിക ലീഡ്‌ലെസ്

പേസ്മേക്കർ ചികിത്സ നിർദേശിച്ചത്. ഡോ. രാംദാസ് നായികിന്റെ നേതൃത്വത്തിൽ നടത്തിയ ചികിത്സയിൽ യുവാവിന്റെ കാലിൽക്കൂടി ഹൃദയത്തിന്റെ വലത്തു ഭാഗത്തെ അറയിൽ എത്തിച്ചാണ് ലീഡ്ലെസ് പേസ്മേക്കർ സ്ഥാപിച്ചത്. കാർഡിയാക് അനസ്തേഷ്യവിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. നിതീഷ് പി.എൻ. ചികിത്സയുടെ ഭാഗമായി. സാധാരണ പേസ്മേക്കർ സ്ഥാപിക്കുമ്പോൾ രക്തം കട്ടപിടിക്കാതിരിക്കാനുള്ള മരുന്നുകൾ ഉൾപ്പെടെ നിർത്തേണ്ടിവരുമ്പോൾ ലീഡ്ലെസ് പേസ്മേക്കറിന് ഇതിന്റെ ആവശ്യമില്ല എന്ന പ്രത്യേകതയുമുണ്ട്. പിറ്റേദിവസംതന്നെ സാധാരണനിലയിലേക്കു തിരിച്ചെത്തിയ രോഗി ചികിത്സ പൂർത്തീകരിച്ചു മാലദ്വീപിനു മടങ്ങുകയും ചെയ്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ രക്തഗ്രൂപ്പുകൾ മാറിയുള്ള**
**എബിഒ ഇൻകോം പാക്ടബിൾ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയം**

രക്തഗ്രൂപ്പുകൾ മാറിയുള്ള അത്യപൂർവ്വ എബിഒ ഇൻകോം പാക്ടബിൾ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ മാർ സ്ലീവാ മെഡിസിറ്റിയിൽ വിജയകരമായി നടത്തി. ഗുരുതര കിഡ്നിരോഗം ബാധിച്ച പാലാ സ്വദേശിനിയായ 18 വയസ്സുകാരിക്കാണ് വ്യത്യസ്ത ഗ്രൂപ്പായിരുന്ന മാതാവിന്റെ വൃക്ക മാറ്റിവെച്ചത്. രക്തഗ്രൂപ്പിലെ പൊരുത്തമില്ലായ്മ മറികടന്നു ജില്ലയിൽ നടത്തിയ ആദ്യത്തെ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണിത്. ഒ പോസിറ്റീവ് ഗ്രൂപ്പായ പെൺകുട്ടിക്ക് എ പോസിറ്റീവ് ഗ്രൂപ്പായ 51 കാരി മാതാവിന്റെ വൃക്ക മാറ്റിവയ്ക്കുകയായിരുന്നു. നെഫ്രോളജി വിഭാഗം സീനിയർ കൺസൾട്ടന്റും ട്രാൻസ്പ്ലാന്റ് നെഫ്രോളജിസ്റ്റുമായ ഡോ. മഞ്ജുള രാമചന്ദ്രൻ, യൂറോളജി വിഭാഗം സീനിയർ കൺസൾട്ടന്റും റീനൽ ട്രാൻസ്പ്ലാന്റ് സർജനുമായ ഡോ. വിജയ് രാധാകൃഷ്ണൻ, കാർഡിയോതൊറാസിക് ആൻഡ് വാസ്കുലാർ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. കൃഷ്ണൻ സി. എന്നിവരുടെ നേതൃത്വത്തിലായിരുന്നു വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ. ഒന്നര വയസ്സുമുതൽ വൃക്കരോഗത്തിനു ചികിത്സയിലായിരുന്നു പെൺകുട്ടി. എസ്.എസ്. എൽ.സി പരീക്ഷയിൽ രണ്ടു വർഷം മുമ്പ് 80 ശതമാനത്തിൽ അധികം മാർക്കോടെ ഉന്നതവിജയം നേടുകയും ചെയ്തു. പ്ലസ്വൺ ക്ലാസിലേക്ക് അഡ്മിഷൻ എടുത്തെങ്കിലും രോഗം വീണ്ടും മൂർച്ഛിച്ചതിനെത്തുടർന്നു പഠനം തുടരാൻ സാധിച്ചില്ല. തുടർന്ന് ഡയാലിസിസിലൂടെയാണ് മുന്നോട്ടുപോയത്. രോഗം ഭേദമാക്കുന്നതിന് വൃക്കമാറ്റിവയ്ക്കൽമാത്രമായിരുന്നു മാർഗം. പെൺകുട്ടിയുടെ ജീവൻ നിലനിർത്താൻ വൃക്കമാറ്റിവെയ്ക്കൽ അനിവാര്യമായി വന്നതോടെയൊണ് മാതാവിന്റെ ഗ്രൂപ്പ് വേറെയാണെങ്കിലും സങ്കീർണ്ണമായ എബിഒ ഇൻകോം പാക്ടബിൾ ശസ്ത്രക്രിയ നടത്താൻ ഡോക്ടർമാർ തീരുമാനിച്ചത്. ഗ്രൂപ്പ് മാറിയുള്ള വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുമ്പോൾ ശരീരം വൃക്ക സ്വീകരിക്കാതെ വരാനും സാധ്യത ഏറെയായിരുന്നു. വെല്ലുവിളികൾ അതിജീവിച്ചാണ് വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്. നെഫ്രോളജി വിഭാഗം കൺസൾട്ടന്റുമാരായ ഡോ. തോമസ് മാത്യു, ഡോ. തരുൺ ലോറൻസ്, യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ആൽവിൻ ജോസ്.പി, അനസ്തേഷ്യോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ലിബി ജെ. പാപ്പച്ചൻ, കൺസൾട്ടന്റും ട്രാൻസ്പ്ലാന്റ് അനസ്തേഷ്യസ്റ്റുമായ ഡോ. ജെയിംസ് സിറിയക്

എന്നിവരും ശസ്ത്രക്രിയയുടെ ഭാഗമായി. ശസ്ത്രക്രിയയെത്തുടർന്നു സാധാരണ ജീവിതത്തിലേക്കു തിരിച്ചെത്തിയ പെൺകുട്ടി മുടങ്ങിപ്പോയ പ്ലസ് വൺ പഠനത്തിലേക്ക് തിരിച്ചെത്താനുള്ള ഒരുക്കങ്ങളും ആരംഭിച്ചുകഴിഞ്ഞു.

**യുവതിയുടെ തുടയെല്ലിൽ ബാധിച്ച അപൂർവ്വ അർബുദരോഗം മാറ്റി മാർ സ്ലീവാ മെഡിസിറ്റി**

യുവതിയുടെ തുടയെല്ലിൽ ബാധിച്ച അപൂർവ അർബുദം മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ സങ്കീർണമായ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്തു. കടുത്തുരുത്തി സ്വദേശിനിയായ 37 കാരിയുടെ കാലിലാണ് അപൂർവ അർബുദ രോഗം പിടിപെട്ടിരുന്നത്. കാൽമുട്ടിലെ അസഹ്യമായ വേദനയെത്തുടർന്ന് ഇവർ മറ്റ് സ്വകാര്യ ആശുപത്രികളിൽ ചികിത്സതേടിയിരുന്നു. സ്കാനിംഗ് പരിശോധനയിൽ തുടയെല്ലിൽ 15 സെന്റിമീറ്ററോളം വലുപ്പത്തിൽ അർബുദം കണ്ടെത്തുകയായിരുന്നു. ഇതേത്തുടർന്നാണ് വിദഗ്ധചികിത്സയ്ക്കായി യുവതി മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തിയത്. ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. രാജീവ് പി.ബിയുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ അർബുദം കാലിലേക്കുള്ള രക്തക്കുഴലിലേക്കും ഞരമ്പുകളിലേക്കും ബാധിച്ചതായി കണ്ടെത്തി. ഓങ്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. റോണി ബെൻസൺ, സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി എന്നിവരുടെ നിർദേശപ്രകാരം ബയോപ്സി ചെയ്ത് നടത്തിയ പരിശോധനയിലാണ് പരോസ്റ്റിയൽ ഒസ്റ്റിയോ സർക്കോമ എന്ന അപൂർവ എല്ലിന്റെ അർബുദരോഗമാണ് യുവതിയെ ബാധിച്ചിരിക്കുന്നതെന്നു കണ്ടെത്തിയത്. രക്തക്കുഴലിനും ഞരമ്പുകൾക്കും കേടുപാടുകൾ സംഭവിക്കാതെ ശസ്ത്രക്രിയയിലൂടെ അർബുദം നീക്കണമെന്ന വെല്ലുവിളിയാണ് ഡോക്ടർമാരുടെ മുന്നിലുണ്ടായിരുന്നത്. തുടർന്ന്, മണിക്കൂറുകൾ നീണ്ട സങ്കീർണമായ ശസ്ത്രക്രിയയിലൂടെ അർബുദം പൂർണമായി നീക്കം ചെയ്തു. നീക്കം ചെയ്ത തുടയെല്ലിന്റെയും കാൽമുട്ടിന്റെയും സ്ഥാനത്ത് കൃത്രിമമുട്ടും, തുടയെല്ലും സന്ധിയും മാറ്റി സ്ഥാപിക്കുകയും ചെയ്തു. അസ്ഥിരോഗവിഭാഗം മേധാവി ഡോ. മാത്യു എബ്രഹാം, സീനിയർ കൺസൾട്ടന്റ് ഡോ. രാജീവ് പി.ബി, അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. അഭിരാം കൃഷ്ണൻ, സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി, അനസ്തേഷ്യവിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. എബി ജോൺ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ. സുഖം പ്രാപിച്ച യുവതി ആശുപത്രിയിൽനിന്നു മടങ്ങുകയും ചെയ്തു.

**മാർ സ്ലീവാ മെഡിസിറ്റിക്ക് സർക്കാരിന്റെ അന്താരാഷ്ട്രാ കോൺക്ലേവിൽ ആദരവ്**

ആരോഗ്യസ്ഥാപനങ്ങളിലെ മികച്ച മാലിന്യസംസ്കരണപ്രവർത്തനങ്ങൾക്കു മാർ സ്ലീവാ മെഡിസിറ്റിക്ക് സർക്കാരിന്റെ അന്താരാഷ്ട്ര ക്ലീൻ കേരള കോൺക്ലേവ് – വൃത്തി 2025 ൽ ആദരവ് ലഭിച്ചു. കില ഡയറക്ടർ ജനറൽ ഡോ. ജോയി ഇളമണിൽനിന്ന് മാർ സ്ലീവാ മെഡിസിറ്റി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ, ആശുപത്രി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. ഗോപിനാഥ് മമ്പള്ളിക്കളം, എൻജിനീയറിംഗ് വിഭാഗം മാനേജർ ഡോ. പോളി തോമസ് എന്നിവർ ചേർന്നു പ്രശസ്തിപത്രവും ട്രോഫിയും ഏറ്റുവാങ്ങി.

**മാർ സ്ലീവാ മെഡിസിറ്റിക്ക് ളാലം ബ്ലോക്ക് പഞ്ചായത്തിന്റെയും കൊഴുവനാൽ പഞ്ചായത്തിന്റെയും അവാർഡ് ലഭിച്ചു**

സർക്കാരിന്റെ നവകേരളം - മാലിന്യമുക്തം പരിപാടിയുടെ ഭാഗമായി ളാലം ബ്ലോക്ക് പഞ്ചായത്തിലെ ഏറ്റവും മികച്ച മാലിന്യസംസ്കരണപ്രവർത്തനങ്ങൾക്കുള്ള അവാർഡും, കൊഴുവനാൽ ഗ്രാമപഞ്ചായത്തിലെ മാതൃകാ ശുചിത്വപ്രവർത്തനങ്ങൾക്ക് ഏറ്റവും മികച്ച സ്ഥാപനത്തിനുള്ള അവാർഡും മാർ സ്ലീവാ മെഡിസിറ്റിക്കു ലഭിച്ചു.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് - കുറവിലങ്ങാട്**

കുറവിലങ്ങാട് ദേവമാതാ കോളജിൽ വുമൻസ് ഫോറം നടത്തിയ ആരോഗ്യ ബോധവത്കരണപരിപാടികളുടെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. എയ്ഞ്ചൽ തോമസ് നേതൃത്വം നൽകി.

**സൗജന്യ ബോധവത്കരണ ക്ലാസ്സ് - തോട്ടയ്ക്കാട്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മീനടം സീനിയർ സിറ്റിസൻസ് ഫോറവുമായി സഹകരിച്ചു ന്യൂറോളജി സംബന്ധമായ രോഗങ്ങളെക്കുറിച്ച് സൗജന്യബോധവത്കരണക്ലാസ്സ് നടത്തി. ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. സരീഷ് കുമാർ എം.കെ. ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ഹൃദ്രോഗബോധവത്കരണ ക്ലാസ്സ് - റബർ ബോർഡ്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം റബർ ബോർഡ് ഹെഡ് ഓഫീസിലെ ജീവനക്കാർക്കായി സൗജന്യ ഹൃദ്രോഗബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. കാർഡിയോളജിവിഭാഗം മേധാവി ഡോ. രാംദാസ് നായിക് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് - ഉദയഗിരി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഉദയഗിരി സെന്റ് മേരീസ് പള്ളിയുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**ഇ-ബസ് (EBUS) ആൻഡ് ഇയുഎസിന്റെ (EUS) ആശീർവാദം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ എൻഡോസ്കോപി വിഭാഗത്തിൽ സ്ഥാപിച്ച ഇ-ബസ് (EBUS - എൻഡോ ബ്രോങ്കിയൽ അൾട്രാസൗണ്ട്) ആൻഡ് ഇയുഎസിന്റെ (EUS എൻഡോസ്കോപിക് അൾട്രാസൗണ്ട്) ആശീർവാദം നടത്തി. പാലാ രൂപത അധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മുഖ്യകാർമികത്വം വഹിച്ചു.

**സൗജന്യ ബോധവത്കരണ ക്ലാസ്സ് - പ്രവിത്താനം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ഫൊറോന ചർച്ചുമായി സഹകരിച്ച് കുട്ടികൾക്കും മാതാപിതാക്കൾക്കുമായി സൗജന്യ ബോധവത്കരണ ക്ലാസ്സ് നടത്തി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. സിസ്റ്റർ ജൂലി എലിസബത്ത് നേതൃത്വം നൽകി.

**സൗജന്യ പിഎഫ്ടി, ബ്ലഡ് ഗ്രൂപ്പിംഗ് ക്യാമ്പ് - മൂലമറ്റം**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി മണ്ണയ്ക്കനാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളി, കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചുഡീക്കൻ തീർഥാടനദേവാലയം എന്നിവടങ്ങളിൽ സൗജന്യ പിഎഫ്ടി, ബ്ലഡ് ഗ്രൂപ്പിംഗ് ക്യാമ്പുകൾ നടത്തി. പൾമണറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജെയ്സി തോമസ്, കൺസൾട്ടന്റ് ഡോ. രാജ്കൃഷ്ണൻ എസ്. എന്നിവർ നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് - മേലുകാവുമറ്റം**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി - മാർ സ്ലീവാ മെഡിസിറ്റി പാലായുടെ അഞ്ചാം വാർഷികം എന്നിവയുടെ ഭാഗമായുള്ള മേലുകാവുമറ്റം റൂറൽ മിഷൻ പദ്ധതിയോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റി അസംപ്ഷൻ മെഡിക്കൽ സെന്ററിൽവച്ച് സൗജന്യ ഫൈബ്രോസ്കാൻ പരിശോധന ക്യാമ്പ് നടത്തി. വിദഗ്ധ ഡോക്ടർമാർ നേതൃത്വം നൽകി.

**സൗജന്യ രക്തദാനക്യാമ്പ് - ചൂണ്ടച്ചേരി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചൂണ്ടച്ചേരി സെന്റ് ജോസഫ് കോളജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയിൽ സൗജന്യ രക്തദാന ക്യാമ്പ് നടത്തി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് - രാമപുരം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന ചർച്ചിൽ വെച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യവൈദ്യസഹായം - വാഗമണ്ണിൽ**

വാഗമൺ സെന്റ് സെബാസ്റ്റ്യൻസ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വാഗമൺ കുരിശുമലകയറ്റത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ വൈദ്യസഹായവും ആംബുലൻസ് സേവനവും നൽകി.

**സൗജന്യ കാൻസർ ബോധവത്കരണക്ലാസ്സുകളും പരിശോധനയും സംഘടിപ്പിച്ചു**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ച് നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി വിവിധ പള്ളികളിൽ മാതൃവേദിയുമായി സഹകരിച്ച് സൗജന്യ കാൻസർ ബോധവത്കരണക്ലാസ്സുകളും പരിശോധനയും നടത്തി. കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചുഡീക്കൻ തീർഥാടനദേവാലയം, പറത്താനം സെന്റ് മേരീസ് ചർച്ച്, ഏന്തയാർ സെന്റ് മേരീസ് ചർച്ച് എന്നിവിടങ്ങളിലാണ് ക്യാമ്പുകൾ നടന്നത്. ക്യാമ്പിൽനിന്നു തിരഞ്ഞെടുത്തവർക്ക് മാർ സ്ലീവാ മെഡിസിറ്റിയിൽ വച്ച് സൗജന്യ മാമ്മോഗ്രാം പരിശോധനയും ചെയ്തു നൽകി. ഓങ്കോളജി വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റുമാരായ ഡോ. സോൻസ് പോൾ ഡോ. രവിശങ്കർ ടി.ആർ, സീനിയർ മെഡിക്കൽ ഓഫീസർ ഡോ. ലക്ഷ്മി ആർ. പണിക്കർ എന്നിവർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ പക്ഷാഘാതബോധവത്കരണ ക്ലാസ്സ് നടത്തി**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി പിതൃവേദിയുമായി സഹകരിച്ച് സൗജന്യ പക്ഷാഘാതബോധവത്കരണക്ലാസ്സ് നടത്തി. തുടങ്ങനാട് സെന്റ് തോമസ് ഫൊറോന ചർച്ചിൽ ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോസ് പോൾ കുന്നേൽ ക്ലാസ്സിനു നേതൃത്വം നൽകി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ആയുഷ് വിഭാഗത്തിൽ കൺസൾട്ടേഷൻ തുക സൗജന്യമാക്കി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ആയുഷ് വകുപ്പിനു കീഴിലുള്ള ഹോമിയോപ്പതി, ആയുർവേദ, നാച്ചുറോപ്പതി, സിദ്ധ വിഭാഗങ്ങളിൽ കൺസൾട്ടേഷൻ തുക സൗജന്യമാക്കി.

**റവ. ഫാ. ഗർവാസിസ് ആനിത്തോട്ടത്തിൽ ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ അക്കാദമിക്സ്, എഫ് ആൻഡ് ബി ഡയറക്ടറായി റവ. ഫാ. ഗർവാസിസ് ആനിത്തോട്ടത്തിൽ ചുമതലയേറ്റു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ പുതിയ ഡോക്ടർമാർ ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഇഎൻടി, ലാറിംഗോളജി ആൻഡ് ഹെഡ് & നെക്ക് സർജറി വിഭാഗത്തിൽ കൺസൾട്ടന്റായി ഡോ. ലിനു തോമസ്, റേഡിയോ ഡയഗ്നോസിസ് ആൻഡ് ഇമേജിംഗ് വിഭാഗത്തിൽ റേഡിയോളജിസ്റ്റായി ഡോ. ആകാശ് സജി തോമസ്, ഹോമിയോപ്പതി വിഭാഗത്തിൽ സീനിയർ കൺസൾട്ടന്റായി ഡോ. കെ. ആർ. ജനാർദ്ദനൻ നായർ എന്നിവർ ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

* Fr. Pascal Gollnisch- (പൗരസ്ത്യസഭകൾക്കുവേണ്ടി പ്രവർത്തിക്കുന്ന പാരീസിലെ Ouvre d' Orient എന്ന സംഘടനയുടെ ഡയറക്ടർ)

* റോഷി അഗസ്റ്റിൻ (ജലസേചനവകുപ്പുമന്ത്രി)

**മിസരി കോർഡിയാ ഡേ**

സെന്റ് അൽഫോൻസാതീർത്ഥാടനകേന്ദ്രത്തിൽ ഏപ്രിൽ 12-ാം തീയതി കാരുണ്യദിനമായി ആചരിച്ചു. വലിയ ആഴ്ചയിലേക്കു പ്രവേശിക്കുന്നതിന് ഒരുക്കമായിട്ടാണ് ഈ ദിവസം പ്രത്യേകമായി ക്രമീകരിച്ചത്. രാവിലെ 5.30 മുതൽ വൈകുന്നേരം 7.30 വരെ തുടർച്ചയായി കുമ്പസാരത്തിന് സൗകര്യം ഒരുക്കിയിരുന്നു.

**രോഗിദിനം**

സെന്റ് അൽഫോൻസാ തീർത്ഥാടനകേന്ദ്രം ഏപ്രിൽ 12 ന് രോഗിദിനമായി ആചരിച്ചു. രാവിലെ 9. 30 ന് ആരംഭിച്ച ശുശ്രൂഷയിൽ രോഗികൾക്കായി കൈവയ്പ്പു പ്രാർത്ഥനയും ദിവ്യകാരുണ്യ ആരാധനയും നടത്തി. പങ്കെടുത്തവർക്കെല്ലാം

കുമ്പസാരിക്കാനായി പ്രത്യേക സൗകര്യം ഒരുക്കിയിരുന്നു. 11:30 ന് വിശുദ്ധ കുർബാനയോടെ ശുശ്രൂഷകൾ സമാപിച്ചു. റവ. ഫാ. തോമസ് ഓലായത്തിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**യാത്രാമംഗളങ്ങൾ**

വിശുദ്ധ അൽഫോൻസാതീർത്ഥാടനകേന്ദ്രത്തിൽ കഴിഞ്ഞ ഒരു വർഷക്കാലം അഡ്മിനിസ്ട്രേറ്ററായി സേവനം ചെയ്തുവന്നിരുന്ന റവ. ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ ഏപ്രിൽ മാസം 21-ാം തീയതി മാർ സ്ലീവാ മെഡിസിറ്റി ഹോസ്പിറ്റൽ ഡയറക്ടറായി ചാർജ്ജെടുത്തു. തീർത്ഥാടനകേന്ദ്രത്തിൽ അച്ചൻ നൽകിയ എല്ലാ സേവനങ്ങളെയും നന്ദിയോടെ ഓർക്കുകയും പുതിയ ശുശ്രൂഷാമേഖലയിൽ അച്ചന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുകയും ചെയ്യുന്നു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കു വേണ്ടി 2025 ഏപ്രിൽ 6 ഞായറാഴ്ച ഉച്ചയ്ക്ക് ഒരു മണിക്ക് കുമ്പസാരവും വി. കുർബാനയും നടത്തപ്പെട്ടു. റവ. ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി. ശുശ്രൂഷകൾക്കു നേതൃത്വം വഹിച്ചു.

**വോളന്റിയേഴ്സ് മീറ്റിംഗ്**

അൽഫോൻസാതീർത്ഥാടനകേന്ദ്രത്തിലെ വോളന്റിയർമാരുടെ ഒരു മീറ്റിംഗ് ഏപ്രിൽ മാസം 8-ാം തീയതി സെന്റ് അൽഫോൻസാ സ്പിരിച്വാലിറ്റി സെന്ററിൽ വച്ചു നടന്നു. ബഹുമാനപ്പെട്ട റെക്ടർ ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വൈസ് റെക്ടർ റവ. ഫാ. ആന്റണി തോണക്കര സ്വാഗതമാശംസിച്ചു. ഈ വർഷത്തെ തിരുനാളിന്റെ ഒരുക്കങ്ങളെക്കുറിച്ചും ക്രമീകരണങ്ങളെക്കുറിച്ചും യോഗത്തിൽ ചർച്ച നടത്തി. അഡ്മിനിസ്ട്രേറ്റർ ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ വോളണ്ടിയർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. അറുപതോളം വോളണ്ടിയർമാർ മീറ്റിങ്ങിൽ പങ്കെടുത്തു.

**വിശ്വാസപ്രഖ്യാപനറാലി**

രൂപതയിലെ വിശ്വാസോത്സവത്തോടനുബന്ധിച്ച് ഭരണങ്ങാനം സെന്റ് മേരിസ് ഫൊറാനാപ്പള്ളിയിലെ സൺഡേസ്കൂൾ വിദ്യാർത്ഥികൾ വിശ്വാസ പ്രഖ്യാപനറാലി നടത്തി. ഏപ്രിൽ 11 ന് രാവിലെ 10 മണിയോടെ കുട്ടികൾ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ എത്തിച്ചേർന്നു. കുട്ടികൾക്കായി തീർത്ഥാടനകേന്ദ്രം വൈസ് റെക്ടർ റവ.ഫാ. ജോസഫ് അമ്പാട്ട് വിശുദ്ധ കുർബാനയർപ്പിച്ചു. റെക്ടർ വെരി റവ. ഫാ. അഗസ്റ്റിൻ പാലക്കപ്പറമ്പിൽ സന്ദേശം നൽകി. 650 ലധികം സൺഡേസ്കൂൾ വിദ്യാർത്ഥികൾ റാലിയിൽ പങ്കെടുത്ത് വിശുദ്ധ കുർബാനയിൽ സംബന്ധിച്ചു.

**ഞായറാഴ്ചകളിൽ ഇംഗ്ലീഷ് കുർബാന**

അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ഞായറാഴ്ചയും 3 മണിക്ക് ഇംഗ്ലീഷ് സീറോമലബാർ കുർബാന ഉണ്ടായിരിക്കുന്നതാണ്. വിശുദ്ധ കുർബാനയുടെ ലൈവ് ടെലികാസ്റ്റും ഉണ്ടായിരിക്കും.

**രാത്രിയാരാധന**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാമാസവും നടത്തിവരാറുള്ള രാത്രിയാരാധന ഏപ്രിൽ 26 ശനിയാഴ്ച നടത്തപ്പെട്ടു. രാത്രി 7 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച ശുശ്രൂഷകൾ രാവിലെ 4 മണിക്കുള്ള വിശുദ്ധകുർബാനയോടെ സമാപിച്ചു. ബ്രദർ തോമസ് കുമളി ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഏപ്രിൽ മാസത്തിൽ ജപമാല പ്രദക്ഷിണത്തിന് നേതൃത്വം നൽകിയ ഇടവകകൾ**

ഏപ്രിൽ 12 – പറത്താനം

ഏപ്രിൽ 26 – മറ്റത്തിപ്പാറ

**ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**വിശ്വാസോത്സവം**

ഈ വർഷത്തെ വിശ്വാസോൽസവം വളരെ വിജയകരമായും മനോഹരമായും നടത്തി. 2025 ഏപ്രിൽ 7 മുതൽ 12 വരെ നടത്തപ്പെട്ട വിശ്വാസോത്സവത്തിൽ ഭൂരിഭാഗം ഇടവകകളിലും വൈകുന്നേരംവരെയും മറ്റുചില ഇടവകകളിൽ ഉച്ചവരെയും ക്ലാസുകൾ ഉണ്ടായിരുന്നു. ചിലയിടങ്ങളിൽ വിശ്വാസപരിശീലനകേന്ദ്രം രൂപതാഡയറക്ടർ സൺഡേ സ്കൂളുകളിൽ എത്തി കുട്ടികളെ അഭിസംബോധന ചെയ്തു. ഒപ്പം, രൂപതയിലെ വൈദികവിദ്യാർഥികൾ പള്ളികളിൽ വന്ന് ക്ലാസുകൾ എടുക്കുകയും കുട്ടികളോടു സംവദിക്കുകയും ചെയ്തു.

**റീജന്റ്**

ആറുമാസം വിശ്വാസപരിശീലനകേന്ദ്രത്തിന്റെ റീജന്റായിരുന്ന ബ്രദർ ജോസഫ് തുരുത്തേൽ തന്റെ സ്തുത്യർഹമായ സേവനത്തിനുശേഷം തുടർപഠനത്തിനായി പോവുകയും തൽസ്ഥാനത്ത് പുതിയ റീജന്റായി ബ്രദർ ഔസേപ്പച്ചൻ ഈറ്റത്തോട്ടുമാളിയേക്കൽ ചുമതലയേല്ക്കുകയും ചെയ്തു.

**പ്രതിഭാസംഗമം**

ഈ വർഷം ഏഴാം ക്ലാസിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്കായി 2025 മാർച്ച്29 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽവച്ച് നടത്തിയ പ്രതിഭാസംഗമത്തിൽ ആദ്യസ്ഥാനങ്ങൾ കരസ്ഥമാക്കിയ കുട്ടികളുടെ പേര് താഴെ ചേർക്കുന്നു.

1. അഗസ്റ്റിൻ ബിനോയ് മുളന്തറവയലിൽ, രാമപുരം
2. ജോഹാൻ സാനു താഴത്തുവരിക്കയിൽ, എടപ്പാടി
3. എയ്ഞ്ചൽ റോസ് ജോസഫ് കോക്കാട്ടുകുന്നേൽ, മേലുകാവുമറ്റം
4. മരിയ ബിനോയ് കൊട്ടോടത്തിൽ, കോതനല്ലൂർ

മെയ് 8,9,10 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടക്കുന്ന സഭാതല പ്രതിഭാസംഗമത്തിൽ പാലാരൂപതയെ പ്രതിനിധീകരിച്ച് ഇവർ പങ്കെടുക്കുന്നതാണ്.

**വാർഷികപ്പരീക്ഷ റിസൾട്ട് X, XII**

10,12 ക്ലാസുകളിലെ കുട്ടികളുടെ റിസൾട്ട് ഏപ്രിൽ 26, ശനിയാഴ്ച പ്രസിദ്ധീകരിച്ചു.

**സ്കോളർഷിപ്പ് പരീക്ഷ**

2025 മെയ് 18-ാം തീയതി ഞായറാഴ്ച രണ്ടുമുതൽ നാലുവരെ അരുവിത്തുറ, കുറവിലങ്ങാട്, പാലാ, തുടങ്ങനാട് എന്നിങ്ങനെ നാലു കേന്ദ്ര ങ്ങളിൽവച്ചാണ് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നത്.

**വിചിന്തനം ക്യാമ്പ്**

9-ാം ക്ലാസ്സിൽനിന്ന് 10-ാം ക്ലാസ്സിലേക്കു കയറുന്ന കുട്ടികൾക്കായുള്ള വിചിന്തനം ക്യാമ്പ് ഏപ്രിൽ 21 മുതൽ 30 വരെ തീയതികളിൽ നടത്തി. മെയ് മാസത്തിലെ ക്യാമ്പുകൾ 2,3,5,6,7 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തുന്നതാണ്.

**CTP കോഴ്സ് 2024-2025**

2024-2025 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ഏപ്രിൽ മാസത്തിലെ ക്ലാസ് 14-ാം തീയതി നടത്തപ്പെട്ടു. ഫാ. ജോർജ് പൊന്നംവരിക്കയിൽ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

**മെയ് മാസത്തിലെ CTP ക്ലാസുകൾ:**

മെയ് 1 'Innovative Orientations in the Catechism' Interactive sessions with the former directors

മെയ് 10 Liturgy - Dr. George Varghese Njarakunnel

**ജൂബിലിസമ്മേളനവും സിമ്പോസിയവും**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് രൂപതയിലെ എല്ലാ വിശ്വാസപരിശീലന അധ്യാപകരുടെയും സംഗമവും ജൂബിലിസമ്മേളനവും സിമ്പോസിയവും പാലാ കത്തീഡ്രൽ പള്ളിയുടെ ഓഡിറ്റോറിയത്തിൽ വച്ച് മെയ് 25-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തുന്നതാണ്.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

---

# പാലാ മിഷൻ – ഗുജറാത്ത്

**1. മാസധ്യാനം**

ഏപ്രിൽ 8-ാം തീയതി വഡോദര റീജണൽ ബിഷപ്സ് റസിഡൻസിൽ വച്ച് വൈദികരുടെ മാസധ്യാനം നടത്തി. റീജണിലെ എല്ലാ വൈദികരും മാസ ധ്യാനത്തിൽ സംബന്ധിച്ചു.

**2. വലിയ ആഴ്ച**

റീജണിലെ എല്ലാ ഇടവകകളിലും വലിയാഴ്ച ആചരണം ഏറ്റവും ഭക്ത്യാദരപൂർവ്വം നടത്തപ്പെട്ടു. പെസഹാവ്യാഴാഴ്ച സബർമതി ഇടവകയിലും പീഡാനുഭവവെള്ളി, വലിയ ശനി, ഈസ്റ്റർ ദിവസങ്ങളിൽ വഡോദര സെന്റ്

മേരീസ് പള്ളിയിലും അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് ശുശ്രൂഷകൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു.

**3. സമ്മാനവിതരണം**

ലോഗോസ് ബൈബിൾ ക്വിസിൽ രൂപതാതലത്തിലും റീജണൽ തലത്തിലും വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

**4. ദുഃഖാചരണം**

ദിവംഗതനായ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പയുടെ അനുസ്മരണാർഥം റീജണിലെ എല്ലാ ഇടവകളിലും പരിശുദ്ധ കുർബാന അർപ്പിക്കപ്പെടുകയും ഒപ്പീസ് ചൊല്ലി പ്രാർഥിക്കുകയും ചെയ്തു.

**ഫാ. ജോർജ് നെല്ലിക്കൽ**

# മിഷൻലീഗ് വാർത്തകൾ

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാസമിതിയുടെ 2025 ഏപ്രിൽ മാസത്തെ എക്സിക്യൂട്ടീവ് യോഗം ഏപ്രിൽ മാസം ആറാം തീയതി ഉച്ചകഴിഞ്ഞ് 3:00 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ച് നടന്നു. മിഷൻലീഗ് രൂപത പ്രസിഡന്റ് ഡോ. ജോബിൻ ടി. ജോണി അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മിഷൻലീഗ് രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മിഷൻലീഗിന്റെ മാർച്ച് മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഏപ്രിൽ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ യോഗത്തിൽ വിശദീകരിക്കുകയും ചെയ്തു.

**രൂപത സെക്രട്ടറിയേറ്റ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാസമിതിയുടെ 2025 ഏപ്രിൽ മാസത്തെ സെക്രട്ടറിയേറ്റ് യോഗം ഏപ്രിൽ ആറാം തീയതി ശനിയാഴ്ച വൈകുന്നേരം അഞ്ചു മണിക്ക് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. മിഷൻലീഗ് രൂപത പ്രസിഡന്റ് ഡോ. ജോബിൻ ടി. ജോണി അധ്യക്ഷത വഹിച്ച യോഗത്തിൽ, എക്സിക്യൂട്ടീവ് യോഗത്തിൽ ചർച്ച ചെയ്യേണ്ട അജണ്ടകളെ സംബന്ധിച്ച് ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**കുഞ്ഞുമിഷനറി**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന കുഞ്ഞുമിഷനറി മാസികയുടെ ഏപ്രിൽ മാസത്തിലെ പതിപ്പ് പ്രസിദ്ധീകരിച്ചു.

**കുഞ്ഞുമിഷനറി ക്വിസ്**

2024 ജനുവരി മുതൽ ഡിസംബർവരെയുള്ള കുഞ്ഞുമിഷനറി മാസികകളെ ആധാരമാക്കിയുള്ള കുഞ്ഞുമിഷനറി ക്വിസ് മത്സരം ഏപ്രിൽ മാസത്തിൽ നടത്തി. രണ്ടു ഘട്ടങ്ങളിലായാണ് മത്സരം നടത്തിയത്. ഒന്നാംഘട്ടം ഏപ്രിൽ മാസം ആറാം തീയതി ഞായറാഴ്ച ഓൺലൈനായും രണ്ടാംഘട്ടം ഏപ്രിൽ മാസം പന്ത്രണ്ടാം തീയതി ശനിയാഴ്ച ഓഫ് ലൈൻ ആയും നടന്നു. ചേർപ്പുങ്കൽ ശാഖാംഗമായ അന്ന സജി, അരുവിത്തുറ ശാഖാംഗമായ ലിസ് മരിയ തോമസ്, അരുവിത്തുറ

ശാഖാംഗമായ ലീനിയ മരിയ മധു, രാമപുരം ശാഖാംഗമായ അഗസ്റ്റിൻ ബിനോയ് എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന്, നാല് സ്ഥാനങ്ങൾക്ക് അർഹരായി.

**മാതൃഭവൻ വെഞ്ചരിപ്പ് നടന്നു**

പുനരുദ്ധാരണത്തിനുശേഷം മാതൃഭവന്റെ വെഞ്ചരിപ്പുകർമ്മം ഏപ്രിൽ 14 തിങ്കളാഴ്ച പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

**രൂപതാസമിതി പ്രതിഷേധിച്ചു**

ജബൽപൂരിലും ഒഡീഷ്യയിലും വൈദികർ ആക്രമണത്തിനിരയായ സംഭവത്തിൽ പ്രതിഷേധിച്ച് മിഷൻലീഗ് രൂപതാസമിതി പ്രതിഷേധയോഗം സംഘടിപ്പിച്ചു. മിഷൻ ലീഗ് രൂപതാ പ്രസിഡന്റ് ഡോ. ജോബിൻ ടി. ജോണി അധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഏപ്രിൽ 2-ാം തീയതി ബുധനാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ ജോർജ് പുല്ലുകാലായിൽ അച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പ്രസിഡന്റ് ജിജോ മാത്യു സ്വാഗതം ആശംസിച്ചു. മെയ് മാസത്തിൽ നടത്തേണ്ട അവധിക്കാല ക്യാമ്പിനെക്കുറിച്ച് ചർച്ചചെയ്തു. എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും മീറ്റിംഗിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് 2.30 ന് ആരംഭിച്ച മീറ്റിംഗ് 4.00 മണിക്ക് അവസാനിച്ചു.

**യാത്രയയപ്പ് നൽകി**

കഴിഞ്ഞ ആറുമാസക്കാലം കെ.സി.എസ്.എൽ. റീജന്റായി നിസ്വാർത്ഥ സേവനം അനുഷ്ഠിച്ച ബ്രദർ ഡെന്നിസ് അരീക്കലിന് എക്സിക്യൂട്ടീവംഗങ്ങൾ സ്നേഹോഷ്മളമായ യാത്രയയപ്പു നൽകി. എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും ബ്രദറിന് പ്രാർത്ഥനാശംസകൾ നേർന്നു.

**ഫീസ്റ്റ് ആഘോഷിച്ചു**

കെ.സി.എസ്.എൽ. ഡയറക്ടർ ജോർജ് പുല്ലുകാലായിൽ അച്ചന്റെ ഫീസ്റ്റ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കേക്ക് മുറിച്ച് ആഘോഷിച്ചു. അച്ചന് പ്രാർത്ഥനാശംസകൾ നേർന്നു.

**കെ.സി.എസ്.എൽ. ക്യാമ്പ്**

ഈ വർഷത്തെ അവധിക്കാലക്യാമ്പ് എച്ച്.എസ്. എസ്.എച്ച്.എസ് വിഭാഗങ്ങൾക്കായി മെയ് മാസം 12,13 തീയതികളിലും യു.പി. വിഭാഗത്തിനായി മെയ് മാസം 20, 21 തീയതികളിലുമായി ചെത്തിമറ്റം ക്രിസ്തുജ്യോതി റിട്രീറ്റ് സെന്ററിൽ വച്ച് നടത്തുന്നതാണ്.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

എസ്.എം.വൈ.എം. പാലാ രൂപതയുടെയും മാർ സ്ലീവാ മെഡിസിറ്റിയുടെയും സഹകരണത്തോടെ എസ്.എം.വൈ.എം. കുറവിലങ്ങാട് യൂണിറ്റിൽവെച്ചും മണ്ണയ്ക്കനാട് യൂണിറ്റിൽവെച്ചും സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി.

**ഫൊറോന ലീഡേഴ്സ് മീറ്റ്**

യുവജനപ്രസ്ഥാനത്തെ തീക്ഷ്ണതയോടെ മുന്നോട്ടുനയിക്കുന്ന പാലാ രൂപതയിലെ ഫൊറോന നേതാക്കന്മാരുടെ സംഗമം 31/03/2025 തിങ്കളാഴ്ച ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, ജോ. ഡയറക്ടർ സി. നവീന സി.എം.സി., വൈസ് പ്രസിഡന്റ് ബിൽന സിബി, ജോസഫ് തോമസ് എന്നിവർ പ്രസംഗിച്ചു.

**മീഡിയ പ്രവർത്തകരുടെ സംഗമം**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്.എം.വൈ.എം. – കെ.സി.വൈ.എം. എന്നിവയുടെ നേതൃത്വത്തിൽ പാലാ രൂപതയുടെ വിവിധ ഫൊറോനകളിലും യൂണിറ്റുകളിലും മീഡിയരംഗത്ത് സേവനം ചെയ്യുന്ന യുവജനങ്ങളുടെ സംഗമം പാലാ രൂപത മീഡിയ കമ്മീഷനുമായി ചേർന്ന് ചേർപ്പുങ്കൽ ബിവിഎം ഹോളിക്രോസ് കോളേജിൽ വെച്ച് പാലാ രൂപത മീഡിയ കമ്മീഷൻ അസിസ്റ്റന്റ് ഡയറക്ടറും, ബിവിഎം കോളേജ് ഫിലിം ആൻഡ് മീഡിയ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ് ഹെഡുമായ റവ. ഫാ. ജീമോൻ പനച്ചിക്കൽകരോട്ട് നയിച്ചു. പോസ്റ്റർ നിർമാണം, വീഡിയോ ക്രിയേഷൻ, സോഷ്യൽ മീഡിയ ഹാൻഡിലിങ് എന്നീ വിഷയങ്ങളിൽ നടത്തപ്പെട്ട ക്ലാസ്സിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന എഴുപതോളം യുവജനങ്ങൾ പങ്കെടുത്തു. എസ്.എം.വൈ.എം. – കെ.സി.വൈ.എം. പാലാ രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ അധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ഉദ്ഘാടനം ചെയ്തു. രൂപത ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, ജോസഫ് തോമസ്, ബെന്നിസൺ സണ്ണി, എഡ്വിൻ ജെയിസ് എന്നിവർ പ്രസംഗിച്ചു.

**ലഹരിക്കെതിരേ ജാഗ്രതാസമിതി രൂപീകരിച്ചു**

മയക്കുമരുന്നിന്റെ വർദ്ധിച്ചുവരുന്ന ഉപയോഗങ്ങൾ കണക്കിലെടുത്ത് ലഹരിക്കെതിരേ പാലാ രൂപത യുവജനപ്രസ്ഥാനം എസ്.എം.വൈ.എം. – കെ.സി. വൈ.എം. പാലാ രൂപത ജാഗ്രതാസമിതി രൂപീകരിച്ചു. ജാഗ്രതാസമിതിയുടെ രൂപീകരണത്തോടനുബന്ധിച്ച് യുവജനപ്രസ്ഥാനം നേതൃത്വം നൽകുന്ന മഹാ ലഹരിവിരുദ്ധ ക്യാമ്പയിൻ 'ഡ്രഗ് ഫ്രീ യൂത്ത്' ന് തുടക്കമായി. കൗൺസലിംഗ്, ബോധവത്കരണ സെമിനാറുകൾ, വീഡിയോ ചലഞ്ച്, സായാഹ്നക്കൂട്ടായ്മകൾ, കലാ – കായികമേഖലകളിലെ പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന ലഹരി വിരുദ്ധ ക്യാമ്പയിൻ തുടർദിവസങ്ങളിൽ ഫൊറോനകളിലും, യൂണിറ്റുകളിലുമായി നടത്തുന്നതാണ്. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നൽകിയ മുന്നറിയിപ്പ് ഒരു പ്രവാചകശബ്ദമായിരുന്നുവെന്നും സമൂഹം മുഴുവൻ ഈ പ്രശ്നത്തിനെതിരേ ഒന്നിച്ചുനിന്നു പോരാടണമെന്നും യോഗം ആഹ്വാനം

ചെയ്തു. ലഹരിവിരുദ്ധപ്രതിജ്ഞ എസ്.എം.വൈ.എം. – കെ.സി.വൈ.എം. പാലാ രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ ചൊല്ലിക്കൊടുത്തു. ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, വൈസ് പ്രസിഡന്റ് ബിൽനാ സിബി, ജോസഫ് തോമസ്, ജോയിന്റ് ഡയറക്ടർ സി. നവീന സി.എം.സി., ബെന്നിസൺ സണ്ണി, എഡ്വിൻ ജെയ്സ്, നിഖിൽ ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു.

**'മുനമ്പം' വിഷയത്തിൽ നിലപാട് അറിയിച്ചു**

ജനിച്ച മണ്ണിൽ ജീവിക്കാനായി പോരാട്ടം നടത്തുന്ന മുനമ്പം ജനതയ്ക്കായി ശക്തമായ നിലപാട് സ്വീകരിച്ച കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ നിലപാടിനോടൊപ്പം അടിയുറച്ചുനിൽക്കുമെന്ന് എസ്.എം.വൈ.എം. – കെ.സി.വൈ.എം. പാലാ രൂപത. വഖഫ് ഭേദഗതിക്ക് അനുകൂലമായി വോട്ട് ചെയ്യാത്ത ജനപ്രതിനിധികൾ സമുദായത്തെയും സമൂഹത്തെയും വഞ്ചിച്ചതായും പാലാ രൂപത യുവജനപ്രസ്ഥാനം അഭിപ്രായപ്പെട്ടു. സി.ബി.സി.ഐ.യും കെ.സി.ബി.സി.യും വഖഫ് ഭേദഗതിക്കനുകൂലമായി കേരളത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട എംപിമാർ വോട്ടു ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടും സമുദായ ത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കുതകുന്ന വിധത്തിലുള്ള ഭരണഘടന ഭേദഗതിയെ നിരാകരിച്ചു വോട്ട് ചെയ്തതിലൂടെ ജനപ്രതിനിധികൾ ക്രൈസ്തവ സമൂഹത്തെ ഒന്നടങ്കം ചതിക്കുകയാണു ചെയ്തത്. മുനമ്പം ജനതയ്ക്ക് അനുകൂല മായ നിലപാട് എടുക്കുന്നു എന്നുപറയുകയും മറുവശത്ത് വഖഫ് ഭേദഗതി ബിൽ തള്ളിക്കളയുകയും ഭേദഗതി ബില്ലിനെതിരായി വോട്ട് ചെയ്യുകയും ചെയ്തതിലൂടെ ജനപ്രതിനിധികൾ മുതലക്കണ്ണീരാണ് ഒഴുക്കിയതെന്ന് കേരളത്തിലെ ക്രൈസ്തവർക്കൊട്ടാകെ ബോധ്യപ്പെട്ട വസ്തുതയാണ് എന്ന് എസ്.എം.വൈ.എം. പാലാ രൂപത നിരീക്ഷിക്കുകയുണ്ടായി. വഖഫ് ഭേദഗതി ബിൽ പാർലമെന്റ് പാസാക്കിയത് സ്വാഗതാർഹമാണെന്നും, ഇതുവഴി സാധാരണക്കാരുടെ ആശങ്കകൾക്കു പരിഹാരം ലഭിക്കുമെന്നും യോഗം അഭിപ്രായപ്പെട്ടു. എസ്.എം. വൈ.എം. പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല എന്നിവർ പ്രസംഗിച്ചു.

**ജന്മദിനാശംസകൾ**

99–ാം ജന്മദിനം ആഘോഷിക്കുന്ന പാലാ രൂപത മുൻ അധ്യക്ഷനും എസ്.എം. വൈ.എം. പാലാ രൂപതയുടെ പ്രഥമ ഡയറക്ടറുമായ മാർ ജോസഫ് പള്ളിക്കാ പ്പറമ്പിൽ പിതാവിന് രൂപത യുവജനപ്രസ്ഥാനത്തിന്റെ ആശംസകൾ നേർന്നു.

**യാത്രാമംഗളങ്ങൾ**

തന്റെ കർമമേഖലകളിൽ ഈശോയുടെ പ്രേഷിതതീക്ഷ്ണത മറ്റുള്ളവർക്കു പകർന്ന്, പ്രസ്ഥാനത്തെ സ്നേഹിച്ചും ആദരിച്ചും കഴിഞ്ഞ ആറുമാസക്കാലം പാലാ രൂപത യുവജന പ്രസ്ഥാനത്തിന്റെ ബ്രദർ റീജിയന്റായി സേവനമനുഷ്ഠിച്ച ബ്രദർ അഖിൽദേവ് മാത്യു പൊതീട്ടയിലിന് യുവജനപ്രസ്ഥാനതിന്റെ യാത്രാമംഗള ങ്ങളും സ്നേഹനിർഭരമായ പ്രാർഥനാശംസകളും നേർന്നു.

**നോമ്പുകാല കുരിശുമല തീർത്ഥാടനം**

മിശിഹായുടെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും പാവനമായ സ്മരണയിൽ പാലാ രൂപത യുവജനപ്രസ്ഥാനം എസ്.എം.വൈ.എം. – കെ.സി.

വൈ.എം. പാലാ രൂപതയുടെ നോമ്പുകാല കുരിശുമലതീർത്ഥാടനം നടത്തപ്പെട്ടു. രൂപതയിലെ വിവിധ ഫൊറോനകളിൽനിന്നായി നിരവധി യുവജനങ്ങൾ പങ്കെടുത്തു.

എസ്.എം.വൈ.എം. പൂഞ്ഞാർ ഫൊറോനയുടെയും എസ്.എം.വൈ.എം. പെരിങ്ങുളം യൂണിറ്റിന്റെയും സഹകരണത്തോടെ, പെരിങ്ങുളം കാൽവരി മൗണ്ട് കുരിശുമലയിലേക്കാണ് നോമ്പുകാല കുരിശുമലതീർത്ഥാടനം നടത്തപ്പെട്ടത്. എസ്.എം.വൈ.എം. പാലാ രൂപതാ ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, പെരിങ്ങുളം പള്ളി വികാരി റവ. ഫാ. ജോർജ് മടുക്കാവിൽ, യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് മധുരപ്പുഴ, രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, രൂപത ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, രൂപത ആനിമേറ്റേഴ്സ് സി. ആൻസ് എസ്.എച്ച്., സി. നിർമ്മൽ തേരേസ് എസ്.എം.സി., ജോസഫ് തോമസ്, ബെന്നിസൺ സണ്ണി, എഡ്വിൻ ജെയ്സ്, നിഖിൽ ഫ്രാൻസിസ്, ഫൊറോന - യൂണിറ്റ് ഭാരവാഹികളായ ആഷിൻ ബാബു, ആൻജോ ജോയൻ, അന്നു ബിന്ദു ബിനോയി, റെയ്ച്ചൽ മേരി ചാൾസ് എന്നിവർ നേതൃത്വം നൽകി.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**ബ്ലൂമിങ് റോസസ് '25**

ഏപ്രിൽ 24 മുതൽ 27 വരെ തീയതികളിൽ കൊടുംമ്പിടി താബോർ ധ്യാന കേന്ദ്രത്തിൽ വച്ച് എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ബ്ലൂമിങ് റോസസ് ധ്യാനം നടത്തപ്പെട്ടു. 400 കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

**മാർപാപ്പ അനുസ്മരണം**

പരിശുദ്ധ പിതാവിനെ അനുസ്മരിച്ച് വിശുദ്ധ കുർബാനയും ഒപ്പീസും ബ്ലൂമിങ് റോസസിനോടനുബന്ധിച്ച് നടത്തുകയുണ്ടായി.

**സംസ്ഥാന പ്രോലൈഫ് വാർഷികം**

പാലായിൽ വച്ചു നടത്തപ്പെട്ട സംസ്ഥാന പ്രോലൈഫ് വാർഷികത്തോടനുബന്ധിച്ച് ജീസസ് യൂത്ത് പാലായുടെ നേതൃത്വത്തിൽ പ്രോലൈഫ് സ്കിറ്റ് നടത്തുകയുണ്ടായി.

**ADOBE നിത്യാരാധന**

മാർച്ച് 31 മുതൽ ഏപ്രിൽ 7 വരെ തീയതികളിൽ ജീസസ് യൂത്ത് ഇന്റർനാഷണൽ ഓഫീസ് ADOBE ൽ നിത്യാരാധനയ്ക്ക് പാലാ ജീസസ് യൂത്ത് നേതൃത്വം നൽകി. അതോടനുബന്ധിച്ച് ആദ്യവെള്ളിയാഴ്ച രാത്രിയാരാധന അവിടെവെച്ച് നടത്തപ്പെട്ടു.

**വല്യച്ചൻമല കുരിശുമല കയറ്റം**

നോമ്പുകാലത്തോടനുബന്ധിച്ച് എല്ലാ വ്യാഴാഴ്ചകളിലും വല്യച്ചൻമലകയറ്റം നടത്തപ്പെട്ടു. ഏപ്രിൽ 5 ന് അരുവിത്തുറ ജീസസ് യൂത്തുമായി സഹകരിച്ച് മല കയറ്റത്തിന് നേതൃത്വം നൽകി.

**CLTP**

മാർച്ച് 28 മുതൽ 31 വരെ തീയതികളിൽ കോളേജ് ലീഡേഴ്സിനായി CLTP ട്രെയിനിംഗ് പ്രോഗ്രാം നടത്തപ്പെട്ടു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

1) 22/4/2025 രാവിലെ 10.30 കുടുംബക്കൂട്ടായ്മ രൂപത എക്സിക്യൂട്ടീവ് യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. മാർപാപ്പയുടെ ദേഹവിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ഡയറക്ടർ റവ.ഫാ. ജോസഫ് അരിമറ്റത്തിൽ, അസി. ഡയറക്ടർ ആൽബിൻ പുതുപ്പറമ്പിൽ, സെക്രട്ടറി ബാബു പോൾ, തോമസ് വടക്കേൽ തുടങ്ങിയവർ സംസാരിച്ചു.

2) 27/4/2025 2.30 pm. കാഞ്ഞിരമറ്റം ഇടവകയിലെ കുടുംബക്കൂട്ടായ്മാ ഭാരവാഹികളുടെ യോഗം പാരിഷ്ഹാളിൽ ചേർന്നു. വികാരി റവ. ഫാ ജോസഫ് മണ്ണനാൽ അധ്യക്ഷത വഹിച്ചു. രൂപത പ്രസിഡന്റ് സെബാസ്റ്റ്യൻ പയ്യാനി മണ്ഡപത്തിൽ ക്ലാസിനു നേതൃത്വം നൽകി.

**3)** 30/4/2025 10.30 am രൂപത എക്സിക്യൂട്ടീവ് യോഗം ചേർന്നു. കൂട്ടായ്മ പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ഏപ്രിൽ 03-05, 14-16** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 306 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**മെയ് 01-03, 23-25, ജൂൺ 12-14, 27-29** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ഏപ്രിൽ മാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ പ്രൊഫ. റ്റി.സി. തങ്കച്ചൻ ക്ലാസ്സെടുത്തു. 417 മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു.

**B. പിതൃവേദി**

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഏപ്രിൽ 1-ാം തീയതി മുട്ടുചിറ ഫൊറോന പള്ളിയിൽ വച്ച് പിതൃവേദി മേഖല എക്സിക്യൂട്ടീവ് കൂടി. രൂപത ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ സംസാരിച്ചു.

**2. 40-ാം വെള്ളി ആചരണം**

ഏപ്രിൽ 11-ാം തീയതി രാവിലെ 9 മണിക്ക് 40-ാം വെള്ളി ആചരണത്തിന്റെ ഭാഗമായി അരുവിത്തുറ വല്യച്ചൻമലയിൽ നടന്ന കുരിശിന്റെ വഴിയിൽ രണ്ടായിരത്തോളം മാതൃ-പിതൃവേദി അംഗങ്ങൾ പങ്കെടുത്തു. അടിവാരത്തിൽനിന്ന് ആരംഭിച്ച കുരിശിന്റെ വഴിക്ക് ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നേതൃത്വം നല്കി പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.

**3. രൂപതാസമിതി**

ഏപ്രിൽ 22-ാം തീയതി ഉച്ചകഴിഞ്ഞ് 3.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പിതൃവേദി രൂപതാസമിതി കൂടി.

**C. മാതൃവേദി**

**1. രൂപത എക്സിക്യൂട്ടീവ്**

ഏപ്രിൽ 11-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷലോമിൽ വച്ച് മാതൃവേദി രൂപത എക്സിക്യൂട്ടീവ് കൂടി പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച നടത്തി.

**2. രൂപതാസമിതി**

ഏപ്രിൽ 25-ാം തീയതി രാവിലെ 10 മണിക്ക് ഷലോമിൽ വച്ച് മാതൃവേദി രൂപതാസമിതി നടത്തപ്പെട്ടു.

**D. പ്രോലൈഫ്**

**1. അവലോകനയോഗം**

ഏപ്രിൽ 1-ാം തീയതി പാലായിൽ വച്ച് നടത്തിയ കെ.സി.ബി.സി പ്രോലൈഫ് വാർഷികത്തിന്റെ അവലോകനയോഗം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പ്രോലൈഫ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ അദ്ധ്യക്ഷതയിൽ കൂടി.

**E. ഹോംമിഷൻ**

പാലാ രൂപത പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായുള്ള ഹോംമിഷൻ പ്രോഗ്രാമിന്റെ അവസാനഘട്ടം കുറവിലങ്ങാട് പള്ളിയിൽ 3-ാം സോണിൽ തുടക്കം കുറിച്ചു. ഹോളി ഫാമിലി സന്ന്യാസിനീസമൂഹത്തിലെ നാല്പത് ബഹുമാനപ്പെട്ട സിസ്റ്റേഴ്സാണ് ഭവനസന്ദർശനത്തിനു നേതൃത്വം നൽകുന്നത്.

**F. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. സ്റ്റാഫ് മീറ്റിംഗ്**

ഏപ്രിൽ 26-ാം തീയതി മാട്രിമണിയുടെ സ്റ്റാഫ് അംഗങ്ങൾക്കായുള്ള ഓൺലൈൻ മീറ്റിങ് നടത്തി കാര്യങ്ങൾ ചർച്ച ചെയ്തു.

**G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള **മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ അമ്മമാർക്കും കുട്ടികൾക്കുമായി ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു.** ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംമ്പോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. **വിശദവിവരങ്ങൾക്കു വിളിക്കേണ്ട നമ്പർ — 7306293048**

**H. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി മോനിപ്പള്ളി ഇടവകയിലെ പെൺകുട്ടിക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ (ഡയറക്ടർ)**

# കത്തോലിക്കാ കോൺഗ്രസ്

**രൂപതാക്കമ്മിറ്റി**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാക്കമ്മിറ്റി ഏപ്രിൽ 9-ാം തീയതി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ യോഗം കൂടി. പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ച് ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, ട്രഷറർ ജോയി കണിപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

**തീരുമാനങ്ങൾ:**

1. കത്തോലിക്കാ കോൺഗ്രസിന്റെ 107-ാം ജന്മദിനം ഗ്ലോബൽതലത്തിൽ പാലക്കാട് രൂപതയുടെ നേതൃത്വത്തിൽ ഏപ്രിൽ 26, 27 തീയതികളിൽ പാലക്കാട് വച്ചു നടന്നു. എല്ലാ കേന്ദ്രസമിതിയംഗങ്ങളും അതിൽ പങ്കെടുത്തു. ഫൊറോനാ കമ്മിറ്റികളുടെ നേതൃത്വത്തിൽ അംഗങ്ങൾ പങ്കെടുത്തു. എഡ്വിൻ പാമ്പാറ, ക്ലിന്റ് അരീപ്ലാക്കൽ എന്നിവരെ ചുമതലപ്പെടുത്തി.

107-ാം ജന്മദിനാഘോഷം പാലാ രൂപതാക്കമ്മിറ്റിയുടെ നേതൃത്വത്തിൽ മെയ് 4-ാം തീയതി ഞായറാഴ്ച കൊഴുവനാൽ ഇടവകയുടെ സഹകരണത്തോടെ കൊഴുവനാൽ പള്ളി ഹാളിൽ നടത്തുന്നതിനു തീരുമാനിച്ചു. അതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിൽ രൂപതാ ട്രഷറർ ജോയി കണിപറമ്പിൽ ചേർപ്പുങ്കൽ ഫൊറോനാ പ്രസിഡന്റ് എം.എ. ജോർജ് മണിയങ്ങാട്ട്, സെക്രട്ടറി ജോസഫ് പോൾ, ബേബിച്ചൻ അഴിയാത്ത് എന്നിവരെ ചുമതലപ്പെടുത്തി. എല്ലാ യൂണിറ്റുകളിൽനിന്നും പര

മാവധി അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിനു തീരുമാനിച്ചു.

3. പാലാ ഫൊറോനായ്ക്ക് അഡ്ഹോക്ക് കമ്മിറ്റിയെ നിയമിച്ചു.

പ്രസിഡന്റ് : രാജേഷ് പാറയിൽ

സെക്രട്ടറി : ജോസി വർഗീസ് കുളത്തല

ട്രഷറർ : ജോർജ് ജോസഫ് കാഞ്ഞിരക്കാട്ട്

4. ജന്മദിനസമ്മേളനത്തോടനുബന്ധിച്ച് കർമസേനയുടെ ഉദ്ഘാടനവും കത്തോലിക്കാ കോൺഗ്രസ് മാഗസിന്റെ പ്രകാശനവും നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യാൻ ജനറൽ സെക്രട്ടറിയെയും ട്രഷററെയും ചുമതലപ്പെടുത്തി.

**ജനകീയ പ്രതിരോധസദസ്സ്**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നിർദ്ദേശപ്രകാരം മദ്യ-മയക്കുമരുന്ന് ഉപയോഗത്തിനെതിരേ, ലഹരിമുക്തനാടിനായി സർക്കാരും പൊതുജനങ്ങളും ഉണർന്നു പ്രവർത്തിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രൂപതയിലെ എല്ലാ യൂണിറ്റുകളിലും 'ജനകീയപ്രതിരോധ സദസ്സ്' മാർച്ച് 30 ഞായറാഴ്ച നടത്തി. സമ്മേളനങ്ങളും ലഹരിവിരുദ്ധപ്രതിജ്ഞയും ലഹരിവിരുദ്ധ കർമസേനരൂപീകരണവും നടത്തി.

**തിടനാട്, ഊട്ടുമലതീർഥാടനം**

കത്തോലിക്കാകോൺഗ്രസ് തിടനാട് യൂണിറ്റിന്റെ നേതൃത്വത്തിൽ രൂപതാസമിതിയുടെ സഹകരണത്തോടെ ഊട്ടുമലയിലേക്കു തീർഥാടനം നടത്തി. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, റവ. ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ ഫാ. ജോൺ വയലിൽ ഫാ. പോൾ പാറയ്ക്കൽ, സെബാസ്റ്റ്യൻ കൊള്ളിയാക്കൽ, ടോമിച്ചൻ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫൊറോനാവാർത്തകൾ**

**കുറവിലങ്ങാട്**

കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ കുറവിലങ്ങാട് ഫൊറോന കമ്മിറ്റിയുടെ ഉദ്ഘാടനം ആർച്ചുപ്രീസ്റ്റ് റവ. ഡോ. തോമസ് മേനാച്ചേരിൽ നിർവഹിച്ചു. ഫൊറോനാ പ്രസിഡന്റ് നിധീഷ് മാത്യു നിധീരി അധ്യക്ഷത വഹിച്ചു. എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, ആൻസമ്മ ബാബു, എഡ്വിൻ പാമ്പാറ, അജിത് അരിമറ്റം എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

ഫൊറോനാ യൂത്ത് കൗൺസിൽ ഭാരവാഹികളായി ഷിജോ ചെന്നേലിൽ, ജനറൽ കോർഡിനേറ്ററായി അഞ്ചംഗ കമ്മിറ്റിയെ തിരഞ്ഞെടുത്തു.

**ചേർപ്പുങ്കൽ**

പാലാ രൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കത്തോലിക്കാ കോൺഗ്രസ് ഭവനനിർമാണത്തിൽ ചേർപ്പുങ്കൽ ഫൊറോനാ നിർമിക്കുന്ന ഭവനത്തെപ്പറ്റി ആലോചിക്കുന്നതിനായി മൂഴൂർ പാരീഷ് ഹാളിൽ കമ്മിറ്റി ചേർന്നു. റവ. ഫാ. സെബാസ്റ്റ്യൻ കണിയാംപടിയുടെ സാന്നിധ്യത്തിൽ രൂപത ട്രഷറർ ജോയി കണിപറമ്പിൽ, കൺവീനർ ജയിംസ് വട്ടുതൊട്ടി തുടങ്ങിയവർ സംസാരിച്ചു.

കത്തോലിക്കാ കോൺഗ്രസിന്റെ 107 -ാം ജന്മദിനാഘോഷം പാലാ രൂപതയിൽ കൊഴുവനാൽ ഇടവകയുടെ നേതൃത്വത്തിൽ നടത്തുന്നതിനെപ്പറ്റി ആലോചിക്കുന്നതായി കൊഴുവനാൽ പള്ളി ഹാളിൽ യോഗം ചേർന്നു.

ഫൊറോനാ പ്രസിഡന്റ് ജോർജ് മണിയങ്ങാട്ട് അധ്യക്ഷത വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് നെല്ലിക്കത്തെരുവിൽ ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, ജോസഫ് പോൾ തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം വഹിച്ചു. ഫൊറോന ഡയറക്ടർ റവ. ഫാ. തോമസ് പരിയാരത്ത് മുഖ്യ പ്രഭാഷണം നടത്തി.

2025 മെയ് 4 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 കൊഴുവനാൽ പള്ളി ഹാളിൽ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യും. രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധിരി അധ്യക്ഷത വഹിക്കും. അതോടൊപ്പം കർമസേനയുടെ ഉദ്ഘാടനവും നടക്കും.

**ഭരണങ്ങാനം**

ഫൊറോനാ കമ്മിറ്റി പ്രസിഡന്റ് സണ്ണി ഞായറുകുളത്തിന്റെ അധ്യക്ഷതയിൽ നടത്തി. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, വെരി റവ. ഫാ. സക്കറിയ ആട്ടപ്പാട്ട്, ജോസ് വട്ടുകുളം, അരുൺ പോൾ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് പ്രതിഷേധധർണയും നടത്തി.

**കോതനല്ലൂർ**

പാലാ രൂപത പ്ലാറ്റിനം ജൂബിലി സ്മാരക കത്തോലിക്കാ കോൺഗ്രസ് ഭവനങ്ങളുടെ കോതനല്ലൂർ ഭവനത്തിന്റെ കല്ലിടീൽ കർമം കോതനല്ലൂർ ഇടവകയിൽ ഫൊറോനാ വികാരി വെരി റവ.ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴിപ്പിലും റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലുംകൂടി നിർവഹിച്ചു. ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, വൈസ് പ്രസിഡന്റ് സി.എം. ജോർജ്, സെക്രട്ടറി ടോമി കണ്ണീറ്റുമ്യാലിൽ, ഫൊറോനാ പ്രസിഡന്റ് സി.എം. ജോസഫ് ചീനോത്തുപറമ്പിൽ യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**യൂണിറ്റ് വാർത്തകൾ**

**കാഞ്ഞിരമറ്റം**

ലഹരിക്കെതിരേ ബോധവത്കരണം നടത്തുന്നതിനായി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ബോധവത്കരണക്ലാസ് നടത്തി. റവ.ഫാ. ജോസഫ് മണ്ണനാൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് മാത്തുക്കുട്ടി ഞായർകുളം അധ്യക്ഷത വഹിച്ചു. ലഹരിവിരുദ്ധപ്രതിജ്ഞയും ചൊല്ലി.

**ഏഴാച്ചേരി**

കത്തോലിക്കാകോൺഗ്രസ് ഏഴാച്ചേരി, അന്ത്യാളം, ചക്കാമ്പുഴ യൂണിറ്റുകളുടെ സംയുക്താഭിമുഖ്യത്തിൽ ഫാത്തിമാഗിരി കുരിശുമലയിലൂടെ കുരിശിന്റെ വഴി നടത്തി. റവ.ഫാ. ലൂക്കോസ് കൊട്ടുകാപ്പള്ളി, ബിനോയ് പള്ളത്ത്, സാബു അലക്സ്, സണ്ണി കുരിശുംമൂട്ടിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**പുതിയ യൂണിറ്റ് - പൈങ്ങുളം**

പൈങ്ങുളം ഇടവകയിൽ കത്തോലിക്കാ കോൺഗ്രസിന്റെ പുതിയ യൂണിറ്റ് ഉദ്ഘാടനം ചെയ്തു. റവ. ഫാ. മാത്യു വെട്ടുകല്ലേൽ, റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം എന്നിവർ സംബന്ധിച്ചു.

പ്രസിഡന്റ് - ജോർജ് ജോസഫ് കാഞ്ഞിരക്കാട്ട്

സെക്രട്ടറി - ഡറിസ് എബ്രാഹം താന്നിക്കൽ

ട്രഷറർ - ജിജോ & ജോസ്, കള്ളിക്കാട്ട്.

**പ്രണാമം**

കത്തോലിക്കാസഭയുടെ തലവനും സ്നേഹത്തിന്റെ തീർഥാടകനുമായിരുന്ന ഫ്രാൻസിസ് മാർപാപ്പായ്ക്കു പ്രണാമം. കഷ്ടതകൾ അനുഭവിക്കുന്നവർക്കൊപ്പവും ദരിദ്രരോടൊപ്പവും എപ്പോഴും നിലകൊണ്ടിരുന്ന, കഴിഞ്ഞ പന്ത്രണ്ടു വർഷക്കാലം സഭയെ ധീരമായി നയിച്ച ഫ്രാൻസിസ് പാപ്പായ്ക്ക് കത്തോലിക്കാകോൺഗ്രസ് പാലാ രൂപതാംഗങ്ങളുടെ പ്രണാമം.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**വാർഷികാഘോഷങ്ങൾ**

പി.എസ്.ഡബ്ല്യു.എസിന്റെ കീഴിലുള്ള സ്വയംസഹായസംഘങ്ങളുടെ ഇടവക/ഫോറോനതലത്തിലുള്ള വാർഷികാഘോഷങ്ങൾ നടത്തപ്പെട്ടു.

കൂടല്ലൂർ ഇടവകയിലെ സ്വാശ്രയസംഘത്തിന്റെ വാർഷികം വിപുലമായ പരിപാടികളോടെ നടത്തപ്പെട്ടു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ എസ്.എസ്. രക്ഷാധികാരി റവ. ഫാ. സിറിയക് വടക്കേൽ അധ്യക്ഷത വഹിച്ചു. സോൺ ഡയറക്ടർ ഫാ. തോമസ് കിഴക്കേക്കര അനുഗ്രഹപ്രഭാഷണം നടത്തി. സംഘാംഗങ്ങളുടെ കലാപരിപാടികൾ നടത്തുന്നു.

മുട്ടുചിറ ഫൊറോനയിലെ ഇടവകകളിലെ സ്വയംസഹായസംഘങ്ങളുടെ ഫൊറോനതലവാർഷികാഘോഷവും വനിതാദിനാചരണവും വിപുലമായ പരിപാടികളോടെ നടത്തി. സോൺ ഡയറക്ടർ റവ. ഫാ. ആന്റണി ഞരളക്കാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ വാർഷികാഘോഷം ഉദ്ഘാടനം നിർവഹിച്ചു.

പൂഞ്ഞാർ സോണിന്റെ വാർഷികാഘോഷവും വനിതാദിനാചരണവും പിഎസ്ഡബ്ല്യുഎസ് ഡയറക്ടർ റവ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. കേരള സോഷ്യൽ സർവ്വീസ് ഫോറം വനിതാവിഭാഗമായ ദർശന്റെ സംസ്ഥാന സെക്രട്ടറിയും പാലാ സോൺ കോർഡിനേറ്ററുമായ സൗമ്യ ജയിംസ് വനിതാദിന സന്ദേശം നൽകി.

വയല ഫെഡറേഷൻ വാർഷികം ഫെഡറേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തൂരിന്റെ അധ്യക്ഷതയിൽ പിഎസ്ഡബ്ല്യുഎസ് അസി. ഡയറക്ടർ റവ. ഫാ. ഇമ്മാനുവൽ കാഞ്ഞിരത്തുങ്കൽ ഉദ്ഘാടനം ചെയ്തു. വിവിധ കലാപരിപാടികളും മത്സരങ്ങളും നടത്തി.

ഇലഞ്ഞി ഫൊറോനയുടെ സോണൽ വാർഷികം പിഎസ്ഡബ്ല്യുഎസ് ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. സോണൽ രക്ഷാധികാരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ അധ്യക്ഷനായിരുന്നു. അധ്യാപിക ശ്രീമതി ആനി ജോസ് വനിതാദിനസന്ദേശം നൽകി.

**ശില്പശാല നടത്തി**

നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ജില്ലയിൽ രൂപീകരിച്ച കർഷക ഉത്പാദകക്കമ്പനികൾക്കുള്ള ഏകദിനശില്പശാല ഷലോം പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ സിഇഒ മാർ, ഡയറക്ടർ ബോർഡംഗങ്ങൾ, അക്കൗണ്ടന്റ്മാർ തുടങ്ങിയവർക്കായി നടത്തിയ സെമിനാറിന്റെ അധ്യക്ഷത പിഎസ്ഡബ്ല്യൂഎസ് ഡയറക്ടർ റവ.ഫാ. തോമസ് കിഴക്കേൽ വഹിച്ചു. എൻ.സി.ഡി.സി. റീജണൽ അസി. ഡയറക്ടർ എസ്. ശങ്കർ നാരായണൻ ഉദ്ഘാടനം ചെയ്തു.

**ലഹരിവിരുദ്ധ സന്ദേശറാലി**

മുട്ടുചിറ സോണിലെ രത്നഗിരി സ്വാശ്രയസംഘം നടത്തിയ ലഹരിവിരുദ്ധ സന്ദേശറാലി എസ്.എസ്. ഡയറക്ടർ ഫാ. മാത്യു കണിയാംപടി ഫ്ളാഗ് ഓഫ് ചെയ്തു. വിവിധ ഗ്രൂപ്പുകളിൽനിന്നായി അമ്പതോളം സന്നദ്ധപ്രവർത്തകരും എസ്.എച്ച്.ജി. അംഗങ്ങളും ടൗണിൽ റാലി നടത്തി.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**മധ്യവേനലവധിക്കാല ക്യാമ്പുകൾ**

DCMS പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ രൂപതയിലെ ദളിത് കത്തോലിക്കാ കുട്ടികൾക്കായി വിവിധ ക്യാമ്പുകൾ നടത്തുകയുണ്ടായി.

**ജീവിതദർശനക്യാമ്പ്**

രൂപതയിലെ 5,6,7,8,9 ക്ലാസ്സുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർഥികൾക്കായി ജീവിതദർശനക്യാമ്പ് മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തി. വിവിധ ഇടവകകളിൽനിന്നായി 30 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. 22-ാം തീയതി വൈകുന്നേരം ആരംഭിച്ച ക്യാമ്പ് രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കൂറ്റ് ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, രൂപത സെക്രട്ടറി ബിന്ദു ആന്റണി എന്നിവർ പങ്കെടുത്തു.

കുട്ടികൾക്കായി ഐസ് ബ്രേക്കിങ് സെഷൻ ശ്രീ ജോ ജോസഫ്, ഗ്രൂപ്പ് ഡിസ്കഷൻ ശ്രീ അനന്ദു വിനോദ്, ട്രീസാ മരിയ മാത്യു, മിസ്സ് സാഗര, Fun with number എന്ന വിഷയത്തിൽ ജൂലിയ, നമുക്കും നേടാം സിവിൽ സർവീസ് എന്ന വിഷയത്തിൽ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, DCMS സംഘടന എന്ന വിഷയത്തിൽ ബിനോയ് ജോൺ, വിശ്വാസവും കൗദാശികജീവിതവും എന്ന വിഷയത്തിൽ ഫാ. ജോസ് വടക്കേക്കുറ്റ്, ശ്രീ ജോസ് രാഗാദ്രി എന്നിവർ ക്ലാസുകൾ എടുത്തു. ഏപ്രിൽ 22 ചൊവ്വാഴ്ച വൈകുന്നേരം തുടങ്ങിയ ക്യാമ്പ് 24-ാം തീയതി വൈകുന്നേരം 4 മണിക്ക് അവസാനിച്ചു.

**കരിയർ ഗൈഡൻസ് ക്യാമ്പ്**

രൂപതയിലെ 10, Plus One, Plus Two ക്ലാസ്സുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ക്യാമ്പ് മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തി. വിവിധ ഇടവകകളിൽനിന്നായി 55 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. 24-ാം തീയതി വൈകുന്നേരം ആരംഭിച്ച ക്യാമ്പ് സൺഡേസ്കൂൾ ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കൂറ്റ്, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, രൂപത സെക്രട്ടറി ബിന്ദു ആന്റണി എന്നിവർ പങ്കെടുത്തു.

കുട്ടികൾക്കായി ഐസ് ബ്രേക്കിങ് സെഷൻ ശ്രീ എഡ്വിൻ ജോസി, ട്രീസാ മരിയ മാത്യു, മിസ് സാഗര, നമുക്കും നേടാം സിവിൽ സർവീസ് എന്ന വിഷയ ത്തിൽ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, DCMS സംഘടന എന്ന വിഷയത്തിൽ ബിനോയ് ജോൺ, വിശ്വാസവും കൗദാശികജീവിതവും എന്ന വിഷയത്തിൽ ഫാ. ജോസ് വടക്കേക്കുറ്റ്, കരിയർ ഗൈഡൻസ് & പേഴ്സണാലിറ്റി എന്ന വിഷയത്തിൽ ശ്രീ റോബിൻ സർ, ശ്രീ ജോസ് രാഗാദ്രി എന്നിവർ ക്ലാസുകൾ എടുത്തു. ഏപ്രിൽ 24 വ്യാഴാഴ്ച്ച വൈകുന്നേരം തുടങ്ങിയ ക്യാമ്പ് 26-ാം തീയതി വൈകുന്നേരം 4 മണിക്ക് അവസാനിച്ചു.

**ഭവനസന്ദർശനവും യൂണിറ്റ് രൂപീകരണവും**

DCMS സംഘടനയുടെ സപ്തതിവർഷ കർമ്മപരിപാടിയുടെ ഭാഗമായി നടത്തുന്ന ഭവനസന്ദർശനവും യൂണിറ്റ് രൂപീകരണവും വിവിധ സോണുകളുടെ ആഭിമുഖ്യത്തിൽ നടക്കുകയുണ്ടായി. ഇലഞ്ഞി ഫൊറോനയിൽ മുളക്കുളം സെന്റ് മേരീസ് പള്ളി, പെരിയപ്പുറം ഇടവക, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ശാന്തിപുരം എന്നിവിടങ്ങളിലും, ചേർപ്പുങ്കൽ ഫൊറോനയിൽ കുരുവിനാൽ ഇടവകയിലും മംഗളാരാം ഇടവകയിലും കരിമ്പാനി ഇടവകയിലും ഭവനസന്ദർശനങ്ങൾ നടന്നു. ഭവനസന്ദർശനങ്ങൾക്ക് രൂപത കമ്മിറ്റിയംഗങ്ങളും കൗൺസിൽ യൂണിറ്റ്, സോണൽ ഭാരവാഹികളും നേതൃത്വം നല്കി.

കുരുവിനാൽ ഇടവകയിലും, കരിമ്പാനി ഇടവകയിലും യൂണിറ്റ് രൂപീകര ണവും നടന്നു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി എന്നിവർ പങ്കെടുത്തു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

**ഫാ. മാണി കൊഴുപ്പൻകുറ്റി** (അസി. ഡയറക്ടർ)

# കെയർ ഹോംസ്

**1. പ്രിൻസിപ്പൽ മീറ്റിംഗ്**

സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൽമാരുടെ മീറ്റിംഗ് നടത്തപ്പെട്ടു.

**2. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഓൾഡ് ഏജ് ഹോം, മാനസികാരോഗ്യ പുനരധിവാസകേന്ദ്രം, ബാലഭവൻ എന്നിവയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. സംസ്ഥാന ടീം സന്ദർശനം**

സംസ്ഥാന പ്രസിഡന്റ് ശ്രീ ജോസ് മാത്യു ഊക്കൻ, സംസ്ഥാന ജനറൽ സെക്രട്ടറി ഡിക്സൺ മാനിക്ക്, സംസ്ഥാന ട്രഷറർ അഡ്വ. തോമസ് മാത്യു എന്നിവർ കെ.എൽ.എം ഓഫീസ് സന്ദർശിച്ചു.

**2. കെ.എൽ.എം. കോട്ടയം സോണൽ മീറ്റിംഗ്**

കേരള ലേബർ മൂവ്മെന്റ് കോട്ടയം സോണൽ മീറ്റിംഗ് 2025 ഏപ്രിൽ 8 രാവിലെ 10 മണിക്ക് പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനകർമം നിർവഹിച്ചു. കോട്ടയം മേഖല ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ആമുഖ പ്രസംഗവും, സംസ്ഥാന ഡയറക്ടർ റവ. ഫാ. അരുൺ വലിയതാഴത്ത് അനുഗ്രഹപ്രഭാഷണവും, സംസ്ഥാന പ്രസിഡന്റ് ശ്രീ ജോസ് മാത്യു ഊക്കൻ അധ്യക്ഷപ്രസംഗവും നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി ഡിക്സൺ മാനിക് വിഷയാവതരണവും സംസ്ഥാനട്രഷറർ തോമസ് മാത്യു പ്രോജക്ട് അവതരണവും നടത്തി. ചങ്ങനാശ്ശേരി അതിരൂപത ഡയറക്ടർ റവ. ഫാദർ ജോൺ വടക്കേക്കളം, കാഞ്ഞിരപ്പള്ളി രൂപതാ ഡയറക്ടർ റവ.ഫാ. ജോസഫ് പുൽത്തകിടിയേൽ എന്നിവർ ആശംസകൾ അർപ്പിച്ചു. മേഖലാ സെക്രട്ടറി കെ.ജെ. ജോസഫ് കൃതജ്ഞത അർപ്പിച്ചു. കോട്ടയം സോണലിന്റെ പാലാ, കോട്ടയം, വിജയപുരം, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, തിരുവല്ല, എന്നീ രൂപതകളിലെ കെ.എൽ.എം. രൂപതാ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ ഈ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. പാലാ രൂപത കെ.എൽ.എം ഡയറക്ടർ ഫാ. ജോർജ്ജ് നെല്ലിക്കുന്നുചെരിവുപുരയിടം, രൂപതാ പ്രസിഡന്റ് ജോയിക്കുട്ടി മണ്ണൂർ, വനിതാവിഭാഗം പ്രസിഡന്റ് സ്വപ്ന ജോർജ് വടകര എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

**3. വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: 8304981275 (O), 9400661492 (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1. ലഹരിവിമുക്ത ജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (AA)**

ഏപ്രിൽ മാസം 6,13,20,27 തീയതികളിൽ AA മീറ്റിംഗുകൾ നടത്തപ്പെട്ടു. ചികിത്സാനന്തരം ലഹരിയാസക്തിയെ അതിജീവിച്ച് ജിവിതം നയിക്കുന്നവർ യോഗത്തിൽ സംബന്ധിക്കുകയും സംസാരിക്കുകയും ചെയ്തു. യോഗങ്ങൾക്ക് ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നല്കി.

**2. അൽ–അനോൺ & അൽ അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും അവരുടെ മക്കളുടെയും സംഗമം ഏപ്രിൽ 12 ശനിയാഴ്ച നടത്തപ്പെട്ടു.

**3. ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ**

ഏപ്രിൽ 7,8,9,10 ദിവസങ്ങളിൽ വിശ്വാസോത്സവം അനുബന്ധിച്ച് ലഹരിവിരുദ്ധ ബോധവത്കരണക്ലാസ്സുകൾ മംഗളഗിരി, മണ്ണാറപ്പാറ, കിഴപറയാർ, അൽഫോൻസാഗിരി എന്നിവിടങ്ങളിൽ അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ ക്ലാസ്സ് നടത്തി.

ഏപ്രിൽ 12 ന് എൻ.എസ്.എസ് ശ്രീവിലാസം കരയോഗം പാറപ്പള്ളി സംഘടിപ്പിച്ച എൻ.എസ്.എസ്. ലഹരിവിരുദ്ധ പ്രചരണദിനത്തിൽ അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ ലഹരിവിരുദ്ധബോധവത്കരണ ക്ലാസ്സ് നടത്തി.

**ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സ് നടത്തി**

ഡി.സി.എം.എസ്. സംഘടിപ്പിച്ച ദ്വിദിന ക്യാമ്പിൽ ഏപ്രിൽ 24ന് 5,6,7.8 ക്ലാസ്സിലെ കുട്ടികൾക്കും 26ന് 10,11,12 ക്ലാസ്സിലെ കുട്ടികൾക്കും ലഹരിവിരുദ്ധ ബോധവത്കരണക്ലാസ്സ് നടത്തി. ക്ലാസ്സിന് നേതൃത്വം നല്കിയത് അഡാർട്ട് കൗൺസിലർ മരിയ ആനി പോൾ.

**4. ആത്മവിശുദ്ധീകരണ ധ്യാനം**

ഏപ്രിൽ മാസത്തിൽ അഡാർട്ടിൽ വച്ച് അത്മവിശുദ്ധീകരണ ധ്യാനം നടത്തി. അഡാർട്ടിൽ ചികിത്സ നേടുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി നടത്തിയ ധ്യാനത്തിന് ബ്രദർ ജോസ് കാവാലി, ബ്രദർ രവി തോമസ്, ഫാ. ജെയിംസ് പൊരുന്നോലിൽ തുടങ്ങിയവർ നേതൃത്വം നല്കി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് മത്സരത്തിന്റെ പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

ലോഗോസ് ക്വിസ് 2024 ന്റെ സമ്മാനങ്ങൾ കൊണ്ടുപോകാത്തവർ ഈ മാസം തന്നെ അവ കൈപ്പണമെന്ന കാര്യം ഓർമിപ്പിക്കുന്നു.

**ബൈബിൾ പുതിയനിയമം പകർത്തിയെഴുത്തുമത്സരം**

ബൈബിൾ അപ്പോസ്തലേറ്റ് കുടുംബങ്ങൾക്കായി സംഘടിപ്പിക്കുന്ന ബൈബിൾ പകർത്തിയെഴുത്തുമത്സരം ആരംഭിച്ചു. 2026 ഏപ്രിൽ അവസാനിക്കും. രൂപതയിലെ വിവിധ ഇടവകകളിൽനിന്നായി 300 കുടുംബങ്ങൾ പങ്കെടുക്കുന്നു.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1.** പാലാ രൂപത ഇവാഞ്ചലൈസേഷൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഉള്ളനാട്, കാഞ്ഞിരമറ്റം, പ്രവിത്താനം, മുളക്കുളം, കൂടല്ലൂർ, മണിയംകുളം, മണിയംകുന്ന്, മാനത്തൂർ, കൂട്ടിക്കൽ എന്നീ ഇടവകകളിൽ ധ്യാനം നടത്തി.

2. പാലാ രൂപത ഇവാഞ്ചലൈസേഷൻ ഹോസ്പിറ്റൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ 12 അംഗങ്ങൾ ഏപ്രിൽ 12 രാവിലെ 9 മുതൽ മുട്ടുചിറ ഹോസ്പിറ്റൽ സന്ദർശിച്ചു രോഗികളോടു സംസാരിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

**ഫാ. ജോസഫ് അരിമറ്റത്ത്**
**ഫാ. ആൽവിൻ പുതുപ്പറമ്പിൽ**
(ഡയറക്ടേഴ്സ്)

# കരിസ്മാറ്റിക് വാർത്തകൾ

1. പാലാ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സയ്ഥ ശുശ്രൂഷ നടത്തപ്പെടുന്നു. രാവിലെ 9 മണിമുതൽ 2 മണിവരെയും കരുണക്കൊന്ത, ജപമാല, കുരിശിന്റെ വഴി, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രുഷകൾ നടത്തി. 2025 ഏപ്രിൽമാസത്തിൽ ഫാ. കുര്യൻ പോളക്കാട്ട്, ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തി.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥനാദിനമായി പാലാ

സോണിനു നല്കപ്പെട്ടിരിക്കുന്ന ഏപ്രിൽ 7 ന് ഭരണങ്ങാനം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. റവ. ഫാ. സക്കറിയാസ് അട്ടപ്പാട്ട് (ഭരണങ്ങാനം ഫൊറോന വികാരി) തിരിതെളിച്ച് ശുശ്രുഷകൾ ഉദ്ഘാടനം ചെയ്തു. ഫാ. ആൽബിൻ പുതുപ്പറമ്പിൽ വിശുദ്ധ കുർബാനയർപ്പിച്ചു, ഫാ. ജോസഫ് അരിമറ്റത്ത്, ഫാ ജോസഫ് പരുവമ്മേൽ, ശ്രീ ബാബു തൊമ്മനമറ്റം, സോൺ, ഭരണങ്ങാനം സബ് സോൺ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**3.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളിയിൽ വച്ച് എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**4.** ഏപ്രിൽ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 ന് ഓൺ ലൈനിൽ കുരിശിന്റെ വഴി നടത്തപ്പെട്ടു.

**5. രാത്രിയാരാധന**

വി. അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ വച്ച് 26 ശനി രാത്രി ആരാധന നടത്തപ്പെട്ടു. ബ്രദർ തോമസ് കുമളി വചനപ്രഘോഷണവും ആരാധനയും നയിച്ചു. റവ. ഫാ. ജോസഫ് അരിമറ്റത്ത്, റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ സർവീസ് ടീം അംഗങ്ങൾ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**6. നാല്പതാംവെള്ളി ആചരണം**

ഏപ്രിൽ 11 വെള്ളിയാഴ്ച അരുവിത്തുറ ദൈവാലയത്തിൽനിന്ന് വല്യച്ചൻ മലയിലേക്ക് കുരിശിന്റെ വഴി നടത്തി. വല്യച്ചൻമലയിലെ ദേവാലയത്തിലെ ബലി യർപ്പണത്തിലും നേർച്ചക്കഞ്ഞിയിലും കരിസ്മാറ്റിക് കുടുംബാംഗങ്ങൾ എല്ലാവരും പങ്കെടുത്തു. ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ, സബ് സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**7.** ഏപ്രിൽ മാസത്തിൽ കരിസ്മാറ്റിക് സോൺ, സബ് സോണിന്റെ നേതൃത്വത്തിൽ, 8 ന് ജിയോവാലി സെന്റ് ജോർജ് ദേവാലയത്തിലും 12 ന് കൊഴുവനാൽ സെന്റ് ജോൺ നെപുംസിയാൻസ് ദേവാലയത്തിലും 15 ന് മല്ലികശ്ശേരി സെന്റ് തോമസ് ദേവാലയത്തിലും മൂലമറ്റം സെന്റ് ജോർജ് ഫൊറോനാ ദേവാലയത്തിലും 12 മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി.

**9.** YU4C യുടെ നേതൃത്വത്തിൽ നോമ്പുകാലത്ത് എല്ലാ ദിവസവും Google meet വഴി കുരിശിന്റെ വഴിയും തുടർന്ന് വചനവിചിന്തനവും നടത്തി.

ഈസ്റ്റർ ഒരുക്കമായി നോമ്പുകാലത്തോടനുബന്ധിച്ച് YU4C പാലാ സോണിന്റെ നേതൃത്വത്തിൽ "ക്രൂശിതന്റെ മാർവിൽ" എന്ന ഷോർട്ട് വീഡിയോസ് സോഷ്യൽ മീഡിയയിലൂടെ എല്ലാ ദിവസവും പങ്കുവയ്ക്കപ്പെട്ടു. കുറിഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ വച്ച്, ആദ്യകുർബാന സ്വീകരണത്തിന് ഒരുങ്ങുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുംവേണ്ടി YU4C യുടെ നേതൃത്വത്തിൽ ശുശ്രൂഷകൾ നടത്തപ്പെട്ടു.

ഞായറാഴ്ചകളിൽ സെന്റ് തോമസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്ന പ്രാർത്ഥനക്കൂട്ടായ്മയിൽ YU4C അംഗങ്ങൾ സ്തുതി ആരാധന നടത്തി.

കോട്ടയം ക്രിസ്ത്യൻധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ട കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ സൗത്ത് സെൻട്രൽ സബ് റീജിയൻ സന്ദർശനത്തിൽ YU4C പാലാ സോണിന്റെ നേതൃത്വത്തിൽ സ്തുതി ആരാധന നടത്തപ്പെട്ടു.

**10.** പാലാ രൂപത ഇവാഞ്ചലൈസേഷന്റെ യൂത്ത് മിനിസ്ട്രി YU4C (Youth United For Christ) യുടെ നേതൃത്വത്തിൽ 16 വയസ്സിനുമുകളിലേക്കുള്ള യുവജനങ്ങൾക്കായി മെയ് 16,17,18 തീയതികളിൽ പാലാ ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽവച്ച് CHRISTOS യുവജനധ്യാനം നടത്തുന്നു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചന പ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ഏപ്രിൽ 12 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

**2. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം**

ഏപ്രിൽ 21 മുതൽ 27 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**3. യുവജനങ്ങൾക്കായി ദൈവരാജ്യാനുഭവധ്യാനം: 2025 മെയ് 1 വ്യാഴം, 5 pm – 6 ചൊവ്വ, 9 am**

യുവാവേ, യുവത്വത്തിൽ നീ സന്തോഷിക്കുക, യൗവനത്തിന്റെ നാളുകളിൽ നിന്റെ ഹൃദയം നിന്നെ ആനന്ദിപ്പിക്കട്ടെ; ഹൃദയത്തിന്റെ പ്രേരണകളെയും കണ്ണിന്റെ അഭിലാഷങ്ങളെയും പിൻചെല്ലുക. എന്നാൽ, ഓർമിച്ചുകൊള്ളുക, ഇവയ്ക്കെല്ലാം ദൈവം നിന്നെ ന്യായവിധിക്കായി വിളിക്കും (സഭാപ്രസംഗകൻ 11:9). ന്യായവിധിക്കായി ദൈവതിരുമുമ്പിൽ നിൽക്കുമ്പോൾ ആത്മവിശ്വാസത്തോടെ തലയുയർത്തി നിൽക്കത്തക്കവിധം, നല്ല ദൈവം തന്റെ വത്സലമക്കൾക്കായി ഈ ജീവിതത്തിൽ കരുതിവച്ചിരിക്കുന്ന ആനന്ദങ്ങളെയും സന്തോഷങ്ങളെയുമെല്ലാം കൃതജ്ഞതാപൂർവം ആസ്വദിച്ചുകൊണ്ട് യുവത്വത്തിന്റെ കരുത്തിൽ ജീവിക്കാൻ ഓരോ യുവാവിനെയും യുവതിയെയും സജ്ജമാക്കുന്ന ആത്മീയശുശ്രൂഷ. ബുക്കിംഗിന്: mountnebo.online

**4. സിസ്റ്റേഴ്സിനായി ദൈവരാജ്യാഭിഷേകധ്യാനം: 2025 മെയ് 25 ഞായർ, 5 pm – 30 വെള്ളി, 9 am**

ഞാൻ അവളെ വശീകരിച്ച് വിജനപ്രദേശത്തേക്കു കൊണ്ടുവരും. അവളോടു

ഞാൻ ഹൃദ്യമായി സംസാരിക്കും (ഹോസിയാ 2:14) എന്ന് കൊച്ചുപ്രായത്തിൽ ഹൃദയത്തിന്റെ അന്തരാളങ്ങളിൽ ശ്രവിച്ച ദൈവികമന്ത്രണത്തിനു സന്തോഷ ത്തോടെയും ആവേശത്തോടെയും ഉത്തരംകൊടുത്തുകൊണ്ട്, വീടും നാടും തനിക്കു സ്വന്തമായവയുമെല്ലാം ഉപേക്ഷിച്ച്, ഈശോയുടെമാത്രം സ്വന്തമാകുവാൻ ഇറങ്ങിത്തിരിച്ചവരാണല്ലോ തിരുസ്സഭയിലെ ഓരോ സമർപ്പിതയും. സമർപ്പിത ജീവിതത്തിൽ വർഷങ്ങൾ പിന്നിടുമ്പോൾ, സമർപ്പിതജീവിതത്തിന്റെ ശുശ്രൂഷാ ദൗത്യങ്ങളുടെ നിർവ്വഹണത്തിരക്കുകളിൽ, മർത്തായെപ്പോലെ പലതിനെക്കുറിച്ചും ഉത്കണ്ഠാകുലയും അസ്വസ്ഥയുമായി ഭവിച്ച്, കൊച്ചുനാളിൽ ശ്രവിച്ച ദൈവിക മന്ത്രണത്തിന്റെ മാധുര്യം നഷ്ടമായോ? തിരിച്ചറിയാനും തിരുത്തലെടുക്കാനും, തിരിച്ചുവന്ന് നാഥനോടൊപ്പം വിജനപ്രദേശത്ത് ആയിരിക്കുന്നതിന്റെ വശ്യമായ ഹൃദ്യത സ്വന്തമാക്കാനും സഹായിക്കുന്ന ആത്മീയശുശ്രൂഷ. ബുക്കിംഗിന്: mountnebo.online

**5. വൈദികർക്കായി ദൈവരാജ്യാഭിഷേകധ്യാനം: 2025 ജൂൺ 2 തിങ്കൾ, 5 pm – 7 ശനി, 9 am (or, 6 വെള്ളി, 9 pm).**

തിരുസ്സഭ, പ്രത്യേകിച്ച് തിരുസ്സഭയിലെ പൗരോഹിത്യശുശ്രൂഷ, വളരെ ബുദ്ധി മുട്ടേറിയ ഒരു ഘട്ടത്തിലൂടെ കടന്നുപോകുന്ന ഈ നാളുകളിൽ, നമ്മുടെ കർത്താവ് വിശുദ്ധ പത്രോസ്ശ്ലീഹാവഴി തിരുസ്സഭയെ ഭരമേല്പിച്ച ദൈവരാജ്യശുശ്രൂഷയുടെ വലിയ ദൗത്യത്തെക്കുറിച്ച് ആഴമായ അവബോധമുൾക്കൊള്ളാനും, പുതിയ ഉണർവ്വോടെയും കരുത്തോടെയും തിരുസ്സഭയിലെ പൗരോഹിത്യശുശ്രൂഷ നിർവ്വ ഹിക്കാൻ വൈദികരെ സഹായിക്കുകയും ചെയ്യുന്ന ധ്യാനമാണിത്. ധ്യാനത്തിൽ, കർദിനാൾ ജോർജ് ആലഞ്ചേരി, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ആന്റണി വാലുങ്കൽ എന്നിവർ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുന്നു. ബുക്കിംഗിന്: mountnebo.online

**6. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:**

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am – 3 pm:
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2025 മെയ് 1 വ്യാഴം, 5 pm – 6 ചൊവ്വ, 9 am:
യുവജനങ്ങൾക്കായി ദൈവരാജ്യാനുഭവധ്യാനം

2025 മെയ് 11 ഞായർ, 5 pm – 17 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2025 മെയ് 25 ഞായർ, 5 pm – 30 വെള്ളി, 9 am:
സിസ്റ്റേഴ്സിനായി ദൈവരാജ്യാഭിഷേകധ്യാനം

2025 ജൂൺ 2 തിങ്കൾ 5 pm – 7 ശനി, 9 am:
വൈദികർക്കായി ദൈവരാജ്യാഭിഷേകധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിംഗിന്: mountnebo.online

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

പാലാ രൂപത ഫ്രാൻസിസ്കൻ അല്മായസഭയുടെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനാക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിംഗുകളും നടന്നുവരുന്നു.

SFO പാലാ രൂപതാസമിതി, വിവിധ റീജിയൻ, യൂണിറ്റ് സമിതികൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ 2025 ഏപ്രിൽ മാസം 02-ാം തീയതി (02-04-2025) ബുധനാഴ്ച രാവിലെ 9 മണിമുതൽ ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ വച്ച് നോമ്പുകാലസമ്മേളനം നടത്തുന്നു. SFO പാലാ രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ബ്രദർ ടോമിച്ചൻ മേപ്പുറം മുഖ്യപ്രഭാഷണവും SFO പാലാ രൂപത ഡയറക്ടർ ഫാദർ ആന്റണി വെച്ചൂർ OFM. Cap: അനുഗ്രഹപ്രഭാഷണവും നടത്തി.

SFO രൂപത ഫോർമേറ്റർ സി. അന്നക്കുട്ടി തോമസ് പുത്തൻപറമ്പിൽ നോമ്പുകാലസന്ദേശം നല്കി. പ്രൊഫസർ ഡോക്ടർ കുര്യാച്ചൻ ജോർജ് വലിയമംഗലം, SFO രൂപത ജനറൽ സെക്രട്ടറി റ്റിസി രാജു കടലംകാട്ട് എന്നിവർ സദസ്സിന് യഥാക്രമം സ്വാഗതവും കൃതജ്ഞതയും ആശംസിച്ചു. നോമ്പുകാല സമ്മേളനത്തോടനുബന്ധിച്ച് കുരിശിന്റെ വഴി, ഫാദർ ജിതിൻ വടക്കുംമുറി OFM. Cap: ന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാനയും എന്നിവ നടത്തപ്പെട്ടു.

ബഹു. യൂണിറ്റ് ഡയറക്ടറുടെയും യൂണിറ്റ് സമിതിയുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ വിവിധ യൂണിറ്റുകളിൽനിന്നു ലഭിച്ച ചികിത്സാസഹായത്തിനുള്ള അപേക്ഷകൾ രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ച് പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ നോമ്പുകാലസമ്മേളനത്തിൽവച്ച് ചികിത്സാസഹായത്തിന്റെ വിതരണം SFO ഡയറക്ടർ ഫാ. ആന്റണി വെച്ചൂർ OFM. Cap: നിർവഹിച്ചു. തുടർന്ന് സ്നേഹവിരുന്നോടെ സമ്മേളനത്തിന് സമാപനം കുറിച്ചു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. തിരഞ്ഞെടുപ്പ് നടത്തി**

ദീപിക ഫ്രണ്ട്സ് ക്ലബ് രൂപതാഭാരവാഹികളെ തിരഞ്ഞെടുത്തു. രൂപതാ പ്രസിഡന്റ് ജയ്സൺ കുഴികോടിയിൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം ആമുഖസന്ദേശം നൽകി. സംസ്ഥാന പ്രസിഡന്റ് ജോർജ് വടക്കേൽ തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കു നേതൃത്വം നൽകി. ദീപികയുടെ പ്രചരണം വ്യാപകമാക്കുന്നതിനായി രൂപതയെ അഞ്ചു സോണുകളായി തിരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തീരുമാനിച്ചു. അരുവിത്തുറ, പാലാ, രാമപുരം, കുറവിലങ്ങാട്, മൂലമറ്റം എന്നിവയാണ് സോണുകൾ.

*പുരുഷവിഭാഗം ഭാരവാഹികൾ*

പ്രസിഡന്റ് – ജയ്സൺ ജോസഫ് കുഴികോടിയിൽ (ചേർപ്പുങ്കൽ)
വൈസ് പ്രസിഡന്റ് – സാബു സിറിയക് കദളിയിൽ (പ്രവിത്താനം)
സെക്രട്ടറി – വി.ടി ജോസഫ് വെട്ടിക്കൽ (കത്തീഡ്രൽ)
ജോ. സെക്രട്ടറി – സി.എ സെബാസ്റ്റ്യൻ ചവണിയാങ്കൽ (പിഴക്)
ട്രെഷറർ – ഷാജി എമ്പ്രയിൽ (തുടങ്ങനാട്)

*എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ*

ജോർജ് തോമസ് വടക്കേൽ അരുവിത്തുറ, രാജു കൊക്കപ്പുഴ ഇടമറ്റം, സെബാസ്റ്റ്യൻ കുറ്റിയാനി പൂഞ്ഞാർ, പി.കെ കോശി പാറയ്ക്കൽ കൂട്ടിക്കൽ, പ്രതീഷ് പുതിയമംഗലത്ത് വാലാച്ചിറ

*സ്ത്രീവിഭാഗം ഭാരവാഹികൾ*

പ്രസിഡന്റ് – ജാൻസി ജോസഫ് കടനാട്.
വൈസ് പ്രസിഡന്റ് – ഫ്ളവറി സെബാസ്റ്റ്യൻ ചേർപ്പുങ്കൽ
സെക്രട്ടറി – ആലീസ് തോമസ് പാറടിയിൽ ചെമ്മലമറ്റം
ജോ. സെക്രട്ടറി – ടെസ്സി അലക്സ് വാഴക്കാലായിൽ പ്രവിത്താനം
ട്രെഷറർ – ഡെയ്സി ജിബു കണ്ടെത്തിങ്കര കടനാട്

*എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ*

മോളി ജോൺ കുന്നുംപുറം കിഴപറയാർ, ഷൈനി തോമസ് പെറ്റോടത്തിൽ വിളക്കുമാടം, തെയ്യാമ്മ തോമസ് പാറയ്ക്കൽ മറ്റക്കര, ചേർപ്പുങ്കൽ, മേഴ്സി ജോസഫ് മൂന്നാനപ്പള്ളിൽ ചെമ്മലമറ്റം, ജിജി സണ്ണി പൂത്തോട്ടാൽ ചേർപ്പുങ്കൽ.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

| APRIL 2025 | | |
|---|---|---|
| 1 | 9:00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.30 pm | കുമ്മണ്ണൂർ ബാലഭവന്റെ വാർഷിക മീറ്റിംഗിൽ പങ്കെടുത്തു. |
| 2 | 2.30 pm | പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന റസിഡൻഷ്യൽ ക്യാമ്പിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| | 5:00 pm | സെന്റ് തോമസ് കോളേജ് ഗവേണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു. |
| | 7 : 00 pm | കത്തീഡ്രൽ പള്ളിയിൽ നടന്ന നാല്പതുമണി ആരാധനയുടെ സമാപനത്തിലെ ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ പങ്കുചേർന്നു. |
| 4 | 9:00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 5 | 5:00 pm | ചേർപ്പുങ്കൽ മാർ സ്ലീവ മെഡിസിറ്റിയിൽ നൂതന അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. |
| 6 | 2:30 pm | ളാലം പഴയ പള്ളി ഓഡിറ്റോറിയത്തിൽ നടന്ന മദ്യം മയക്കുമരുന്ന്, ലഹരി എന്നിവയ്ക്കെതിരേയുള്ള മഹാസമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 7 | 9:30 am | മൈനർ സെമിനാരിയിൽ പുതുതായി ചേരാൻ ആഗ്രഹിക്കുന്ന കുട്ടികളെ ഇന്റർവ്യൂ നടത്തി. |
| 8 | 9:00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 pm | മണ്ണയ്ക്കനാട് ഇടവകയിൽ സി.കെ. സിറിയക്കിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് പ്രാർത്ഥന നടത്തി. |
| | 4.00 pm | പാലാ മരിയൻ സദനത്തിന്റെ പുതിയ ബ്ലോക്കിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| 9 | 3:00 pm | മാർ സ്ലീവാ നഴ്സിംഗ് കോളേജിന്റെ ഗ്രാജുവേഷൻ സെറിമണിയിൽ സംബന്ധിച്ച് സന്ദേശം നൽകി. |
| 10 | 9:30 am | ഏഴാച്ചേരി ഇടവകയിൽ നവീകരിച്ച കുരിശടിയുടെ (ഫാത്തിമാഗിരി) വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 3:00 pm | അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ 99-ാം ജന്മദിനാഘോഷത്തിൽ പങ്കെടുത്തു. |
| 11 | 8:30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11:00 am | പാലാ കത്തീഡ്രൽ ഇടവകാംഗം ജോസ് തോമസ് കൊട്ടാരത്തിലിന്റെ (ഫാ. ജോർജ് കൊട്ടാരത്തിലച്ചന്റെ പിതാവ്) സംസ്കാരകർമത്തിൽ വീട്ടിലെ കർമ്മങ്ങൾക്കു കാർമികത്വം വഹിച്ചു. |
| | 6.30 pm | മുട്ടുചിറ ഇടവകയിൽ നവീകരിച്ച ഓഡിറ്റോറിയത്തിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി. കുരിശിന്റെ വഴിയുടെ സമാപനസന്ദേശം നൽകി. |
| 12 | 7:00 am | പാലാ കത്തീഡ്രലിൽ രൂപതയിലെ പത്ത് വൈദിക വിദ്യാർഥികൾക്കു മ്ശംശാനപട്ടം നൽകി. |
| | 1.30 pm | ഭരണങ്ങാനം എം.എസ്.ടി. ജനറലേറ്റിൽ ബഹു. കുര്യൻ വലിയമംഗലത്തച്ചന്റെ മൃതസംസ്കാരകർമ്മത്തിൽ പങ്കെടുത്ത് അനുശോചനസന്ദേശം നല്കി. |
| 13 | 6.45 am | പാലാ കത്തീഡ്രലിൽ ഓശാനതിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| 14 | 2:45 pm | ളാലം പഴയപള്ളി ഇടവകാംഗം മൂഴയിൽ ബേബിയുടെ മൃതദേഹത്തിന് അരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3:15 pm | ഭരണങ്ങാനത്ത് നവീകരിച്ച മാതൃഭവന്റെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു. |
| 15 | 3:00 pm | പറത്താനം സീവ്യൂ എസ്റ്റേറ്റ് സന്ദർശിച്ചു. |
| | 5:00 pm | നിർമ്മാണത്തിലായിരിക്കുന്ന കുടയത്തൂർ സെന്റ് അഗസ്റ്റിൻ ദേവാലയത്തിന്റെ നിർമ്മാണപുരോഗതി സന്ദർശിച്ചു വിലയിരുത്തി. |
| 16 | 6:00 pm | പാലാ കത്തീഡ്രൽ പള്ളിയുടെ നവീകരിച്ച AC ഓഡിറ്റോറിയത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 17 | 7:00 am | പാലാ കത്തീഡ്രലിൽ പെസഹവ്യാഴതിരുക്കർമ്മങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. |
| | 8:00 pm | ബിഷപ്സ് ഹൗസിൽ പെസഹ അപ്പം മുറിക്കൽ ശുശ്രൂഷയിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 18 | 8:00 am | പാലാ കത്തീഡ്രൽ ദുഃഖവെള്ളിയുടെ തിരുകർമ്മ ങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. തുടർന്നു നടന്ന സ്ലീവാപ്പാതയിൽ സംബന്ധിച്ചു. |
| 20 | 3.00 am | പാലാ കത്തീഡ്രൽ പള്ളിയിൽ ഉയിർപ്പുതിരുകർ മ്മങ്ങൾ നടത്തി. |
| 21 | 11.00 am | കാഞ്ഞിരത്താനം പള്ളിയിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| | 3:00 pm | മിഷനറി മഹാസംഗമത്തോടനുബന്ധിച്ച് പ്രവി ത്താനം ഇടവകയിൽ വോളണ്ടിയേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 4:30 pm | ചോലത്തടം ഇടവകയിൽ ഹോം പാലാ പ്രൊജ ക്ടിന്റെ ഭാഗമായി നിർമ്മിച്ച രണ്ടു ഭവനങ്ങളുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 22 | 9:00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.30 am | വാഴേമഠം എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ തിരുഹൃദയസന്ന്യാസിനീസമൂഹാംഗങ്ങളുടെ ജൂബി ലിയിൽ സംബന്ധിച്ച വിശുദ്ധ കുർബാന അർപ്പിച്ചു. |
| 23 | 10:30 am | SABS സന്ന്യാസിനീസമൂഹാംഗങ്ങളുടെ ജൂബിലി യിലും പ്രഥമവ്രതവാഗ്ദാനത്തിലും പങ്കെടുത്തു. |
| | 4.30 pm | അരുവിത്തുറ ഇടവകയിൽ സുറിയാനിയിൽ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| 24 | 9:15 am | കളത്തൂക്കടവ് ഇടവകയിൽ മ്ശംശാന ജോർജ് ആലപ്പാട്ടുകുന്നേലിനു പൗരോഹിത്യപട്ടം നൽകി. |
| | 3: 00 pm | പാലാ കത്തീഡ്രൽ പള്ളിയിൽ കാലം ചെയ്ത ഫ്രാൻസിസ് മാർപാപ്പാ അനുസ്മരണവും ഒപ്പീസ് പ്രാർത്ഥനയും നടത്തി. |
| | 5:00 pm | നീലൂർ ഇടവകദേവാലയത്തിൽ പുതിയതായി നിർ മ്മിച്ച മോണ്ടളത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ ഹിച്ചു. |
| 25 | 9:00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 26 | 9:30 am | മേലുകാവുമറ്റം ഇടവകയിൽ ഫ്രാൻസിസ് മാർപാപ്പാ യുടെ മൃതസംസ്കാരദിനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് ഒപ്പീസ് പ്രാർത്ഥന ചൊല്ലി. |

| | | |
|---|---|---|
| | 11.30 pm | പാദുവ ഇടവകയിൽ ബഹു. ശൗര്യാംകുഴിയിൽ ജോർജച്ചന്റെ ഗോൾഡൻ ജൂബിലിക്ക് ആശംസകൾ അറിയിച്ചു. |
| | 5:00 pm | മൂലമറ്റം ഇടവകയിൽ മച്ചിയാനിക്കൽ മാണിച്ചേട്ടന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് പ്രാർത്ഥന നടത്തി. |
| 27 | 10:00 am | വാഗമൺ കുരിശുമലയിൽ പുതുഞായർ ആചരണത്തിന്റെ ഭാഗമായി വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| 28 | 5: 00 pm | സേവ്യർപുരം ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 29 | 9:00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.30 am | പാലാ അൽഫോൻസാ കോളേജ് പ്രിൻസിപ്പൽ ബഹു. ഷാജി പുന്നത്താനത്തിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു. |
| 30 | 7:00 am | പാലാ കത്തീഡ്രലിൽ രൂപതാവൈദികവിദ്യാർഥികൾക്ക് വൈദികവസ്ത്രവും, കാറോയ - ഹെവ്പ്പദ്യാക്ക്നാപ്പട്ടങ്ങളും നൽകി. |
| | 3.30 pm | കുര്യനാട് അഭിഷേകാഗ്നി സെമിനാരി വിദ്യാർഥികളെ സന്ദർശിച്ചു. |







പാലാ മരിയസദനത്തിലെ പുതിയ ബ്ലോക്കിന്റെ വെഞ്ചരിപ്പുകർമ്മം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



ചേർപ്പുങ്കൽ മാർ സ്ലീവാ നഴ്സിംഗ് കോളേജിന്റെ ബിരുദദാനച്ചടങ്ങിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടൊപ്പം
അധ്യാപകരും വിദ്യാർത്ഥികളും



മാർ സ്ലീവാ മെഡിസിറ്റിയിൽ എൻഡോസ്കോപ്പി വിഭാഗത്തിൽ സ്ഥാപിച്ച ഇ–ബസ് (EBUS - എൻഡോബ്രോങ്കിയൽ അൾട്രാസൗണ്ട്) ആൻഡ് ഇയുഎസിന്റെ (EUS എൻഡോസ്കോപ്പിക് അൾട്രാസൗണ്ട്) ആശീർവാദം നടത്തി. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മുഖ്യകാർമികത്വം വഹിച്ചു.

## ഹോം പാലാ വീടുവെഞ്ചരിപ്പുകൾ മാർച്ച് – ഏപ്രിൽ



ചോലത്തടം



ചോലത്തടം



കാഞ്ഞിരമറ്റം

# ആദരാഞ്ജലികൾ

## ഫാ. കുര്യൻ വലിയമംഗലത്ത്



മിഷനറി സൊസൈറ്റി ഓഫ് സെന്റ് തോമസ് (എം.എസ്.റ്റി.) അംഗം ബഹു. കുര്യൻ വലിയമംഗലത്തച്ചൻ 2025 ഏപ്രിൽ 10 വ്യാഴാഴ്ച നിര്യാതനായി. വലിയമംഗലത്ത് കുര്യൻ - മറിയം ദമ്പതികളുടെ മകനായി 1935 മാർച്ച് 20 ന് കളത്തൂക്കടവിൽ ജനിച്ചു. ബഹു. അച്ചൻ പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം പാലാ രൂപതയുടെ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിലും സേക്രഡ് ഹാർട്ട് സെമിനാരിയിലുമായി പരിശീലനം പൂർത്തിയാക്കി. 1964 മാർച്ച് 11 ന് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ കൈവയ്പിലൂടെ വൈദികനായി അഭിഷിക്തനായി. തുടർന്ന്, ചേർപ്പുങ്കൽ പള്ളിയിൽ (1964 - 66) അസിസ്റ്റന്റ് വികാരിയായും കിഴപറയാർ (1970 - 71) ഉജ്ജെയ്ൻ (1971 - 79) പള്ളികളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. പിന്നീട് 1974 - 77 വരെ വാരണാസിയിലുള്ള ക്രൈസ്റ്റ് പള്ളി ആശ്രമത്തിൽ താമസിച്ചു. 1977 - 78 വരെ ഉജ്ജെയ്ൻ സെമിനാരിയുടെ ആധ്യാത്മികപിതാവായും മേലമ്പാറയുള്ള ദീപ്തി കോളേജിന്റെ റെക്ടറായും സേവനമനുഷ്ഠിച്ചു. ദീപ്തി ഭവൻ (എം.എസ്.റ്റി)യുടെ ഡയറക്ടർ ജനറലായി 1978 - 1988 വരെ സേവനം ചെയ്തു. 1988 ഏപ്രിലിൽ ഉജ്ജെയ്നിലെ ബല്ലുകേദയിലുള്ള മിഷൻ സ്റ്റേഷന്റെ ഇൻചാർജ്ജായി നിയമിക്കപ്പെട്ടു. പിന്നീട് മേലമ്പാറയിലെ ദീപ്തി ഭവനിലേക്ക് തിരിച്ചെത്തി വിശ്രമജീവിതം നയിച്ചുകൊണ്ടിരുന്ന അച്ചൻ 2025 ഏപ്രിൽ പത്താം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.അച്ചന് മൂന്നു സഹോദരന്മാരും (വർക്കി, ജോസഫ്, മത്തായി) ഒരു സഹോദരിയുമാണ് (അന്നക്കുട്ടി) ഉള്ളത്. പ്രൈമറി വിദ്യാഭ്യാസം ഇടമറുക്, പ്ലാശനാൽ എന്നിവിടങ്ങളിൽനിന്നും സെന്റ് തോമസ് കോളേജ്, ക്രിസ്ത്യൻ കോളേജ് ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ കോളേജ് വിദ്യാഭ്യാസവും നടത്തി. എം.എം, പി.എച്ച്.ഡി. കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.



### സി. ബൊനിഫാസി പ്ലാത്തോട്ടത്തിൽ SABS

| | |
|---|---|
| ഇടവക | : മലയിഞ്ചിപ്പാറ |
| ജനനം | : 09.09.1935 |
| നിത്യവ്രതവാഗ്ദാനം | : 22.05.1961 |
| മരണം | : 26.04.2025 |
| മൃതസംസ്കാരം | : നെല്ലിയാനി |

***സേവനമണ്ഡലങ്ങൾ:***

നെല്ലിയാനി, കടുത്തുരുത്തി, കുന്നോന്നി, പൈക, വടകര, കുറുമണ്ണ്, ക്രൈസ്റ്റ് ഹാൾ, പൂവക്കുളം



### സി. മനോജ് കുന്നത്ത് SMS

| | |
|---|---|
| ഇടവക | : ചേരുംകുഴി |
| ജനനം | : 01.05.1954 |
| നിത്യവ്രതവാഗ്ദാനം | : 15.05.1982 |
| മരണം | : 26.04.2025 |
| മൃതസംസ്കാരം | : ളാലം |

***സേവനമണ്ഡലങ്ങൾ:***

മണിയൻകുളം, കൊഴുവനാൽ, ഉജ്ജയ്ൻ മിഷൻ ആഗർ, ജിരാപൂർ, ആഗർ, മഹിത്പൂർ റോഡ്, അൽഫോൻസാ സദൻ മീറജ്, അടാവൽ, ചാവറ ഭവൻ ബാന്തെ, ബാലേശുഗിരി, തിരുവനന്തപുരം, കൂത്താട്ടുകുളം, പാലാ



**സി. ജെയിംസ്‌ലിറ്റ്**
**വെള്ളൂക്കുന്നേൽ FCC**

ഇടവക : ചെമ്മലമറ്റം
ജനനം : 31.01.1949
നിത്യവ്രതവാഗ്ദാനം : 03.05.1975
മരണം : 20.04.2025
മൃതസംസ്കാരം : തിടനാട്

***സേവനമണ്ഡലങ്ങൾ:***
മറ്റക്കര, അരുവിത്തുറ, ചെമ്മലമറ്റം, തീക്കോയി, മണിയംകുന്ന്, കൂട്ടിക്കൽ, ഭരണങ്ങാനം, മലയിഞ്ചിപ്പാറ, വലിയകുമാരമംഗലം



**സി. ആൻസിൽ**
**ഔസേപ്പറമ്പിൽ SABS**

ഇടവക : പ്രവിത്താനം
ജനനം : 07.05.1962
നിത്യവ്രതവാഗ്ദാനം : 04.11.1994
മരണം : 20.04.2025
മൃതസംസ്കാരം : നെല്ലിയാനി

***സേവനമണ്ഡലങ്ങൾ:***
പ്രൊവിൻഷ്യൽ ഫിനാൻഷ്യൽ ഓഫീസർ, അക്കൗണ്ടന്റ്, പ്രൈവറ്റ് സെക്രട്ടറി, സുപ്പീരിയർ



**സി. പീറ്റർ ഞെഴുകുംകാട്ടിൽ SH**

ഇടവക : കരൂർ
ജനനം : 26.08.1931
നിത്യവ്രതവാഗ്ദാനം : 21.05.1956
മരണം : 03.04.2025
മൃതസംസ്കാരം : പാലാ

***സേവനമണ്ഡലങ്ങൾ:***
ചേറ്റുതോട്, രാമപുരം, കുരുവിനാൽ, പൂവത്തോട്, അറക്കുളം, പറത്താനം, മൂലമറ്റം, നീലൂർ, ചക്കാമ്പുഴ



**സി. ജോസിലിൻ മേരി**
**പനയ്ക്കക്കുഴി SH**

ഇടവക : അമ്പാറനിരപ്പേൽ
ജനനം : 30.07.1949
നിത്യവ്രതവാഗ്ദാനം : 15.04.1974
മരണം : 08.04.2025
മൃതസംസ്കാരം : മൂലമറ്റം

***സേവനമണ്ഡലങ്ങൾ:***
വെള്ളിലാപ്പള്ളി, വെള്ളിയാമറ്റം, മേലുകാവുമറ്റം, പയസ്മൗണ്ട്, മൂലമറ്റം, മേരിലാന്റ്, ചേന്നാട്

# വിശുദ്ധവാരതിരുക്കർമ്മങ്ങൾ



















PLATINUM JUBILEE
EPARCHY OF PALAI
1950 - 2025

# പാലാ രൂപത
# മിഷനറി മഹാസംഗമം

St. Augustine's Forane Church Pravithanam
10th May 2025, Saturday
08:00 am - 1:00 pm

08:00 am - രജിസ്ട്രേഷൻ
09:15 am - വിശുദ്ധ കുർബാന
11:15 am - പൊതുസമ്മേളനം
സ്നേഹവിരുന്ന്

*Printed at St.Thomas Press, Palai and Published by Fr. Sebastian Pendanam*